# സുന്നി അഫ്കാർ

2011 ജനുവരി 12 | 07 സ്വഫർ 1432| പുസ്തകം 01 ലക്കം 18

19/പികെ മുഹമ്മദ് സലീം ദാരിമി ചെർള
പ്രമാണങ്ങൾ
തെറ്റിദ്ധാരണകളും വസ്തുതകളും

23/റാശിദ് സികെ കുട്ടശ്ശേരി
മൗലാന മുഹമ്മദലി
മുസ്‌ലിം നേതൃത്വത്തിന്റെ
മഹനീയത

യുവജനോത്സവ കാലത്ത്
സമുദായത്തിന്റെ തീരുമാനം

08



ജംഷീർ പാവണ്ടൂർ

ശൈഖുന കെടി മാനു മുസ്‌ലിയാർ
ജ്ഞാനവിപ്ലവത്തിന്റെ സാരഥി



12

പുത്തനഴി മൊയ്തീൻ ഫൈസി

മൗലാനാ ചീക്കിലോട്ട്
നവോത്ഥാനത്തിന്റെ യുഗപ്പിറവി

15



ഉമർ റഹ്മാനി പുല്ലൂർ

26/പി മുഹമ്മദ് റഹ്മാനി മഞ്ചേരി
ഉമ്മറപ്പടി മാറ്റാതിരിക്കാൻ...

28/ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി
ദുസ്വഭാവിയായ അടിമ
സൽസ്വഭാവിയായ യജമാനൻ

30/ജലീൽ ഫൈസി പുല്ലങ്കോട്
നമ്മുടെ ജീവൻ നമ്മുടേതല്ല

വായനക്കാരുടെ എഴുത്തുകൾ
എഡിറ്റോറിയൽ
വാർത്തകൾ
വിചാരപഥം

**വില 5 രൂപ**

സമസ്താലയം, ചേളാരി
തേഞ്ഞിപ്പലം - 673 636
മലപ്പുറം ജില്ല, കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

**മാനേജിങ് ഡയറക്ടർ** : പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ

**ചീഫ് എഡിറ്റർ**
പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ
**എക്സിക്യൂട്ടീവ് എഡിറ്റർ**
പിപി മുഹമ്മദ് ഫൈസി
**എഡിറ്റർ**
വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഹാജി കെ മമ്മദ് ഫൈസി
**ജനറൽ മാനേജർ**
അബ്ദുസ്സമദ് പൂക്കോട്ടൂർ
**പബ്ലിഷർ**
എംപിഎം അസ്സൻ ശരീഫ് കുരിക്കൾ

**സർക്കുലേഷൻ**
സിപി ഇഖ്ബാൽ
**കവർ**
ശംസീർ
**ലേ-ഔട്ട്**
ഹമീദ് മേൽമുറി

# വായനക്കാരുടെ എഴുത്തുകൾ

കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com



# പ്രകൃതിയെ കൂടെ കൂട്ടുകയാണ് വേണ്ടത്

**സി.ഉമറുൽ ഫാറൂഖ്**
വല്ലപ്പുഴ, പാലക്കാട്

നമ്മുടെ പരിസ്ഥിതിരക്ഷാ പ്രവർത്തനങ്ങൾ വർഷംതോറും നടത്തിവരുന്ന പരിസ്ഥിതിസംരക്ഷണ ചടങ്ങുകളിലൊതുങ്ങിയിരിക്കുന്നു. അവകാശികളെ നാടുകടത്തിയും ജലത്തെ മ്ലേഛമാക്കിയുമല്ല പരിസ്ഥിതി സംരക്ഷിക്കേണ്ടത്. ഭൂമിയുടെ നിലനിൽപ്പിനു തന്നെ അപകടം വരുത്തുന്നവിധമാണ് ആഗോളതാപനം ഉയർന്നുകൊണ്ടിരിക്കുന്നത്. പരിസ്ഥിതിയുടെ സംരക്ഷകരും പാദസേവകരുമായ കർഷകർക്ക് മുന്നിൽ ജീവിതം വഴിമുട്ടുമ്പോൾ ഓരോ ദിവസവും പരിസ്ഥിതിയെ ചൂഷണംചെയ്യലാണ് നടക്കുന്നത്.

ആഗോളീകരണം ആഗോളതാപനത്തിന് വഴിമാറിയപ്പോൾ വനഭൂമികൾ തരിശ്ഭൂമിയും കോൺക്രീറ്റ് ഭൂമിയായും മാറി. സ്വകാര്യ പൊതു വനങ്ങൾ നശിപ്പിക്കുകയും അംബരചുംബികളായ വ്യവസായ കെട്ടിടങ്ങൾ പണിതുയർത്തുകയും ചെയ്തു. വനനശീകരണം നമ്മുടെ സംസ്കാരമാവുമ്പോൾ മലിനീകരണത്തെയും ആവാസവ്യവസ്ഥകൾക്കുണ്ടാകുന്ന നാശത്തെയും കുറിച്ച് നാം ബോധവാൻമാരാവുന്നില്ല. കർഷകന്റെ കുടിലുകൾ തച്ചുതകർത്ത് കൃഷിയിടങ്ങൾ വ്യവസായ കേന്ദ്രമായിമാറ്റുന്ന വിചിത്രമായ പ്രവണതയാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.

പ്രകൃതിയെ നാം ചൂഷണം ചെയ്താൽ പ്രകൃതി തിരിച്ചടിക്കുമെന്നത് വാസ്തവമാണ്. 1999നും 2000നും ഇടയിൽ മൊസാമ്പിയ, ഇന്ത്യ, ബംഗ്ലാദേശ്, സൗത്ത് ഇംഗ്ലണ്ട്, ശ്ലീലങ്ക, വെനിസുല എന്നീ രാഷ്ട്രങ്ങളിലുണ്ടായ വെള്ളപ്പൊക്കവും കെനിയയിലും ഏത്യോപ്യ

യിലും അനുഭവപ്പെട്ട വരൾച്ചയും ചില ഉദാഹരണങ്ങൾ മാത്രമാണ്.

ആഗോളതാപനം ഇന്നു പ്രകൃതിയെ വളരെയധികം ബാധിച്ചിരിക്കുന്നു. കീടനാശങ്ങൾ പുറത്തു വന്ന് പ്രകൃതിയെ അലങ്കോലപ്പെടുത്തി. അനുദിനം ചൂട് വർധിക്കുകയും ചെയ്തു. വികസിത രാജ്യങ്ങളാണ് ഇന്ന് ഏറ്റവും കൂടുതൽ കാർബൺഡൈ ഓക്സൈഡ് പുറത്തുവിടുന്നത്. 1997-ലെ ക്വാട്ടേ ഉടമ്പടി പ്രകാരം വികസിത രാജ്യങ്ങൾ അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡിന്റെ അളവ് കുറക്കേണ്ടതിന്റെ ഗൗരവം മനസ്സിലാക്കി സംസ്കരണത്തിന്റെ തോത് 5.2 ശതമാനം കുറക്കാനുള്ള കരാറിൽ ഒപ്പ് വെച്ചിരുന്നു. എന്നാൽ ഈയിടെ ഡൻമാർക്കിന്റെ തലസ്ഥാനമായ കേപൻഹേഗണിൽ നടന്ന 12 ദിവസത്തെ 192 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത ഉച്ചകോടിയിലെ നിർദേശം ആഗോളതാപനം 2 ഡിഗ്രി സെൽഷ്യസിൽ ഉയരാതെ പരിമിതപ്പെടുത്തുക എന്നായിരുന്നു. 2020 ആകുമ്പോഴേക്കും 1990 ലേതിനേക്കാൾ 25 ശതമാനം കുറക്കുക എന്നും നിർദേശിക്കപ്പെട്ടു. എന്നാൽ ദിനംപ്രതി ആഗോളതാപനം ഉയർന്ന് വരുന്നതാണ് കാണുന്നത്. ഉച്ചകോടികൾ കർശന നിർദേശങ്ങൾ നൽകിയിട്ടും അമേരിക്ക പോലുള്ള അഹങ്കാര രാഷ്ട്രങ്ങൾ വാക്ക് പൂർത്തിയാക്കുന്നില്ല. മാത്രമല്ല, കൽക്കരി പോലോത്ത വസ്തുക്കൾ 10 ശതമാനം വരെ ഉയർത്തി. എന്നാൽ ചൈന പോലോത്ത രാഷ്ട്രങ്ങൾ ഇത് 16.8 ശതമാനം ഉത്പാദനം കുറക്കുകയും ചെയ്തിട്ടുണ്ട്. അന്തരീക്ഷമലിനീകരണത്തിന് മുഖ്യഹേതുവായ കാർബൺഡൈ ഓക്സൈഡിന്റെ 25 ശതമാനവും അമേരിക്കയാണ് ഉത്പാദിപ്പിക്കുന്നത്. എന്നിട്ടും ഇവർ തന്നെയാണ് ഉച്ചകോടികളിൽ മുൻസീറ്റിൽ സ്ഥാനം പിടിക്കുന്നത്.

പരിസ്ഥിതിയുടെ അവിഭാജ്യഘടകമാണ് വനങ്ങൾ. ഇന്ന് ലോകത്തു നിന്ന് തന്നെ അവ നശിച്ചു കൊണ്ടിരിക്കുകയാണ്. മനുഷ്യോൽപത്തി മുതൽ പരിസ്ഥിതിക്കു മീതെയുള്ള മനുഷ്യന്റെ കയ്യേറ്റം തുടങ്ങിയിട്ടുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ മഴക്കാടായ ആമസോണിനെ കൊന്നുകൊണ്ടിരിക്കുകയാണ് ആഗോളതാപനം. ഇതേ രീതിയിൽ പോയാൽ നൂറ്റാണ്ടിനുള്ളിൽ ആമസോൺ കാടുകളിൽ നിന്ന് 80 ശതമാനവും അപ്രത്യക്ഷമാവും. സൈലന്റ്‌വാലിയുടെയും അവസ്ഥ ഇതുതന്നെ. അപ്പോൾ അതിലെ മൃഗങ്ങളെ കുറിച്ച് പറയാതിരിക്കുകയാകും ഭേദം.

ഈ വനനശീകരണം കാരണത്താൽ തന്നെ ഇന്നത്തെ ആഗോളതാപനം വർധിച്ചു. കഴിഞ്ഞ ഈ ദശാബ്ദക്കാലത്തിനുള്ളിൽ ആഗോളതാപനം വലിയതോതിൽ ഉയർന്നിട്ടുണ്ട്. (0.6 ഡിഗ്രി സെന്റിഗ്രേഡ്) 1998 മുതൽ 2008 വരെ ലഭിച്ചിരുന്ന മഴ ഇപ്പോൾ ലഭ്യമല്ല. നമ്മുടെ കേരളത്തിൽ കൃഷികുറഞ്ഞു. വനപ്രദേശങ്ങൾ വെട്ടിനശിപ്പിച്ചു. സംസ്ഥാനം രൂപീകൃതമായ സമയത്ത് കേരളത്തിലെ നെൽപാടങ്ങളുടെ വിസ്തൃതി 7.67 ലക്ഷം ഹെക്ടർ ആയിരുന്നു. 50 വർഷങ്ങൾക്ക് ശേഷം ഇത് 2.76 ലക്ഷം ഹെക്ടറായി കുറഞ്ഞു. ഇതിന്റെ ഉത്തരവാദിത്വം കേരളത്തിലെ ഓരോ വ്യക്തിക്കുമുണ്ട്. 1958-ൽ കേരളത്തിലെ ചതുപ്പുകളും പുൽമേടുകളും പാറക്കെട്ടുകളും സംസ്ഥാന വിസ്തൃതിയുടെ 6.4 ശതമാനം ആയിരുന്നു. 2007 ആയപ്പോൾ 0.691 ശതമാനമായി കുറയുകയും ചെയ്തു. ഇതാണ് കേരളത്തിന്റെ അവസ്ഥ.

പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം എന്ന പേരിൽ നഗ്നമായി പരിസ്ഥിതിയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ് കേരളത്തിലുടനീളം. ഭൂമിയുടെ വൃക്കകൾ എന്നറിയപ്പെടുന്ന കണ്ടൽകാടുകളാണ് ഇതിന്റെ ഒരു ഇര.

പശ്ചിമബംഗാളിൽ സ്ഥിതി ചെയ്യുന്ന കണ്ടൽകാടാണ് ഇന്ത്യൻ സുന്ദർബൻസ്. ഇത് 2,11,800 ഹെക്ടർ സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ കണ്ടൽകാട് തമിഴ്നാട്ടിലെ വനംവകുപ്പിന്റെ കീഴിലുള്ള വിച്ചാവരമാണ്. എന്നാൽ കേരളത്തിലെ അവസ്ഥ പരിതാപകരമാണ്. 88 ശതമാനം വരുന്ന കണ്ടൽ കാടുകളും സ്വകാര്യ വ്യക്തികളുടെയും വ്യവസായ കേന്ദ്രങ്ങളുടെയും കീഴിലാണ്. എന്തു കൊണ്ട് ഇത് സ്വകാര്യവത്കരിക്കപ്പെട്ടു? തീർത്തും കേരള സർക്കാറിന്റെയും കുത്തകകളുടെയും കുടില തന്ത്രങ്ങൾ തന്നെ.

ഒരു ദിവസം മുഴുവൻ ചെലവഴിക്കാവുന്ന ബോട്ടുകളിൽ കിടപ്പുമുറി, ഭക്ഷണശാല, ടോയ്‌ലെറ്റുകൾ എന്നിവയുണ്ടാകും. ഇവയിൽനിന്നായി ശരാശരി 3.4 കിലോഗ്രാം ജൈവമാലിന്യങ്ങൾ കായലിൽ തള്ളുന്നുണ്ട്. ഇന്ധനമായി ഉപയോഗിക്കുന്ന പെട്രോളിയം ഹൈഡ്രോകാർബണുകൾ വെള്ളത്തിൽ കലരുന്നതുമൂലം മനുഷ്യർ കുളിക്കുമ്പോഴും പാത്രം കഴുകുമ്പോഴും അതിൽ കീടനാശങ്ങൾ പറ്റിക്കൂടുന്നു. അതിലേറെ മത്സ്യങ്ങൾ ചത്ത് നശിക്കുന്നു. ഇതിനെത്തുടർന്ന് വേമ്പനാട്ടുകായൽ പോലുള്ള ചില പുഴകളിലും കായലുകളിലും കീഴിൽ കുമരകത്തു മത്സ്യസമ്പത്ത് നേരത്തേയുള്ളതിന്റെ എട്ട് ശതമാനം മാത്രമെന്ന് പറയുന്നു. 1980-കളിൽ പ്രതിവർഷം 7200 ടൺ ആയിരുന്നു മത്സ്യോത്പാദനം. 2008 ആയപ്പോൾ ഇത് 548 ടൺ ആയി കുറഞ്ഞു. 160 വ്യത്യസ്ത മത്സ്യ ഇനങ്ങളുണ്ടായത് അമ്പത് ആയി. ഇങ്ങനെ കടുവകൾ, വാൽകുരങ്ങ് സിംഹങ്ങൾ തുടങ്ങി ഒരുപാട് മൃഗങ്ങളും വംശനാശത്തിന് ഇരയായിരിക്കുന്നു.

പ്രകൃതിക്കും വനത്തിനും നിലനിൽക്കാൻ അത്യാവശ്യമാണ് വെള്ളം. വെള്ളത്തിന്റെ അനർഹമായ ഉപയോഗങ്ങൾ നാൾക്കുനാൾ കൂടിവരുകയാണ്. ലോകത്തിലെ 97.5 ശതമാനം അനർഹമായ ഉപയോഗങ്ങൾ കൂടിവരികയാണ്. ലോകത്തിലെ 97.5 ശതമാനം സമുദ്രത്തിലാണ്. ബാക്കിയുള്ള 2.5 ശതമാനത്തിൽ 1.9 ശതമാനവും ഹിമപാളികളായതിനാൽ നേരിട്ട് ഉപയോഗിക്കാൻ കഴിയുന്നില്ല. എന്നിട്ടും അമ്യൂസ്മെന്റ് പാർക്കുകളിൽ ഒരു ദിവസം ലക്ഷക്കണക്കിന് ലിറ്റർ വെള്ളമാണ് ദുരുപയോഗം ചെയ്യപ്പെടുന്നത്.

## വായനക്കാരുടെ എഴുത്തുകൾ

# പ്രമേയങ്ങളിലൊതുങ്ങരുത്

**മുഹമ്മദലി കെപി പേലേപ്പുറം**
ദാറുൽഹുദ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി, ചെമ്മാട്

**ഭീ**കരതക്കെതിരെ ശക്തമായ മുന്ന റിയിപ്പുമായി കോൺഗ്രസ് പ്ലീനറി സമ്മേളനം സമാപിച്ചു. ഹിന്ദുത്വ ഭീകരതയെ ശക്തമായി നേരിടാനാണ് കോൺഗ്രസ് സമ്മേളനത്തിന്റെ തീരുമാനം. രാജ്യം ഭരിച്ചു കൊണ്ടിരിക്കുന്ന മുഖ്യകക്ഷി എന്ന നിലക്ക് കോൺഗ്രസിന്റെ ഈ തീരുമാനത്തിൽ അൽപമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ മുസ്‌ലിം സമുദായത്തിന് ആശ്വസിക്കാം.

'ഒരു സമുദായം അക്രമാസക്തമായി സംഘടിക്കുകയും അന്യസമുദായത്തിനുമേൽ ആധിപത്യം ചെലുത്താൻ ശ്രമിക്കുകയും' ചെയ്യുമ്പോഴാണ് വർഗീയത ഉണ്ടാകുന്നതെന്ന് പറഞ്ഞത് ഗാന്ധിജിയാണ്. ഇന്ത്യൻ സ്വാതന്ത്ര്യത്തിന് ആറു മാസം പോലും പ്രായമാകുന്നതിനു മുമ്പ് ആ സ്വാതന്ത്ര്യത്തിനുവേണ്ടി ഏറ്റവും കൂടുതൽ ത്യാഗം ചെയ്ത ആ മഹാത്മാവിന്റെ മാറിടത്തിലേക്ക് നിറയൊഴിച്ച സംഘപരിവാര കുബുദ്ധികൾ തന്നെയാണ് നമ്മുടെ രാജ്യത്തിന് ഇന്നും ഭീഷണി. മുസ്‌ലിം സമുദായത്തോട് കൂടുതൽ അനുഭാവം പുലർത്തി എന്ന കാരണംപറഞ്ഞാണ് ഗോഡ്സേ അന്ന് ഗാന്ധിജിയെ വധിച്ചത്. പിന്നീടിങ്ങോട്ട് ഭാരതം പിന്നിട്ട ഓരോ വർഷങ്ങളിലും വർഗീയക്കോമരങ്ങൾ കലപിലകൂട്ടിക്കൊണ്ടിരുന്നു. രാജ്യത്തെ ഞെട്ടിച്ച നൂറുക്കണക്കിന് സ്ഫോടന പരമ്പരകളിൽ ആയിരക്കണക്കിന് നിരപരാധികൾ കൊല്ലപ്പെട്ടു. ഇതിനു ഉത്തരവാദികളായവർ അധികാരികളുടെ മൂക്കിനു താഴെ വിലസുമ്പോഴും അതിന്റെ പേരിൽ ഒരു കൂട്ടം നിരപരാധികൾ നിരന്തരം പീഡിപ്പിക്കപ്പെടുന്നു. അവരുടെ സമുദായത്തെ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്തുകയും തീവ്രവാദികളായി മുദ്രകുത്തുകയും ചെയ്തു. മുംബൈ ഭീകരാക്രമണത്തിലൂടെ ഐ.ടി.എസ്. മേധാവി ഹേമന്ദ് കർക്കറെ കൊല്ലപ്പെട്ടത് എങ്ങനെയാണെന്നു വ്യക്തമാക്കാനാകാതെ മുംബൈ പോലീസ് വിയർക്കുകയാണ്. കർക്കറയെ വധിച്ചത് അജ്മൽ കസബും അബു ഇസ്മാഈലുമാണെന്ന് പറയുമ്പോഴും ഇത് ദൃഢീകരിക്കുന്ന തെളിവുകളൊന്നും പോലീസിന്റെ പക്കലില്ല.

ഇപ്പോഴും തീ തിന്നുകൊണ്ടിരിക്കുന്ന സമുദായമാണെങ്കിലും കോൺഗ്രസിന്റെ നിലപാട് മുസ്‌ലിം സമുദായത്തിന് പ്രതീക്ഷക്ക് വക നൽകുന്നതാണ്. രാജ്യത്ത് നടക്കുന്ന ഭീകരതയുടെ സമ്പൂർണ്ണ ഉത്തരവാദിത്വം മുസ്‌ലിംകളുടെ തലയിൽ വച്ച് മാന്യന്മാരാകാനാണ് ബി.ജെ.പി. ശ്രമിക്കുന്നതെന്ന് സമ്മേളനപ്രമേയത്തിൽ പറയുന്നുണ്ട്. ആദ്യമായിട്ടാണ് ഇത്ര ശക്തമായ ഭാഷയിൽ സംഘ്പരിവാരത്തിനെതിരെ കോൺഗ്രസ് രംഗത്തുവരുന്നത്.

ലഷ്കറെ തൊയ്ബയെക്കാളും ഇന്ത്യക്ക് ഭീഷണി ഹൈന്ദവ തീവ്രവാദമാണെന്ന് വിക്കിലീക്സ് പുറത്തു വിട്ട രാഹുൽഗാന്ധിയുടെ വാക്കുകളും യാഥാർത്ഥ്യം തിരിച്ചറിഞ്ഞതു കൊണ്ടാണ്. രാഹുൽ വാദിക്കുന്നത് പാക്കിസ്ഥാനു വേണ്ടിയാണെന്ന ബി.ജെ.പി. നേതാക്കളുടെ പ്രസ്താവന രാഷ്ട്രീയ പകപ്പോക്കലായേ കാണാൻ പറ്റൂ.

മക്ക മസ്ജിദ്, അജ്മീർ, മലേഗാവ് തുടങ്ങി നിരവധി സ്ഫോടനങ്ങളിൽ ഹിന്ദുത്വ തീവ്രവാദികളുടെ പങ്ക് പകൽപോലെ വ്യക്തമായിട്ടും നടപടിയെടുക്കാൻ അറച്ചുനിന്ന യു.പി.എ. സർക്കാറിനും നയിക്കുന്ന കോൺഗ്രസിനും വൈകിയുദിച്ച വിവേകം ഇന്ത്യയിലെ ന്യൂനപക്ഷസമൂഹം പ്രത്യാശയോടെയാണ് കാണുന്നത്.

ഇന്ത്യയെ ശക്തമാക്കിയ സ്ഫോടന പരമ്പരകളെ കുറിച്ച് നിഷ്പക്ഷമായൊരു അന്വേഷണം നടത്തിയാൽ രാഹുലും കോൺഗ്രസും കണ്ടതിനേക്കാൾ ഭീകരമാണ് കാവിഭീകരതയെന്ന് വ്യക്തമാവും.

# അരികുവത്കരിക്കപ്പെട്ടവർക്ക് പിന്തുണ

**ലോ**കത്ത് എല്ലാവരും സമ്പന്നരാകുക എന്നപോലെ എല്ലാവരും ദരിദ്രരാകുക എന്നതും ബുദ്ധിയല്ല. രണ്ടും സന്തുലിതമായ ലോകക്രമത്തിന്റെ ഭാഗമാണ്. എപ്പോഴും ഒന്ന് മറ്റൊന്നിനോട് പരസ്പരം ബന്ധപ്പെട്ടു ജീവിക്കുന്നു. എന്നിട്ടുമെന്തേ നമ്മുടെ എല്ലാ ചുറ്റുപാടുകളിൽ നിന്നും നമ്മൾ ഈ പാവങ്ങളെ അരികുനിർത്തുന്നു?

സമൂഹത്തിലെ പാവങ്ങളെ കൊണ്ടാണ് നാട്ടിലെ പ്രമാണിമാർ ജീവിച്ചുപോകുന്നതെന്ന് തിരുവാക്യങ്ങളിൽ കാണാം. പാവങ്ങളുടെ തെളിമയും നന്മയും വഴിയാണ് ഭൂമിയിൽ വസന്തം വിരുന്നിനുവരുന്നത്. പൊടി പുരണ്ടവന്റെ അകശുദ്ധിയുടെയത്ര വരില്ല ഇസ്തിരിയിട്ടവന്റെ മേനിയഴകെന്നത് നമ്മുടെയൊക്കെ അനുഭവമാണ്.

'മുടി ജഡകുത്തിയ, പൊടി പുരണ്ട, ഉമ്മരപ്പടിയിൽ അവഗണിക്കപ്പെടുന്ന എത്രയാളുകൾ, അവർ അല്ലാഹുവിന്റെമേൽ സത്യം ചെയ്തു പറഞ്ഞാൽ തീർച്ചയായും അതു സാധിച്ചെടുക്കുമെന്ന്' തിരുനബി(സ) പറഞ്ഞിട്ടുണ്ട്. അവഗണിക്കാനാവാത്ത ഉൾക്കനമാണ് പുറമേക്ക് പാവമെന്ന് തോന്നുന്നവർ ഒരുക്കിവച്ചിരിക്കുന്നതെന്നാണ് തിരുവാക്യത്തിന്റെ അർത്ഥം.

നമ്മുടെ എല്ലാ അജണ്ടകളും പാവങ്ങളെ പരിഗണിച്ചുകൊണ്ടായിരിക്കണമെന്നാണ് മതത്തിന്റെ താൽപര്യം. ജീവിതത്തിന്റെയും മതത്തിന്റെ തന്നെയും കലർപ്പില്ലാത്ത പ്രതിനിധാനങ്ങൾ പാവങ്ങളും സാധാരണക്കാരുമാണ്. ജീവിതത്തിന്റെ പച്ചയാഥാർത്ഥ്യങ്ങൾ തൊട്ടറിഞ്ഞവരെ എത്ര പരിഷ്കൃത പരിസരങ്ങളിലും നാം കൂടെ കരുതണം. പാർശ്വവത്കരിക്കപ്പെട്ടവരിൽനിന്ന് നബിയേ, അങ്ങയുടെ കണ്ണു വലിക്കരുതെന്ന് ഖുർആൻ തിരുനബി(സ)യെ ഉപദേശിക്കുന്നുണ്ട്.

നമ്മുടെ എല്ലാ അജണ്ടകളും പാവങ്ങളെ പരിഗണിച്ചുകൊണ്ടായിരിക്കണമെന്നാണ് മതത്തിന്റെ താൽപര്യം. ജീവിതത്തിന്റെയും മതത്തിന്റെ തന്നെയും കലർപ്പില്ലാത്ത പ്രതിനിധാനങ്ങൾ പാവങ്ങളും സാധാരണക്കാരുമാണ്. ജീവിതത്തിന്റെ പച്ചയാഥാർത്ഥ്യങ്ങൾ തൊട്ടറിഞ്ഞവരെ എത്ര പരിഷ്കൃത പരിസരങ്ങളിലും നാം കൂടെ കരുതണം

ശരീരത്തിന്റെ സാധുത്തമല്ല, പാവമായ മനസ്സാണ് പ്രധാനമായും പരിഗണിക്കാവുന്ന നന്മ. മനസ്സുവച്ചാൽ അത് ഏതൊരാൾക്കും നേടിയെടുക്കാവുന്നതേയുള്ളൂ. 'അല്ലാഹുവെ, എന്നെ സാധുവായി ജീവിപ്പിക്കുകയും സാധുവായി മരിപ്പിക്കുകയും ചെയ്യേണമേ' എന്നായിരുന്നു തിരുനബി(സ)യുടെ എപ്പോഴുമുള്ള പ്രാർത്ഥന.

ഇവിടെ അൽപം കഷ്ടപ്പാടു വന്നാലും പരലോകത്ത് പാവങ്ങൾക്കാണ് കാര്യം. സ്വർഗവും നരകവും തമ്മിൽ സംവാദത്തിലേർപ്പെട്ടു പറയുന്ന ഒരു ഹദീസ് ഇങ്ങനെയാണ്: നരകം പറഞ്ഞു: "എന്നിലാണ് ഗർവും ഗരിമയുമുള്ളവർ." സ്വർഗം പറഞ്ഞു: "എന്നിൽ സമൂഹത്തിലെ പാവങ്ങളും സാധുക്കളും."

-എഡിറ്റർ

# യുവജനോത്സവ കാലത്ത് സമുദായത്തിന്റെ തീരുമാനം



പ്രധാന സ്റ്റോറി

**▶▶ജംഷീർ പാവണ്ടൂർ**

മനുഷ്യന്റെ പ്രത്യേകിച്ച് മലയാളിയുടെ ജീവിതത്തെ നിർണ്ണയിക്കുന്നത് വിവിധ ആഘോഷങ്ങളും ആണ്ടറുതികളിൽ മുറതെറ്റാതെ നടന്നുവരുന്ന ഉത്സവങ്ങളും നാട്ടുനടപ്പ് ആചാരങ്ങളുമാണ്. മകരക്കൊയ്ത്ത്, ഇടവപ്പാതി, തുലാവർഷം, കർക്കട വിളവെടുപ്പ്.... ഇങ്ങനെ വർഷത്തിനിടയിൽ പല സന്ദർഭങ്ങളിലായി കടന്നുവരുന്ന പ്രത്യേക ദിനങ്ങളും ഉത്സവങ്ങളും ആചാരങ്ങളും മലയാളി കർഷകന്റെ ജീവിതദിശയെ നിർണ്ണയിക്കുന്നു. സർക്കാർ ജോലിക്കാരായാലും കൂലിപ്പണിക്കാരനായ സാധാരണക്കാരനായാലും ഇപ്രകാരം 'മുഹൂർത്തങ്ങളും' ആഘോഷങ്ങളുമായി ഓരോ മലയാളിയുടെയും ഒരു വർഷം അറിഞ്ഞും അറിയാതെയും കടന്നുപോകുന്നു.

പറഞ്ഞുവരുന്നത് ഒരു ശരാശരി മലയാളിയുടെ ജീവിതത്തെ സജീവമായി ബാധിക്കുന്ന ആഘോഷങ്ങൾക്കപ്പുറം അർത്ഥമുള്ള കലോത്സവത്തെക്കുറിച്ചാണ്. കൗമാരക്കാരും യുവജനങ്ങളും വിദ്യാർത്ഥികളുമെന്നല്ല മധ്യവയസ്കരായ രക്ഷിതാക്കളും വാർധക്യത്തിന്റെ അങ്ങേത്തലക്കലെത്തിയ വല്ല്യുപ്പമാരും കുതികാൽ വെട്ടിയും ചവിട്ടുനാടകം കളിച്ചും രംഗം കൊഴുപ്പിക്കുന്ന കലാമേളകളെ എങ്ങനെ യുവജനോത്സവമെന്നു വിളിക്കുമെന്ന ചോദ്യം പ്രസക്തമാണെങ്കിലും ഈ പേരിനു തന്നെയാണ് പ്രചുരപ്രചാരവും ഔദ്യോഗികഭാഷ്യവുമുള്ളത്. മലയാളിവിദ്യാർത്ഥിയുടെ വിദ്യാഭ്യാസ, സാമൂഹിക ജീവിതത്തെ ബാധിക്കുന്ന ജീവിതദിശാസൂചികയാണ് ഇന്ന് കലോത്സവങ്ങൾ. അധ്യയന വർഷം തുടങ്ങി പഠനസപര്യനീണ്ടുനിവർന്നു തുടങ്ങുമ്പോഴേക്ക് സ്കൂൾ കലോത്സവങ്ങളുടെ രഥോത്സവം തുട

ങ്ങുകയായി. സബ്ജില്ലയും ജില്ലയും സംസ്ഥാനവുമൊക്കെയായി സംഗതി ഒരു കോലത്തിലാവുമ്പോഴേക്ക് വാർഷികപ്പരീക്ഷയുടെയും മധ്യവേനല വധിയുടെയും കൊട്ടും കുരവയും ഉയ രുകയായി. പരിശീലനങ്ങളും ഒരുക്ക ങ്ങളും ട്രയൽമേളകളും അർധരാത്രി വരെ നീളുന്ന മോഹിനിയാട്ട, കുച്ചുപ്പു ടി, മാപ്പിളപ്പാട്ട് കോച്ചിംഗ് മുറകളു മൊക്കെയായിട്ടാണ് ഒരു അധ്യയന വർഷത്തിന്റെ സമാരംഭമെങ്കിൽ പരീ ക്ഷത്തലേന്ന് വരെ ഹൃദയമാപിനികളെ പ്രകമ്പനം കൊള്ളിക്കുന്ന ഒച്ചപ്പാടി ന്റെയും കൈയ്യടിയുടെയും രാത്രിമേളക ളോടെ അധ്യയന വർഷം അവസാനി ക്കുകയും ചെയ്യുന്നു.

എല്ലാം ആഗോളവത്കരിക്കപ്പെടു കയും പാശ്ചാത്യവത്കരിക്കപ്പെടു കയും ചെയ്തുകൊണ്ടിരിക്കുന്ന കാലത്ത് ഈ കലകളും കലോത്സവ ങ്ങളും എപ്രകാരമൊക്കെ ഒഴുക്കിനനു സരിച്ച് നീന്തിക്കൊണ്ടിരിക്കുന്നു എന്ന അന്വേഷണം എന്തുകൊണ്ടും അനി വാര്യമാണ്. പ്രത്യേകിച്ച്, ജീവിത ത്തിന്റെ ദർശനങ്ങളോരോന്നും ദൈവിക പ്രീതിയുടെ മാർഗരേഖയിലൂ ടെയാവണം എന്ന് സിദ്ധാന്തിക്കുന്ന ഇസ്‌ലാമിന്റെ അനുയായികൾക്ക്. എന്നാൽ, മതസ്വാധീനങ്ങളെ ജീവിത സാഹചര്യങ്ങളിൽനിന്ന് പടിയടച്ച് പിണ്ഡംവെക്കാൻ വെപ്രാളപ്പെട്ടുകൊ ണ്ടിരിക്കുന്ന ആധുനികതയുടെ മസ്തിഷ്ക പ്രക്ഷാളനം സംഭവിച്ച ജനതയിൽ, കുത്താൻ വരുന്ന പോത്തിനു മുമ്പിൽ വേദമോതുന്ന പ്രതീതി മാത്രമേ ഈവക ഗിരിപ്രഭാഷ ണങ്ങൾ സൃഷ്ടിക്കുകയുള്ളൂ എന്നത് പ്രത്യേകം സ്പഷ്ടമാണ്.

### കലകളുടെ മതപക്ഷം

സർവ്വകലകളെയും സർഗവാസന കളെയും പ്രോത്സാഹിപ്പിച്ച മതമാണ് ഇസ്‌ലാം. മാനുഷിക വികാരങ്ങളുടെ പ്രകടനപരതക്ക് അതിർത്തിയും നിയ ന്ത്രണ രേഖയും നിർണയിക്കുന്ന വിശുദ്ധ ഖുർആനും പ്രവാചകാധ്യാപ നങ്ങളും സർഗശേഷിയെ കൂമ്പടക്കണ മെന്നും മുളയിലെ നുള്ളിക്കളയണ മെന്നും ആജ്ഞാപിക്കുന്നില്ല. മറിച്ച്, മറ്റെല്ലാ രംഗങ്ങളെയും പോലെ കലാ സാഹിത്യ ഭൂമികയും മൂല്യങ്ങളിലധി ഷ്ഠിതമായിരിക്കണമെന്നും ധർമ്മപ്ര ഘോഷം നടത്തുന്നതായിരിക്കണ മെന്നും ഇസ്‌ലാം നിഷ്കർഷിക്കുന്നു. കലാരംഗത്തു മാത്രമല്ല, സർവ്വ മേഖല കളിലും ഇസ്‌ലാമിക അധ്യാപനം ഇവ്വിധമാണ്. എല്ലാ വിജ്ഞാനങ്ങ ളെയും പ്രോത്സാഹിപ്പിച്ച പ്രവാച കൻ(സ) തന്നെയാണ് മാരണ വിജ്ഞാ നത്തെയും ജാഹിലിയ്യത്തിന്റെ പ്രതി ലോമകരമായ അന്ധവിശ്വാസ പഠന ത്തെയും നഖശിഖാന്തമെതിർത്തത്. പരലോകത്ത് ഉപകാരപ്പെടാത്ത വിജ്ഞാനത്തിൽ നിന്ന് പ്രവാചകൻ എപ്പോഴും കാവൽ ചോദിക്കാറുണ്ടായി രുന്നു.

ളെയും സാഹിത്യങ്ങളെയും സർഗപ്ര വർത്തനങ്ങളെയും നാം 'സമയം കൊല്ലി'കളുടെ ഗണത്തിൽ പെടുത്തു ന്നു.

സമയത്തിന് മറ്റെന്തിനേക്കാളും വിലകൽപ്പിക്കുന്ന ഇസ്‌ലാം കലയും സാഹിത്യവും സ്വീകാര്യവും അസ്വീകാ ര്യവുമാണെന്ന് നിർണയിക്കുന്നത് സമ യത്തിന്റെ വിലയുമായി ബന്ധപ്പെട്ടാ ണ്. സമയത്തെ ഇസ്‌ലാം പ്രൗഢോ ന്നത സ്ഥാനത്താണ് പ്രതിഷ്ഠിക്കുന്ന ത്. അതിന്റെ മൂല്യവും വിലയും നിസ്സീ മമാണെന്നും പരിധിനിശ്ചയിക്കാനോ അളന്നു തിട്ടപ്പെടുത്താനോ ആവാത്ത വിധം അതിന് അർത്ഥവ്യാപ്തിയു ണ്ടെന്നും ഖുർആനിക വചനങ്ങളും പ്രവാചകാധ്യാപനങ്ങളും പഠിപ്പിക്കു ന്നു. പ്രവാചകൻ(സ) പറഞ്ഞു: "ജന ങ്ങളിലധിക പേരും വഞ്ചിതരാകുന്ന രണ്ടു വലിയ അനുഗ്രഹങ്ങളാണ് ആരോഗ്യവും ഒഴിവുസമയവും."(ബു ഖാരി) സമയത്തിന്റെ മൂല്യവും വിലയുമാണ് ഈ പ്രവാചകവചനം പഠിപ്പിക്കുന്നത്. ഇവിടെ, 'ഫറാഗ്' എന്ന ഹദീസ് വചനത്തിന് ഒഴിവുസമ യമെന്നാണ് പലരും സാധാരണയായി അർത്ഥകൽപന നൽകാറുള്ളത്. എന്നാൽ നിരുപാധികം സമയമെ ന്നാണ് ഇതിന് അർത്ഥം നൽകേണ്ടത്. കാരണം, ഒഴിവുസമയമെന്നു പറയു മ്പോൾ അതിന്റെ പ്രാധാന്യവും വിലയും ചോർന്നുപോകുന്നു. ഗർഭപാ ത്രത്തിൽ അന്തേവാസിയായതു മുതൽ മരണം വരെയുള്ള സമയമാണ് ഇതു

**മലയാളിവിദ്യാർത്ഥിയുടെ വിദ്യാഭ്യാസ, സാമൂഹിക ജീവിതത്തെ ബാധിക്കുന്ന ജീവിതദിശാസൂചികയാണ് ഇന്ന് കലോത്സവങ്ങൾ. അധ്യയന വർഷം തുടങ്ങി പഠനസപര്യനീണ്ടുനിവർന്നു തുടങ്ങുമ്പോഴേക്ക് സ്കൂൾ കലോത്സവങ്ങളുടെ രഥോത്സവം തുടങ്ങുകയായി. സബ്ജില്ലയും ജില്ലയും സംസ്ഥാനവുമൊക്കെയായി സംഗതി ഒരു കോലത്തിലാവുമ്പോഴേക്ക് വാർഷികപ്പരീക്ഷയുടെയും മധ്യവേനലവധിയുടെയും കൊട്ടും കുരവയും ഉയരുകയായി**

### 'സമയം കൊല്ലി'കൾ പുറത്തുതന്നെ

'സമയം കൊല്ലി' എന്ന പദപ്ര യോഗം നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്. വിശ്വാസികളും അവിശ്വാസി കളും ഈ പദം സന്ദർഭാനുസരണം ഉപയോഗിക്കുന്നു. ഉപയോഗിക്കുന്ന സാഹചര്യത്തിനും വ്യക്തിയുടെ വീക്ഷണത്തിനുമനുസരിച്ച് പദത്തിന്റെ അർത്ഥവും വ്യാപ്തിയും വ്യത്യാസ പ്പെടുമെന്നു മാത്രം. ഇഹലോകത്താവ ട്ടെ, പരലോകത്താവട്ടെ... മനുഷ്യന് യാതൊരു ഉപകാരവുമില്ലാത്ത കാര്യ ങ്ങളെ നാം 'സമയം കൊല്ലി'കളുടെ ഗണത്തിൽപെടുത്തുന്നു. വ്യക്തിജീവി തത്തിലും സ്വഭാവസംസ്കരണത്തിലും വിജ്ഞാനസമ്പാദനത്തിലും യാതൊരു സംഭാവനയും സ്വാധീനവും പുരോഗ തിയും സൃഷ്ടിക്കാത്ത സകല കലക

കൊണ്ടർത്ഥമാക്കുന്നത്.

സമയം അമൂല്യമാണെന്നും സമയം കൊല്ലിയായ ഒരു പ്രവർത്തനത്തെയും (കലാപ്രകടനങ്ങളാവട്ടെ, സർഗാവിഷ്കാരങ്ങളാകട്ടെ) ഇസ്‌ലാം അനുവദിക്കില്ലെന്നും വിശുദ്ധ ഖുർആനിലെ അസ്വ്ർ അധ്യായത്തിന്റെ ആന്തരികാർത്ഥവും നമ്മെ പഠിപ്പിക്കുന്നു.

“കാലമാണ് സത്യം. തീർച്ചയായും മനുഷ്യൻ മഹാനഷ്ടത്തിലാകുന്നു. വിശ്വസിക്കുകയും സുകൃതങ്ങളാചരിക്കുകയും അന്യോന്യം സത്യമുൽബോധിപ്പിക്കുകയും ക്ഷമ ഉപദേശിക്കുകയും ചെയ്തവരൊഴികെ.” (സൂറത്തുൽ അസ്വ്ർ)

ഈ അധ്യായത്തിൽ വിശുദ്ധഖുർആൻ സമയത്തെ ചൂണ്ടിയാണ് സത്യം ചെയ്തു സംസാരിക്കുന്നത്. വിവിധ സൂക്തങ്ങളിൽ ഖുർആൻ ഇത്തരുണത്തിൽ തന്റെ സൃഷ്ടിജാലങ്ങളെ സത്യം ചെയ്തു കാര്യങ്ങളവതരിപ്പിക്കുന്നുണ്ട്. സമയത്തിന്റെ ശ്രേഷ്ഠതയിലേക്കും പ്രാധാന്യത്തിലേക്കുമാണ് ഖുർആനിന്റെ ഈ സത്യം ചെയ്യൽ വിരൽചൂണ്ടുന്നത്.

മനുഷ്യകുലം മഹാനാശത്തിന്റെ പടുകുഴിയിലേക്ക് തള്ളപ്പെടുമെന്ന് പറയുന്ന ഖുർആൻ അതിന്റെ കാര്യകാരണത്തിലേക്ക് സൂചന നൽകാനാണ് ‘സമയം’ കൊണ്ട് സത്യം ചെയ്യുന്നത്. സമയത്തിന്റെ മൂല്യം മനസ്സിലാക്കാത്തതാണ് അവന്റെ നാശത്തിന്റെ ഹേതു. സമയമാണ് മൂലധനം. മൂലധനത്തെക്കാൾ കച്ചവട വസ്തു കുറയുമ്പോൾ കച്ചവടത്തിൽ വൻ പരാജയം സംഭവിക്കുന്നു.

അതുകൊണ്ടുതന്നെ സമയം കൊല്ലിയായ സാഹിത്യ സൃഷ്ടിയോ കലാപ്രകടനമോ ഇസ്‌ലാം അനുവദിക്കുകയില്ല. യഥാർത്ഥ കലാസൃഷ്ടിയുടെ ലക്ഷ്യം മനുഷ്യന് സമയത്തിന്റെ വില മനസ്സിലാക്കി കൊടുക്കലായിരിക്കണം. ലോകത്ത് അവതീർണ്ണമായ നാലു ദൈവിക ഗ്രന്ഥങ്ങളുടെയും നൂറ് ഏടുകളുടെയും അവതീർണ്ണലക്ഷ്യം തന്നെ മനുഷ്യനെ സമയം വെറുതെ നശിപ്പിക്കരുതെന്ന് പഠിപ്പിക്കലായിരുന്നു. വഹ്‌യിന്റെ ഏകരൂപമെന്താണെന്നും സംക്ഷിപ്ത രൂപമെന്താണെന്നും ഒരിക്കൽ സ്വഹാബികൾ പ്രവാചകനോട് ചോദിച്ചു. അധികം താമസിച്ചില്ല, അർത്ഥസമ്പുഷ്ടമായ ഏതാനും ഖുർആനിക വചനങ്ങളുമായി ജിബ്‌രീൽ(അ) പ്രവാചക സന്നിധിയിലെത്തി. പ്രസ്തുത വചനങ്ങൾ ഇപ്രകാരം വായിക്കാം:

“നിശ്ചയം വിശുദ്ധി നേടുകയും തന്റെ നാഥന്റെ നാമം സ്മരിക്കുകയും എന്നിട്ട് നിസ്കാരം നിർവഹിക്കുകയും ചെയ്തവൻ മോക്ഷം പ്രാപിച്ചിരിക്കുന്നു. അല്ല, ഐഹിക ജീവിതത്തിന് നിങ്ങൾ കൂടുതൽ പ്രാധാന്യം കൽപ്പിച്ചിരിക്കുന്നു. പരലോകമാകുന്നു ഉൽകൃഷ്ടവും എന്നെന്നും അവശേഷിക്കുന്നതും. നിശ്ചയം അത് പ്രഥമ ഏടുകളിൽതന്നെയുണ്ട്. അഥവാ, ഇബ്റാഹീമിന്റെയും മൂസയുടെയും ഏടുകളിൽ.”(അൽ-അഅ്‌ലാ: 14-19)

ആത്മസംസ്കരണം നടത്തുകയും സദാദൈവസ്മരണ നിലനിർത്തുകയും നിസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും ചെയ്തവരാണ് വിജയികൾ എന്ന് ഉദ്ഘോഷിക്കാനാണ് ലോകത്തെ സകല ഗ്രന്ഥങ്ങളും ഏടുകളും അല്ലാഹു ഇറക്കിയത്. ഈ ലക്ഷ്യവും മാർഗവുമായിരിക്കണം എല്ലാ കലാസൃഷ്ടികൾക്കുമുണ്ടാവേണ്ടത്. ഇഹലോക ജീവിതം നൈമിഷികമാണെന്നും പരലോക സമയമാണ് ശാശ്വതമായിട്ടുള്ളതെന്നും പഠിപ്പിക്കുന്ന കലാസൃഷ്ടികൾ മാത്രമേ ഇസ്‌ലാമിക ദൃഷ്ട്യാ അനുവദനീയമാവുകയുള്ളൂ.

കലാസൃഷ്ടികളും സർഗപ്രകടനങ്ങളും അനുവദനീയമാവാൻ ഇസ്‌ലാം നിശ്ചയിച്ച മറ്റൊരു മാനദണ്ഡമാണ് ശുദ്ധി. ഇസ്‌ലാമിനോളം ശുദ്ധിക്ക് പ്രാധാന്യമുള്ള വേറൊരു മതവുമില്ല. അശുദ്ധീകരണത്തിന്റെ സകല രംഗവിശേഷങ്ങളെയും അത് എതിർത്തു തോൽപ്പിക്കുന്നു. ശുദ്ധി ഈമാനിന്റെ പകുതിയാണെന്നാണ് പ്രവാചകാധ്യാപനം. എല്ലാതരം ശുദ്ധിയും ഈ ശുദ്ധിയിൽപെടും. വ്യക്തിശുദ്ധി, സാമൂഹിക ശുദ്ധി, സാംസ്കാരിക ശുദ്ധി, ആത്മീയ ശുദ്ധി... അങ്ങനെ എല്ലാമെല്ലാം. നമ്മുടെ കലാസൃഷ്ടികൾക്കുമിത് ബാധകമാണ്. അത് അശ്ലീലകരവും ആഭാസപൂരിതവുമാവരുത്. ശുദ്ധിയുടെ വർണരസായനങ്ങളാൽ സമ്പൽസമൃദ്ധമായ സാഹിത്യസൃഷ്ടികളെ ഇസ്‌ലാം ഒരിക്കലും എതിർത്തിട്ടില്ല. പ്രവാചകൻ(സ) നല്ല കവിതകളെ പ്രോത്സാഹിപ്പിച്ചുവെന്ന് മാത്രമല്ല കവികൾക്ക് പ്രത്യേക ഇരിപ്പിടം വരെ തയ്യാർ ചെയ്തു കൊടുത്തു.

> സൗഹാർദ്ധപൂർണമായ സർഗമത്സരങ്ങൾക്കു പകരം കയ്യൂക്കിന്റെ കരുത്തിലും പണത്തിന്റെ തിണ്ണബലത്തിലും വിജയസോപാനത്തിൽ കയറിപ്പറ്റാനുള്ള കുറുക്കുവഴികൾക്കു പിന്നാലെയാണ് കൗമാരകലാകാരന്മാരും അവരുടെ രക്ഷിതാക്കളും. ചാനൽ പ്രളയകാലത്ത് യുവജനോത്സവ പ്രതിഭകൾക്ക് കൈവരുന്ന മാധ്യമശ്രദ്ധയിലും സിനിമാ സീരിയൽ ടെലിവിഷൻ രംഗത്തെ അനന്ത സാധ്യതകളിലുമാണ് അവരുടെ ഒടുക്കത്തെ കണ്ണ്

## മനം മടുക്കുന്ന കലോത്സവക്കാഴ്ചകൾ

ഇന്ന് കലോത്സവങ്ങളുടെയും യുവജന മാമാങ്കങ്ങളുടെയും പേരിൽ നടന്നുകൊണ്ടിരിക്കുന്നതെന്തൊക്കെ യാണ്. സൗഹാർദ്ധപൂർണമായ സർഗമത്സരങ്ങൾക്കു പകരം കയ്യൂക്കിന്റെ കരുത്തിലും പണത്തിന്റെ തിണ്ണബലത്തിലും വിജയസോപാനത്തിൽ കയറി

പ്പറ്റാനുള്ള കുറുക്കുവഴികൾക്കു പിന്നാലെയാണ് കൗമാരകലാകാരന്മാരും അവരുടെ രക്ഷിതാക്കളും. ചാനൽ പ്രളയകാലത്ത് യുവജനോത്സവ പ്രതിഭകൾക്ക് കൈവരുന്ന മാധ്യമ ശ്രദ്ധയിലും സിനിമാ സീരിയൽ ടെലിവിഷൻ രംഗത്തെ അനന്ത സാധ്യതകളിലുമാണ് അവരുടെ ഒടുക്കത്തെ കണ്ണ്. ജഡ്ജിംഗിലും മത്സരഫല നിർണയത്തിലും അറുവഷളൻ നിക്ഷിപ്ത താൽപര്യങ്ങളും ഉന്നത ഇടപെടലുകളും പണസ്വാധീനവും കാണുന്നു. കോരന് കഞ്ഞി കുമ്പിളിൽ തന്നെയായിരിക്കുമെന്നും കരയുന്ന കുഞ്ഞിനെ പാലുള്ളൂവെന്നും തിരിച്ചറിയുന്ന വിവേകശാലിയായ രക്ഷിതാവും പിന്നാമ്പുറങ്ങളിലൂടെ കാര്യം നേടാൻ കൊണ്ടുപിടിച്ച ശ്രമം നടത്തുന്നു. അപ്പീലുകളിലേക്ക് ജുഡീഷ്യറിയെ എഴുന്നള്ളിച്ചും ഇക്കൂട്ടർ യുവജനോത്സവങ്ങളുടെ വെളിച്ചം തന്നെ കെടുത്തിക്കളയുന്നു.

## മതം സൃഷ്ടിക്കുന്ന അതിർത്തിരേഖ

മറ്റു രംഗങ്ങളിലേതെന്നപോലെ ഇസ്‌ലാം വിരുദ്ധതയുടെയും പാശ്ചാത്യവൽക്കരണത്തിന്റെയും വേലിയേറ്റം സർവ്വസീമകളും ലംഘിച്ച് നടക്കുന്ന മേഖലയാണ് കലാസാഹിത്യരംഗം. ആഭാസകരമായിരിക്കുന്നു ഇന്നത്തെ യുവജനോത്സവവേദികൾ. നഗ്നതാപ്രദർശനങ്ങളും അശ്ലീലപേക്കൂത്തുകളും അവയുടെ മുഖമുദ്രയായി മാറിയിരിക്കുന്നു. ജീവിതത്തിന് കൃത്യമായ ലക്ഷ്യവും മാർഗവും നിർണയിക്കുന്ന ഇസ്‌ലാമിന്റെ അനുയായികൾക്ക് ഇടവും വലവും നോക്കാതെ മക്കളെയും കൗമാരക്കാരെയും കലയുടെയും സാഹിത്യത്തിന്റെയും പേരിൽ കലോത്സവവേദികളിലേക്ക് കയറൂരിവിടുക സാധ്യമല്ലതന്നെ.

മുസ്‌ലിം യുവതികൾ മോഹിനിയാട്ടത്തിലും കുച്ചുപ്പുടിയിലും തിരുവാതിരക്കളിയിലും കഴിവുതെളിയിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നത് ഒരു സെക്കുലർ മനഃശാസ്ത്രത്തിന്റെയും പേരിൽ ന്യായീകരിക്കുക സാധ്യമല്ല. മാപ്പിളമാർ പരമ്പരാഗതമായി അനുവർത്തിച്ചുപോരുന്ന കലാമൂല്യങ്ങളുടെ കടക്കൽ കത്തിവെക്കുന്ന തരത്തിൽ പുരോഗമനവത്ക്കരണം നടത്തുമ്പോൾ പ്രശോഭിതമായ ഗതകാലത്തിന്റെ സംസ്കാര സമ്പന്നതക്ക് നേരെയാണ് തങ്ങൾ കൊഞ്ഞനം കുത്തുന്നതെന്ന കാര്യമോർക്കണം. ഇസ്‌ലാമിക സംസ്കാരത്തോട് യോജിക്കാത്ത മോഹിനിയാട്ടം, കഥകളി, ചെണ്ടമുട്ട് പോലോത്ത കലാപ്രകടനങ്ങളിൽ പങ്കെടുക്കരുതെന്ന് മാത്രമല്ല, മാപ്പിള കലകളിൽ ഇസ്‌ലാമികതയും സഭ്യതയും നിലനിർത്താൻ കൂടി പുതിയ കാലത്തെ മുസ്‌ലിം കലാകാരന്മാർ തയ്യാറാവണം. 'അതാണ് ഫാഥിമ'യും 'ഇരിപ്പോം തിരിപ്പോയു' മൊക്കെ മാപ്പിളകലയെ പച്ചക്ക് വ്യഭിചരിക്കുമ്പോഴും മോയിൻകുട്ടി



വൈദ്യർക്കും പുലിക്കോട്ടിൽ ഹൈദറിനുമൊപ്പം സഞ്ചരിക്കാനുള്ള യുവജനോത്സവ മാമ്പൽ കമ്മിറ്റിയുടെ തീരുമാനം ശുഭോദർക്കമാണെങ്കിലും മാപ്പിള കലകളിൽ മാപ്പിളത്തനിമ നില നിർത്തുന്നതിൽ ഉറച്ച തീരുമാനങ്ങളും പരിഷ്കാരങ്ങളും കാലം ആവശ്യപ്പെടുന്നുണ്ട്.

ആഗോളവത്ക്കരണം പ്രാദേശിക സംസ്കാരങ്ങളെയും ഗ്രാമീണകലാരൂപങ്ങളെയും പടിഞ്ഞാറൻ സംസ്കാരത്തിൽ അലിയിച്ചില്ലാതാക്കുന്ന കാലത്ത് പാരമ്പര്യ കലകളെ സംരക്ഷിക്കുന്നതിൽ യുവജനോത്സവങ്ങളും കലോത്സവങ്ങളും വഹിക്കുന്ന പങ്ക് വിസ്മരിക്കുന്നില്ല. എങ്കിലും കലക്കു വേണ്ടി എന്നതിനപ്പുറം കല മൂല്യങ്ങൾക്കുവേണ്ടി എന്നതായിരിക്കണം ഏഷ്യയിലെ ഏറ്റവും വലിയ കലാമാമാങ്കവിഷയത്തിലും സംഘാടകരുടെ മുദ്രാവാക്യം. അപ്പോൾ മാത്രമേ സമയ പണ നഷ്ടത്തിനപ്പുറം പറയത്തക്ക എന്തെങ്കിലും മെച്ചം ഭാവിതലമുറക്കു മുമ്പിൽ ബാക്കിവെക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

## കലോത്സവ വേദിയിലെ പാരമ്പര്യ വായന

യുവജനോത്സവ വേദികളിൽ ദഫ്മുട്ടും അറബന മുട്ടും കോൽക്കളിയും മോയിൻകുട്ടി വൈദ്യർ കവിതകളും ആവേശത്തിരമാല സൃഷ്ടിക്കുമ്പോൾ കേരളത്തിലെ പരമ്പരാഗത മുസ്‌ലിംകളുടെ സംസ്കാരമാണ് നെഞ്ചേറ്റപ്പെടുന്നതെന്ന സത്യം അധികം എഴുത്തിനും വായനക്കും വിഷയീഭവിച്ചിട്ടില്ലെന്നത് ഒരു നഗ്ന സത്യമാണ്. അരീക്കോട്ടെ സുല്ലമുസ്സലാമിലെയും പുളിക്കലെ മദീനത്തുൽ ഉലൂമിലെയും ശാന്തപുരത്തെ ജാമിഅ ഇസ്‌ലാമിയ്യയിലെയും പുതുതലമുറ അറബനമുട്ടിലും ദഫ്മുട്ടിലുമൊക്കെ മുഹ്‌യുദ്ദീൻ ശൈഖിന്റെ മദ്ഹ് കീർത്തനങ്ങൾ മടിയേതുമില്ലാതെ പാരായണം ചെയ്യുമ്പോൾ മലയാളക്കരയിലെ പാരമ്പര്യവിശ്വാസികൾക്കെങ്ങനെ അഭിമാനിക്കാതിരിക്കാൻ കഴിയും?




# ശൈഖുനാ കെടി മാനു മുസ്‌ലിയാർ
# ജ്ഞാനവിപ്ലവത്തിന്റെ സാരഥി

പ്രധാന സ്റ്റോറി

▸▸**പുത്തനഴി മൊയ്തീൻ ഫൈസി**

**അ**പ്രശസ്തിയിലാണ് രക്ഷ എന്ന വിശുദ്ധാശയം മുറുകെ പിടിച്ച ഒരു മഹാപണ്ഡിത ശ്രേഷ്ഠനായിരുന്നു ശൈഖുനാ കെ.ടി. മാനു മുസ്‌ലി യാർ. വ്യതിരിക്തത നിറഞ്ഞതായി രുന്നു ഉസ്താദിന്റെ ജീവിതം. ഗർഭസ്ഥ ശിശുവായിരുന്നപ്പോൾ തന്റെ പ്രിയപ്പെട്ട ഉമ്മ കിണറ്റിൽ വീണു പരിക്കുകളൊന്നും കൂടാതെ അല്ലാഹു സംരക്ഷിക്കുകയും ചെയ്തതു മുതൽ തുടങ്ങുന്നു ആ അപൂർവ്വത. തനിക്ക് ഒന്നര വയസ്സു ള്ളപ്പോൾ പിതാവ് കാരാട്ട്തൊടി കുഞ്ഞാറ മൊല്ല എന്നവർ മരണപ്പെ ട്ടതുകാരണം തീർത്തും അനാഥ ബാലനായി വളരാനാണ് അല്ലാഹു വിന്റെ നിശ്ചയമുണ്ടായത്. ഏക ആൺതരിയെ ഉമ്മയും സഹോദരി മാരും വാത്സല്യപൂർവ്വം വളർത്തി.

പ്രാഥമിക മത-ഭൗതിക വിദ്യാ ഭ്യാസം ഉസ്താദിന്റെ സ്വദേശമായ കണ്ണത്ത് മാപ്പിള സ്കൂളിൽ വെച്ചായി രുന്നു. പിന്നെ ദർസ് പഠനം. അതും തന്റെ മഹല്ല് മസ്ജിദും നിരവധി പണ്ഡിതന്മാർ ദർസ് നടത്തുകയും ഒരുപാട് പ്രഗത്ഭ പണ്ഡിതരെ കേരള ക്കരക്ക് സംഭാവന ചെയ്യുകയും ചെയ്ത കരുവാരകുണ്ട് ദർസിൽ.

അരിപ്ര മൊയ്തീൻ ഹാജി എന്ന സുപ്രസിദ്ധ പണ്ഡിതകേസരിയായി രുന്നു പ്രധാന ഉസ്താദ്. ദർസിൽ പഠിക്കുമ്പോൾ തന്നെ അല്ലാഹു തന്നിൽ നിക്ഷേപിച്ച പല കഴിവുക ളെയും പുറത്തെടുക്കാനും അവ പരി പോഷിപ്പിക്കാനും ഉസ്താദ് തന്നെ സ്വയം പരിശ്രമം തുടങ്ങിയിരുന്നു. ഗാനാലാപനം, രചന, പ്രസംഗം, സംഘാടനം എന്നിവയിലുള്ള കഴിവ് അസൂയാവഹമായിരുന്നു. മലയാളം, അറബി, അറബി മലയാളം, ഉർദു മറ്റു

ഭാഷസംയോജനം എന്നിവകളിലൂടെ ഉസ്താദ് രചിച്ച സൃഷ്ടികൾ അമൂല്യങ്ങളായി ഇന്നും ജ്വലിച്ചു നിൽക്കുന്നു.

ഉസ്താദ് കരുവാരകുണ്ട് ദർസിൽ പഠിക്കുന്ന കാലത്ത് സുന്നത്ത് ജമാഅത്തിന്റെ വേദികളിൽ അക്കാലത്തെ നിറസാന്നിധ്യമായിരുന്ന മഹാപണ്ഡിതൻ പതി അബ്ദുൽ ഖാദിർ മുസ്‌ലിയാരും തലതിരിഞ്ഞ പണ്ഡിതൻ സി. എൻ.അഹ്മ്മദ് മൗലവിയും തമ്മിൽ കരുവാരകുണ്ടിൽ വാദ പ്രതിവാദം നടന്നു. രണ്ടു ദിവസം സംസാരിച്ചെങ്കിലും വെറുതെ സമയം കളയാനും വാദപ്രതിവാദം വഷളാക്കാനുമായിരുന്നു സി.എൻ മൗലവി ശ്രമിച്ചത്. ഈ സംഭവം സരസമായി ശൈഖുനാ ഗാനരചനയിലൂടെ ജനശ്രദ്ധയിൽ കൊണ്ടുവന്നത് പ്രസിദ്ധമാണ്.

നമ്മുടെ ഇന്ത്യാ മഹാരാജ്യത്ത് മതന്യൂനപക്ഷ രാഷ്ട്രീയത്തിനു വലിയ പ്രസക്തിയുണ്ടെന്നും തങ്ങളുടെ സ്വത്വം കാത്തു സൂക്ഷിക്കാൻ അതു അനിവാര്യമാണെന്നും എല്ലാ മുസ്‌ലിം വോട്ടുകളും ഒരു പെട്ടിയിൽ വീണാൽ നമ്മുടെ അധികാരാവകാശങ്ങളെ അവമതിക്കാനോ ഹനിക്കാനോ തട്ടിയെടുക്കാനോ ആരും മുന്നോട്ടു വരികയില്ലെന്നും ഉറച്ച് വിശ്വസിച്ച ശൈഖുന മുസ്‌ലിംലീഗ് പ്രസ്ഥാനത്തെ അളവറ്റ് സ്നേഹിക്കാനും കൗമാരവും യുവത്വവും അതിനു വേണ്ടി ഉപയോഗിക്കാനും കരുവാരകുണ്ടിലെ ഏജന്റും ലേഖകനുമായി ശൈഖുന.

കരുവാരകുണ്ട് ദർസിൽ പഠിക്കുമ്പോൾ തന്റെ വന്ദ്യഗുരു മൊയ്തീൻ ഹാജി സമസ്തഃയുടെ മുശാവറ യോഗത്തിന് പോകുമ്പോൾ ഉസ്താദിനെയും കൂട്ടാറുണ്ട്. സമസ്തഃയിലേക്ക് കടന്നുവരാനും അതിന്റെ സജീവ പ്രവർത്തകനാകാനും പ്രചോദനമേകിയതു അത്തരം യാത്രകളും അന്നത്തെ സമസ്തഃയുടെ പ്രഗത്ഭമതികളായ പണ്ഡിത ശ്രേഷ്ഠരുടെ ദർശനവുമായിരുന്നു.

ബാഖിയാത്തിൽ നിന്നും എം. എഫ്.ബി. ബിരുദം നേടിയ ശേഷം ഖാസിയും മുദർരിസുമായി അവരോധിക്കപ്പെട്ടത് തന്റെ തട്ടകമായ കരുവാരകുണ്ട് പഞ്ചായത്തിൽപെട്ട ഇരിങ്ങാട്ടിരിയിൽ തന്നെയായിരുന്നു. മറ്റൊരു പള്ളിയിലും ഉസ്താദ് ജോലി ചെയ്തിട്ടില്ല. മരിക്കും വരെ ഇരിങ്ങാട്ടിരിയിൽ തന്നെ. ഉസ്താദിന്റെ വന്ദ്യ ഗുരുവിന്റെ പൊരുത്തവും ഗുരുത്വവും ആശീർവാദവുമാണിവിടെ നിഴലിക്കുന്നത്.

കേരളത്തിലെ വിശിഷ്യാ മലപ്പുറം ജില്ലയിലെ ഏതാണ്ട് എല്ലാ ജുമുഅത്ത് പള്ളികളിലും ദർസ് സജീവമായി നടന്നുവരുന്ന കാലത്ത് തന്നെയാണ് ഉസ്താദ് ഇരിങ്ങാട്ടിരിയിലും ദർസ് തുടങ്ങുന്നത്. മറ്റു ദർസുകളിൽ അചിന്തനീയമായിരുന്ന പരീക്ഷ, സാഹിത്യസമാജം, കയ്യെഴുത്ത് മാസിക, മോഡൽ പാർലിമെന്റ്, ദർസ് വാർഷികം തുടങ്ങിയ പാഠ്യേതര കാര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്പെട്ട സംഗതിയാണ്. പലർക്കും ലഭിക്കാത്ത ഈ വലിയഗുണം ശൈഖുനായുടെ വിശേഷതയാണ്. ഈ ഗുണം പൂർണാർത്ഥത്തിൽ ഉസ്താദിന്റെ ജീവിതത്തിലുണ്ടായിരുന്നുവെന്ന് കരുവാരകുണ്ടിൽ വന്നാൽ ആർക്കും ബോധ്യമാകും.

മതപരവും സാമൂഹികവുമായ വല്ല സങ്കീർണ പ്രശ്നങ്ങളുമുണ്ടാകുമ്പോൾ തൽവിഷയകമായി ശൈഖുനായുടെ അഭിപ്രായത്തിനു വേണ്ടി ജനം കാതോർത്തുനിന്നു.

മതസൗഹാർദ്ദാന്തരീക്ഷത്തിനു പോറലേൽപ്പിക്കുന്ന ഒരു പ്രവണതയും ശൈഖുന അംഗീകരിച്ചിരുന്നില്ല. അമ്പലക്കമ്മിറ്റി സംഘടിപ്പിച്ച സൗഹാർദ്ദ സമ്മേളനത്തിൽ പങ്കെ

**സമസ്തയെയും വിദ്യാഭ്യാസ ബോർഡിനെയും പൂർവ്വോപരി ജനകീയമാക്കുന്നതിലും മദ്റസ ക്ലാസുകൾ പ്ലസ്ടു വരെ ഉയർത്തുന്നതിലും പാഠപുസ്തക പരിഷ്ക്കരണത്തിലും മുഅല്ലിംകളെ കഴിവുറ്റവരാക്കുന്നതിലും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിലും ശൈഖുനാ നിർവഹിച്ച തന്റെ ബൗദ്ധികവും പ്രാപ്തവുമായ നേതൃത്വം അവിസ്മരണീയമാണ്**

അവഗാഹമുണ്ടാക്കാൻ ശൈഖുന ശ്രമങ്ങൾ നടത്തി. അതുവഴി ധാരാളം പ്രസംഗകരെയും എഴുത്തുകാരെയും സമൂഹത്തിന് സംഭാവന ചെയ്യാൻ സുബുലുറശാദ് ദർസിനും ഹുമാത്തുൽ ഇസ്‌ലാം സാഹിത്യ സമാജത്തിനും 'അദ്കിറ' കൈയ്യെഴുത്ത് മാസികക്കും സാധിച്ചു.

തന്റെ സൗകര്യവും ശമ്പളവും മറ്റു പടികളുമൊന്നും കാര്യമാക്കാതെ കുട്ടികളുടെ സൗകര്യവും പരിഗണിച്ച് ഓരേ സ്ഥലത്ത് തന്നെ ദീർഘകാലം സേവനമനുഷ്ഠിക്കുക മറ്റുപലർക്കും സാധിക്കാത്ത കാര്യമാണ്.

പെറ്റുവളർന്ന പ്രദേശം തന്നെ അംഗീകാരവും സ്വീകാര്യതയും നൽകി ആദരിക്കുക വളരെ പ്രധാന ടുത്ത് താൻ പ്രതിനിധാനം ചെയ്യുന്ന ആദർശത്തിന്റെ നിലപാടുകൾ വ്യക്തമാക്കിയ സംഭവം എല്ലാവരെയും ആകർഷിച്ചിരുന്നു.

മുസ്‌ലിം കൈരളിയുടെ ഐക്യപാശത്തെ പൊട്ടിച്ചെറിഞ്ഞ വഹാബി, മൗദൂദി, തബ്‌ലീഗാദി ബിദഈ കക്ഷികളെയും കള്ള ത്വരീഖത്തുകാരെയും വിഘടിത സുന്നികളെയും ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും അവരുടെ തെറ്റായ ആശയങ്ങളിൽ നിന്ന് മുഖ്യധാരാ സുന്നത്ത് ജമാഅത്തിന്റെ രാജവീഥിയിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന തന്റെ പ്രസംഗ ശൈലി പ്രതിപക്ഷ ബഹുമാനത്തോടെയായിരുന്നു. ആരെയും കടിച്ചുകീറി അടച്ചാക്ഷേപിക്കുന്ന

സ്വഭാവം മഹാനുണ്ടായിരുന്നില്ല.

ഇന്ന് ദാറുന്നജാത്ത് നിലകൊള്ളുന്ന പുന്നക്കാട് പ്രദേശത്ത് നമുക്കൊരു കേന്ദ്രം ഉണ്ടാവണമെന്നു ഉസ്താദിന്റെ ആഗ്രഹം ഇരിങ്ങാട്ടിരി ദർസിൽ പഠിക്കുമ്പോൾ ഞങ്ങളോട് പങ്കുവെക്കാറുണ്ടായിരുന്നു. അല്ലാഹു ആഗ്രഹം നജാത്തിലൂടെ പൂർത്തീകരിച്ചുകൊടുത്തത് കേരള മുസ്‌ലിംകൾക്ക് വിശിഷ്യാ സുന്നി മുസ്‌ലിംകൾക്ക് അഭിമാനിക്കാൻ വകനൽകുന്നതാണ് ദാറുന്നജാത്തിനു കീഴിലെ മതഭൗതിക വിദ്യാഭ്യാസ സമുച്ചയങ്ങൾ.

സമസ്തയെയും വിദ്യാഭ്യാസ ബോർഡിനെയും പൂർവ്വോപരി ജനകീയമാക്കുന്നതിലും മദ്റസ ക്ലാസുകൾ പ്ലസ്ടു വരെ ഉയർത്തുന്നതിലും പാഠപുസ്തക പരിഷ്ക്കരണത്തിലും മുഅല്ലിംകളെ കഴിവുറ്റവരാക്കുന്നതിലും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിലും ശൈഖുനാ നിർവഹിച്ച തന്റെ ബൗദ്ധികവും പ്രാപ്തവുമായ നേതൃത്വം അവിസ്മരണീയമാണ്.

ആനുകാലിക ലേഖനങ്ങളും അവസരോചിത എഡിറ്റോറിയലുകളും എഴുതി സുന്നീ ടൈംസ്, സുന്നി വോയ്സ്, ഫിർദൗസ്, സുന്നി അഫ്കാർ, മുഅല്ലിം എന്നീ ആദർശ ജിഹ്വകളെ സമ്പുഷ്ഠമാക്കുന്നതിൽ തന്റെ രചനാകഴിവ് പ്രകടമാക്കിയിരുന്നു. സമസ്തഃ സെക്രട്ടറി മൗലാന കെ.വി. മുഹമ്മദ് മുസ്‌ലിയാർ കൂറ്റനാട് രചിച്ച ഖുർആൻ പരിഭാഷയുടെയും ഇബ്രാഹീം പുത്തൂർ ഫൈസി രചിച്ച ബുഖാരി പരിഭാഷയുടെയും മറ്റു പല പ്രമുഖ ഗ്രന്ഥങ്ങളുടെയും പിന്നിൽ ഉസ്താദിന്റെ കാര്യമായ സേവനം തന്നെ ആ രംഗത്തുള്ള ശൈഖുനായുടെ കഴിവിന്റെ പ്രകടമായ തെളിവാണ്.

അളന്നു മുറിച്ച പദസമ്പത്തിന്റെ അകമ്പടിയോടെ ആശയവൈകല്യം വരാതെ വിഷയങ്ങൾ സാധാരണ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ ശൈഖുനായുടെ സവിശേഷ പ്രാപ്തി കേരള ജനത സമ്മതിച്ച യാഥാർത്ഥ്യമാണ്.

കാര്യങ്ങൾ മുൻകൂട്ടി കാണാനും ആളെ മനസ്സിലാക്കാനും അല്ലാഹു നൽകിയ കൂർമ്മബുദ്ധിയും ക്രാന്തദർശിത്വവും അപാരമായിരുന്നു. 1989-ൽ സമസ്തഃയിൽ നിന്നും പുറത്താക്കപ്പെട്ട ഏതാനും പേരുടെ നേതാവിന്റെ പെരുമാറ്റ രീതിയെ സംബന്ധിച്ചും മറ്റും കാലേക്കൂട്ടി തന്നെ ഉസ്താദ് മനസ്സിലാക്കിയ കാര്യങ്ങൾ പിൽകാലത്ത് പുലരുകയായിരുന്നു.

സാദാത്തുക്കളെയും ഉലമാക്കളെയും ആത്മീയ നേതാക്കളെയും വിശിഷ്യാ ഉസ്താദുമാരെയും അനാഥ-അഗതികളെയും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതിൽ എല്ലാവരെക്കാളും മുന്നിലായിരുന്നു ഉസ്താദ്.

ദുൻയാവ് തന്റെ മുമ്പിൽ മലർക്കെ തുറക്കപ്പെട്ടിട്ടും അതിൽ ആകൃഷ്ഠനാവാതെ അതെല്ലാം അനാഥ-അഗതികൾക്കും സ്വസമുദായത്തിനും ഉപകരിക്കുന്ന രീതിയിൽ ഉപയോഗപ്പെടുത്താനാണ് ഉസ്താദ് ശ്രമിച്ചത്. വിഘടിത വിഭാഗത്തിൽപെട്ട ഒരു പേനയുന്തിപയ്യൻ ഉസ്താദിനെ തേജോവധം ചെയ്യാൻ നടത്തിയ ശ്രമങ്ങളുടെ കൂട്ടത്തിൽ എഴുതി "മാനു മുസ്‌ലിയാർ റബ്ബർ എസ്റ്റേറ്റ് വാങ്ങി" എന്ന് ഇതിന്ന് ഉസ്താദ് കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു: "ഞാൻ റബ്ബർ എസ്റ്റേറ്റ് വാങ്ങി എന്നത് ശരിയാണ്. പക്ഷേ അത് എനിക്കല്ല, യതീംഖാനക്കായിരുന്നു." സുന്ദരമായൊരു വീടും കാർപോർട്ടിൽ വി.ഐ.പി. മോഡൽ കാറും അത്യാവശ്യം വരുമാനം ലഭിക്കുന്ന റബ്ബർ എസ്റ്റേറ്റുമെല്ലാം ഉസ്താദ് വാങ്ങിക്കൂട്ടിയാലും ആരും ഒന്നും ഉരിയാടുകപോലുമില്ലാതിരുന്നിട്ടും അതിനൊന്നും മുതിരാതെ ലളിതമായ ജീവിതം നയിച്ചു ഉസ്താദ് നമുക്ക് മാതൃകയാവുകയായിരുന്നു.

സംഘടനക്കകത്തും പുറത്തും ധാരാളം സ്ഥാനമാനങ്ങൾ തന്നെ തേടിയെത്തുമ്പോഴും അതെല്ലാം മാന്യമായി നിരസിക്കുകയും ഉള്ള സ്ഥാനം കൊണ്ട് തൃപ്തിപ്പെടുകയും അവ ഉത്തരവാദിത്വബോധത്തോടെ കൈകാര്യം ചെയ്യുകയുമായിരുന്നു മഹാൻ ചെയ്തിരുന്നത്. സ്ഥാനമാനങ്ങൾ ലഭ്യമായാലേ ദീനീസേവനവും സാമൂഹ്യസേവനവും ചെയ്യൂ എന്ന് വാശിപിടിക്കുകയും അതിനു വേണ്ടി കുറുക്കുവഴികൾ തേടുകയും ചെയ്യുന്ന വർത്തമാന കാലഘട്ടത്തിൽ ഉസ്താദിന്റെ ശൈലി എത്ര പ്രസക്തം, എത്ര മനോഹരം!

ഉസ്താദിന്റെ ഓരോ ചുവടുവെപ്പും ഓരോ സന്ദേശമായിരുന്നു. ഇന്നത്തേക്കും നാളെത്തേക്കുമുള്ള മാതൃകാ സന്ദേശങ്ങൾ. 1932 മുതൽ 2009 ഫെബ്രുവരി 1 വരെ (1430 സ്വഫർ 5)യായിരുന്നു ആ ജീവിതം.

ഫലപ്രദമായ ചികിത്സ



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശ്രീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാ ്, സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ മുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത വർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബ വ്യാഴം, വെള്ളി മാത്രം.

**അൽ – അമീൻ** കാട്ടുങ്ങൽ കോംപ്ലക്സ്, ജുമാമസ്ജിദിന് മുൻവശം,
ഊട്ടി റോഡ്, പെരിന്തൽമണ്ണ. Ph: 04933 227984, 9847103

ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.
ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 239

# മൗലാനാ ചീക്കിലോട്ട് നവോത്ഥാനത്തിന്റെ യുഗപ്പിറവി

പ്രധാന സ്റ്റോറി

▶▶**ഉമർ റഹ്മാനി പുല്ലൂർ**

"**മു**സ്‌ലിം സമുദായത്തിനു താങ്കൾ ചെയ്ത സഹായങ്ങൾക്കെല്ലാം എന്റെ നന്ദി." ഇന്ത്യയിലെ മുസ്‌ലിംകളെ അഭിമാനകരമായ അസ്ഥിത്വത്തിലേക്ക് എത്തിക്കാൻ സാമൂഹികനിർമാണം നടത്തിയ ഖാഇദെമില്ലത്തിന്റെതാണീ വാക്ക്. തന്റെ ആയുസിന്റെ അവസാന അറ്റത്ത് 1972-ൽ മദ്രാസിലെ സ്റ്റാൻലി ഹോസ്പിറ്റലിൽ അഡ്മിറ്റിൽ കഴിയുമ്പോൾ സന്ദർശിക്കാൻ വന്ന കരുണാനിധിയോടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. ഇതുകേട്ട് വിതുമ്പിയ കരുണാനിധിയുടെ കണ്ണുകൾ നനഞ്ഞുവെന്ന് ദൃക്സാക്ഷി തമിഴ് ചരിത്രകാരൻ അഹ്മദ് കബീർ രിഫാഇ (മുൻ എം.പി) രേഖപ്പെടുത്തുന്നുണ്ട്.

ഒരു ജനതയുടെ തന്നെ പിതാവായി, ചോദിക്കാനും പറയാനുമുള്ള ആളായി എന്നാണ് ഖാഇദെമില്ലത്തിന്റെ പ്രത്യേകത. ഓരോ കാലത്തും മുസ്‌ലിം ജനതക്ക് പ്രാദേശികമായിട്ടെങ്കിലും ഈ തരം നേതൃസൗഭാഗ്യങ്ങൾ ജന്മമെടുത്തിട്ടുണ്ട്. ആ നേതൃത്വത്തിൻ കീഴിൽ അവരുടെ അറിവും സംസ്കാരവും വികസിച്ചുവന്നിട്ടുമുണ്ട്. വടക്കേ മലബാറിൽ ഈ ധർമം നിർവഹിക്കാനുണ്ടായിരുന്നത് കടത്തനാട്ടിലെ പ്രസിദ്ധമായ പണ്ഡിതകുടുംബങ്ങളായിരുന്നു. ചീക്കിലോട്ട്, ചിറക്കൽ, കീഴന തുടങ്ങിയവ ഇതിൽ പ്രധാനമാണ്.

പൊന്നാനി 'മലബാറിലെ മക്ക' യായപ്പോൾ 'രണ്ടാം





തന്റെ സമൂഹത്തിന് അറിവിന്റെ പ്രകാശവഴികൾ തുറന്നുവെക്കുന്ന മഹാസംരംഭങ്ങൾ ജന്മമെടുക്കണമെന്ന് അവിടെന്ന് കണ്ണു തുറന്നുപിടിച്ച് രാവും പകലും സ്വപ്നം കണ്ടു. ആ സ്വപ്നത്തിന്റെ പുലർച്ച നവോത്ഥാനത്തിന്റെ യുഗപ്പിറവിയായി ഒരു ജനത നെഞ്ചിലേക്ക് ചേർത്തിപ്പിടിക്കുകയായിരുന്നു

പൊന്നാനി'യായത് നാദാപുരമായിരുന്നു. നാദാപുരത്തിന്റെ ജ്ഞാന പ്രൗഢി കേരളത്തിന്റെ മുസ്‌ലിം പങ്കാളിത്തത്തിൽ വിശ്രുതമാണ് നാദാപുരത്തിന് ഇങ്ങനെ തെളിഞ്ഞ മുഖം കൈവന്നതിൽ ഈ കുടുംബങ്ങളിലെ പണ്ഡിത നിർവഹങ്ങൾ തികഞ്ഞുനിൽക്കുന്നു. നാദാപുരത്തുനിന്ന് ഏകദേശം ആറു കിലോമീറ്ററോളം അകലെയുള്ള കടമേരിയാണ് ഇവരുടെ ദേശം. ഈ പണ്ഡിതകാരണവന്മാരുടെ കൂട്ടത്തിൽ എന്നേക്കുമുള്ള നന്മകൾ രൂപപ്പെടുത്തുന്നതിൽ പ്രത്യേകമായി നിൽക്കുന്നു മൗലാന ചീക്കിലോട്ട് കുഞ്ഞഹമ്മദ് മുസ്‌ലിയാർ. ഒരു കാലഘട്ടത്തിന്റെ തേട്ടം കേട്ട് ഉണർന്നു പണിയെടുത്തു എന്നാണ് മഹാനവരുടെ ജീവിതവിശേഷം. ആരെങ്കിലും ഏൽപ്പിക്കുന്നതിനേക്കാൾ സ്വയം ഏറ്റെടുക്കുന്ന ധർമ്മങ്ങൾ നിർവഹിക്കൽ ഏറിയ കടമയുള്ളതാണെന്ന് ആ ജീവിതം പറഞ്ഞുതരുന്നു. ആത്മാവിന്റെ തല ഉയർത്തിപ്പിടിച്ച നിഷ്കളങ്കമായ ആത്മവിശ്വാസവും അതിന് ഉറപ്പാക്കേണ്ടതാണ്. കൺമുമ്പിൽ പവിത്രമായ ഒരു ജീവിതത്യാഗത്തിന്റെ നേർരൂപങ്ങൾ കാണേണ്ടി വന്നപ്പോൾ കടത്തനാട്ടിലെ (വിശേഷിച്ചും വടകര താലൂക്ക്) ജനത, ആ മഹാത്മാവിനെ വിളിച്ചു 'ചീക്കിലോട്ട് ഓറെ'ന്ന് ബാനീ ഹസ്‌റത്തെന്ന്.

## പൈതൃകവേര്

ആർക്കും ജീവിതത്തെ ഉത്തമമായി നിലയുറപ്പിക്കാനാകുന്നത് പവിത്രമായ കുടുംബമുറ്റമുണ്ടാകുമ്പോഴാണ്.അറിവിന്റെ പ്രകാശത്തിൽ ജീവിതത്തിന്റെ അകവും പുറവും തെളിഞ്ഞുനിൽക്കുന്നത് അവിടെ കാണാനാകും. മൗലാന ചീക്കിലോട്ടിന് കുടുംബരംഗം തീർത്തും ഇങ്ങനെയായിരുന്നു.

ഒരുപാട് പണ്ഡിതകുടുംബങ്ങൾ പിരിഞ്ഞുണ്ടായ പ്രശസ്ത പണ്ഡിതതറവാടാണ് കീഴന. മഹാനായ മുഫ്തിയും സ്വാത്വികനുമായിരുന്ന കീഴന കുഞ്ഞമ്മദുട്ടി മുസ്‌ലിയാർ ഈ കുടുംബത്തിലെ കണ്ണിയാണ്. കടമേരിയുടെ ആശ്രയമായിരുന്നു അദ്ദേഹം. അക്കാലത്തെ പ്രഗത്ഭ കർമ്മശാസ്ത്രപണ്ഡിതനും സൂഫിവര്യനുമായിരുന്ന വെളിയങ്കോട്ടെ തട്ടാങ്ങര കുട്ട്യാമു മുസ്‌ലിയാരിൽ നിന്നാണ് ഓതിപ്പഠിച്ചത്. കുഞ്ഞമ്മദ് ഹാജി, കുഞ്ഞബ്ദുല്ല മുസ്‌ലിയാർ, അബ്ദുറഹിമാൻ മുസ്‌ലിയാർ എന്നിങ്ങനെ മൂന്നു ആൺമക്കളായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്.

ഇവരിൽ കുഞ്ഞബ്ദുല്ല മുസ്‌ലിയാർ വലിയ പണ്ഡിതനും വലിയ്യുമായിരുന്നു. അദ്ദേഹമാണ് പിൽക്കാലത്ത് 'ചീക്കിലോട്ട് ഓർ' എന്നു വിളിക്കപ്പെട്ടത്. അബ്ദുറഹിമാൻ മുസ്‌ലിയാർ 'ചിറക്കൽ ഓർ' എന്നും 'ചീക്കിലോട്ട് ഓർ' എന്നു വിളിക്കപ്പെട്ട കുഞ്ഞബ്ദുല്ല മുസ്‌ലിയാരുടെയും ബിയ്യാത്തു എന്നവരുടെയും ഏക മകനാണ് മൗലാന കുഞ്ഞമ്മദ് മുസ്‌ലിയാർ. തന്റെ ഏഴു സഹോദരിമാരിൽ ഫാത്വിമയും അദ്ദേഹവും ഇരട്ടകളാണ്. 1925 ഫെബ്രുവരി 20-ന് ചീക്കിലോട്ട് തറവാട്ടിലായിരുന്നു ജനനം.

മക്കൾ പിതാവിന്റെയോ പിതാമഹന്റെയോ പേരിൽ അറിയപ്പെടുക എന്നത് സ്വാഭാവികമാണ്. തലമുറകൾ മാറിവരുമ്പോഴാണ് അധികവും ഇങ്ങനെ പേര് കൈമാറ്റം ചെയ്യപ്പെടുന്നത്. പിതാവ് വിളിക്കപ്പെട്ട പേരിലാണ് കുഞ്ഞമ്മദ് മുസ്‌ലിയാർ പിൽക്കാലത്ത് അറിയപ്പെട്ടത്- 'ചീക്കി

ലോട്ട് ഓർ' എന്ന്. കീഴന കുഞ്ഞബ്ദുല്ല മുസ്‌ലിയാർ പിതാമഹന്റെ പേരിലും വിളിക്കപ്പെടുകയായിരുന്നു.

### ജ്ഞാനധന്യമായ കാലം

അറിവിന്റെ അക്ഷരവും അർത്ഥവും മനസ്സിലേക്കെടുത്തുവെക്കാൻ വലിയ പണിയുള്ള കാലമായിരുന്നു അത്. ഓരോ നാട്ടിലും അവരവർക്ക് സൗകര്യമുള്ളിടത്ത് ഓത്തുപള്ളികളുണ്ടാക്കലാണ് അന്നത്തെ പതിവ്. അറിവ് പറഞ്ഞു തരുന്ന അവിടത്തെ മൊല്ലാക്ക അധികവും ആ നാട്ടുകാരൻ തന്നെയായിരുന്നു. തന്റെ വീടിനടുത്തുള്ള 'ചിറക്കൽ ഓത്തുപള്ളി'യിലാണ് കുഞ്ഞമ്മദ് മുസ്‌ലിയാർ അറിവിന്റെ ഒന്നാം പടി ചവിട്ടിയെത്തുന്നത്. ഇവിടെ തയ്യിൽ കുഞ്ഞബ്ദുല്ല മുസ്‌ലിയാരിൽ നിന്ന് ഓത്ത് പഠിച്ചു.

ഓത്തുപള്ളിയോടൊപ്പം എഴുത്ത് പള്ളിയുമുണ്ടായിരുന്നു. ഓത്തുപള്ളിയിൽ നിന്ന് ഓത്തും എഴുത്ത് പള്ളിയിൽ നിന്ന് എഴുത്തുമാണ് പഠിക്കുക. ചോയിക്കണ്ടത്തിൽ സൂപ്പി മുസ്‌ലിയാർ, ശങ്കരൻ കുരിക്കൾ എന്നിവരായിരുന്നു എഴുത്തുപള്ളിയിലെ ഗുരുമുഖങ്ങൾ.

പ്രാഥമിക പഠനത്തിനു ശേഷം പിതൃവ്യനും പ്രശസ്ത പണ്ഡിതനുമായ ചിറക്കൽ അബ്ദുറഹിമാൻ മുസ്‌ലിയാരുടെ ദർസിലായിരുന്നു പഠനം. വില്ല്യാപള്ളിയിലും തളിപ്പറമ്പിലുമായി ഏതാനും വർഷം അതുണ്ടായി. തുടർന്ന് കോട്ടുമല ഉസ്താദിന്റെ വേങ്ങരക്കടുത്തുള്ള കോട്ടുമല ദർസിൽ ചേർന്നു പഠിച്ചു. കോട്ടുമല ഉസ്താദ് 1943-ൽ ബാഖിയാത്തിൽനിന്ന് പിരിഞ്ഞതിനു ശേഷം തുടങ്ങിയതായിരുന്നു ആ ദർസ്. അന്ന് കടമേരി, നാദാപുരം ഭാഗത്തുള്ള ഒരുപാടാളുകൾ അവിടെ പഠിക്കാനുണ്ടായിരുന്നു.

ഇ.കെ. ഹസൻ മുസ്‌ലിയാരും എം.എം. ബഷീർ മുസ്‌ലിയാരും ഇവിടെ പഠിക്കാൻ കൂടെയുണ്ടായിരുന്നു. കേരള മുസ്‌ലിംകൾക്ക് വിശ്വസിച്ച സംസ്കാരത്തിൽ ഉന്നതമായ അഭിമാനബോധം ഉണ്ടാക്കാൻ ത്യാഗം ചെയ്തവരായിരുന്നു അവർ. ബഷീർ മുസ്‌ലിയാരും കുഞ്ഞമ്മദ് മുസ്‌ലിയാരും മഹല്ലി, ശറഹുതഹ്ദീബ് തുടങ്ങി പല കിതാബുകളും ഇവിടെ വെച്ച് ഓന്നിച്ചു ഓതിയിട്ടുണ്ട്.



*മൗലാനാ ചീക്കിലോട്ട് കുഞ്ഞമ്മദ് മുസ്‌ലിയാർ*

ന്നു.

### മൗലാനയുടെ ദേശം കടമയേറിയ നാട്

അറിവിന്റെ ഉത്തരവാദിത്ത വലിയതാണ് അറിവുള്ളവനും അറിവില്ലാത്തവനും സമമാണോ എന്ന് അല്ലാഹുവിന്റെ മൂർഛയേറിയ ചോദ്യമുണ്ട്. പണ്ഡിതന്റെ ദൗത്യം ഭൂമിയോളം വികാസമുള്ളതാകും. അവരുള്ള ദേശത്തിന്റെയും ദേശക്കാരുടെയും സുകൃതങ്ങളെ ഉറപ്പാക്കൽ ഏറിയ കടമയായി അവർക്കുമേലുണ്ടാകും. അറിവുള്ളവർ നിറഞ്ഞു നിൽക്കുന്ന ഒരു

> പണ്ഡിതന്മാരുടെ ഈറ്റില്ലമായ ഈ നാടിനെ പോറ്റില്ലം കൂടിയാക്കാൻ വിജയകരമായി പണിയെടുത്തുവെന്നാണ് മൗലാന ചീക്കിലോട്ട് ചെയ്ത മഹാത്യാഗം. കടമേരിക്കടുത്തുള്ള എളയടത്തെ മരുന്നൂർ തറവാട്ടിലേക്കാണ് ഈ നാട്ടിലെ പണ്ഡിതമുഖങ്ങളുടെ ആണിവേരുകൾ ചെന്നെത്തുന്നത്. 'മരുന്നൂർ ഓർ' എന്ന പേരിൽ വിശ്രുതനായ സൂപ്പി മുസ്‌ലിയാരുടെ മരുമക്കളും ബന്ധുക്കളുമാണ് കടമേരി നാടിന്റെ അറിവിന്റെ പ്രകാശ ഗോളങ്ങളായി നിറഞ്ഞുനിന്നവരൊക്കെയും

രണ്ടു കൊല്ലമേ കോട്ടുമല ഉസ്താദിന്റെ ദർസിൽ പഠിക്കാൻ ഭാഗ്യമുണ്ടായൊള്ളൂ. പിതാവ് രോഗബാധിതനായപ്പോൾ ഏക മകനായ താൻ കുടുംബ ബാധ്യതകൾ ഏൽക്കേണ്ടിവന്നു. ഇതോടെ തന്റെ മതപഠന രംഗത്തെ അധ്യായം അവസാനിച്ചെങ്കിലും അറിവിന് സേവനം ചെയ്യാൻ ധീരമായി മനസ്സ് മെരുക്കിയെടുക്കുകയായിരുന്നു ആ മഹാത്മാവ്. തന്റെ സമൂഹത്തിന് അറിവിന്റെ പ്രകാശവഴികൾ തുറന്നുവെക്കുന്ന മഹാസംരംഭങ്ങൾ ജന്മമെടുക്കണമെന്ന് അവിടെന്ന് കണ്ണു തുറന്നുപിടിച്ച് രാവും പകലും സ്വപ്നം കണ്ടു. ആ സ്വപ്നത്തിന്റെ പുലർച്ച നവോത്ഥാനത്തിന്റെ യുഗപ്പിറവിയായി ഒരു ജനത നെഞ്ചിലേക്ക് ചേർത്തിപ്പിടിക്കുകയായിരു

നാട് അതിന്റെ സുഗന്ധം സ്തുതിയോടെ അനുഭവിക്കും. കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലുള്ള കടമേരി ഈ സൗഭാഗ്യങ്ങൾ പൂത്തുവന്ന നാടാണ്. നാദാപുരത്തെ 'രണ്ടാം പൊന്നാനി'യാക്കിയതിൽ ഇവിടത്തെ പണ്ഡിതന്മാരുടെ സാന്നിധ്യം വലുതായിരുന്നു.

വടക്കേ മലബാറിലെ പഴയ കുറുമ്പ്രനാട് താലൂക്കിന്റെ വടക്ക്-കിഴക്കായി സ്ഥിതിചെയ്യുന്ന ഈ ഗ്രാമപ്രദേശം ജ്വലിച്ചുനിൽക്കുന്ന ഇന്നലെയുടെ നീണ്ട കഥ പറയുന്നുണ്ട്. ഇവിടത്തെ പ്രകൃതിസൗന്ദര്യം മികച്ചുനിന്നിരുന്നു. ഇവിടെന്ന് ഏകദേശം നാദാപുരം വരെ നെൽപാടങ്ങൾ ഭൂമിയെ പച്ചപുതുപ്പിച്ച കാഴ്ച പഴമക്കാർ പറഞ്ഞു തരും.

പൊതുവെ ദാരിദ്ര്യത്തിന്റെ

തീക്ഷ്ണത ജീവിതത്തിനു മുന്നിൽ ഉയർന്നുനിന്നതായിരുന്നു കാലം. ഉള്ളവർക്ക് നല്ലവണ്ണം ഉണ്ടാകുമെങ്കിലും ഇല്ലാത്തവന് കണ്ണീരു പുരണ്ടതാണ് ജീവിതകഥകൾ. ടിപ്പുവിന്റെ ഭരണപരിഷ്കരണങ്ങൾക്ക് ഈ നാട് സാക്ഷിനിന്നിരുന്നു. ചേലക്കാട് വഴി കുറ്റ്യാടി മുതൽ തണ്ണീർപന്തൽ വരെയുള്ള റോഡ് ആ കാലത്ത് നിർമിക്കപ്പെട്ടതാണ്. ഇതുവഴി വയനാട്ടിലേക്കും മറ്റും പോകുന്ന യാത്രക്കാർക്ക് ഇട വിശ്രമത്തിന് വിശ്രമകേന്ദ്രവും ദാഹമകറ്റാൻ ജലസംഭരണിയും ടിപ്പു സൗകര്യപ്പെടുത്തിയിരുന്നു. കടമേരിയോട് മുന്നിട്ടുനിൽക്കുന്ന ഈ സ്ഥലത്തിന് 'തണ്ണീർ പന്തൽ' എന്ന് പേരു വന്നത് ഇങ്ങനെയാണെന്ന് പഴമക്കാർ പറയാറുണ്ട്.

ഈ നാടിന്റെ പഴമയുടെ മിന്നുന്ന ഓർമകളിൽ കടന്നുവരുന്ന അറിവിന്റെ മുഖങ്ങൾ ഒരുപാടാണ്. മുസ്‌ലിം ഉമ്മത്തിനെ ധാർമികമായി സംവിധാനിക്കുന്നതിൽ ജീവിതംകൊണ്ട് ഉറപ്പ് കൊടുത്തവരായിരുന്നു ആ പണ്ഡിതന്മാരൊക്കെയും. ഒരു നാട്ടിൽ തന്നെ ഇത്രയേറെ പണ്ഡിത മഹത്തുക്കൾ കുമിഞ്ഞുകൂടിയെന്നത് കടമേരിനാടിനെ മറ്റുള്ളവയിൽനിന്ന് ഉയർത്തിക്കൊണ്ടുവരുന്നു.

പണ്ഡിതന്മാരുടെ ഈറ്റില്ലമായ ഈ നാടിനെ പോറ്റില്ലം കൂടിയാക്കാൻ വിജയകരമായി പണിയെടുത്തുവെന്നാണ് മൗലാന ചീക്കിലോട്ട്  ചെയ്ത മഹാത്യാഗം. കടമേരിക്കടുത്തുള്ള എളയടത്തെ മരുന്നൂർ തറവാട്ടിലേക്കാണ് ഈ നാട്ടിലെ പണ്ഡിതമുഖങ്ങളുടെ ആണിവേരുകൾ ചെന്നെത്തുന്നത്. 'മരുന്നൂർ ഓർ' എന്ന പേരിൽ വിശ്രുതനായ സൂപ്പി മുസ്‌ലിയാരുടെ മരുമക്കളും ബന്ധുക്കളുമാണ് കടമേരി നാടിന്റെ അറിവിന്റെ പ്രകാശ ഗോളങ്ങളായി നിറഞ്ഞുനിന്നവരൊക്കെയും.

കടത്തനാട് പൊതുവെ ഓറുമാരുടെ നാടാണ്. മഹാപണ്ഡിതന്മാരുടെയും മാന്യവ്യക്തികളുടെയും പേരിനൊപ്പം ആദരവ് പ്രകടിപ്പിക്കാൻ ചേർത്തുവെക്കുന്നത് 'ഓറ്' എന്ന പദമായിരുന്നു. അതുകൊണ്ട് തന്നെ കടമേരിയിൽ ഓറുമാർ നിറഞ്ഞുനിന്നു. 'കീഴന വലിയ ഓറ്' (കീഴന കുഞ്ഞമ്മദുട്ടി മുസ്‌ലിയാർ), 'മരുന്നൂർ ഓറ് (സൂപ്പി മുസ്‌ലിയാർ), ചീക്കിലോട്ട് വലിയ ഓറ്' (കുഞ്ഞബ്ദുല്ല മുസ്‌ലിയാർ-ചെറിയ കീഴന ഓർ) എന്ന പേരിലും അറിയപ്പെട്ടു. കാങ്ങാട്ട് ഓർ(കാങ്ങാട്ട് കുഞ്ഞബ്ദുല്ല മുസ്‌ലിയാർ) ചിറക്കൽ ഓർ(ചിറക്കൽ അബ്ദുറഹിമാൻ മുസ്‌ലിയാർ), കിഴക്കയിൽ ഓറ് കിഴക്കയിൽ മുഹമ്മദ് മുസ്‌ലിയാർ), കീഴന ഓർ(കീഴന കുഞ്ഞബ്ദുല്ല മുസ്‌ലിയാർ), ചീക്കിലോട്ട് കുഞ്ഞമ്മദ് മുസ്‌ലിയാർ, ചാത്തോന്നിലോർ, ആയാടത്തിൽ ഓർ, വെളുത്തപറമ്പത്ത് ഓറ്, അമ്പിളിക്കുന്നത് ഓറ് തുടങ്ങിയവരാണ് ഈ നാട്ടിൽ രാവും പകലും പ്രഭ ചൊരിഞ്ഞ് ഉമ്മത്തിന്റെ നന്മയിലേക്കുള്ള മുന്നോട്ടുപോക്കിന്‌കാവൽ നിന്നവർ.

അതോടൊപ്പം ഈ നാട്ടിലെ ദീനിയായ മേന്മകൾ ഉയർത്തിക്കൊണ്ടുവരാൻ വലിയ ത്യാഗം ചെയ്തവരാണ് ചീക്കിലോട്ട് തറവാട്ടുകാർ. തനിക്കും പിതാമഹന്മാരെപോലെ സമൂഹത്തിന് ധാർമിക സേവനം ചെയ്യാനാകുമെന്ന് അഭിമാനിക്കാൻമാത്രം പാകതയുള്ളതായിട്ടാണ് മൗലാന ചീക്കിലോട്ടിന്റെ വ്യക്തിത്വം വളർന്നുവന്നത്. 'കീഴന വലിയ ഓറ്' എന്ന പേരിൽ അറിയപ്പെട്ടതിന്റെ പിതാമഹൻ മഹാപണ്ഡിതനായിരുന്നു. ഒരുകാലത്ത് കടമേരി പള്ളിയുടെ ഖാളി സ്ഥാനം അദ്ദേഹത്തിനായിരുന്നു. വടക്കൻ പൊന്നാനി എന്ന് ഖ്യാതിപെറ്റ കാസർകോടിനടുത്ത കിയ്യൂരിലും കണ്ണമ്പത്തുകരയിലും വലിയ ദർസ് നടത്തിയ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കാനും ബന്ധം പുലർത്താനും കേരളത്തിന്റെ പലഭാഗങ്ങളിൽനിന്ന് വലിയ പണ്ഡിതന്മാർ വരെ ഇവിടെ കടമേരിയിൽ വന്നു.

മൗലാന അഹ്മദ് കോയ ശാലിയാത്തി ഇവിടെ വന്ന് 'ചീക്കിലോട്ട് സ്രാമ്പി'യിൽ ഓതിത്താമസിച്ചിരുന്നുവെന്ന് പഴമക്കാർ പറയുന്നു. ആ പള്ളിച്ചുമരിൽ 'വസ്വൽതു ഇലാ ശൈഖീ ശൈഖിൽ മശാഇഖി' എന്ന് തുടങ്ങുന്ന കവിത എഴുതിവെച്ചിട്ടുണ്ട്. അതിൽ താൻ തേടിയെത്തിയ ശൈഖ് കുഞ്ഞമ്മദുട്ടി മുസ്‌ലിയാരെന്ന കീഴന വലിയ ഓറാകാമെന്ന് കീഴന കുഞ്ഞബ്ദുല്ല മുസ്‌ലിയാർ പറയുമായിരുന്നു.

ഇത്രയേറെ പണ്ഡിതമഹാന്മാർ നിറഞ്ഞുനിന്നത് കൊണ്ടു തന്നെ ഈ നാട്ടിൽ ധാർമികമായ കടമകൾ ഏറിവന്നു. കടമകൾ തിരിച്ചറിയുകയും യഥോചിതം നിർവഹിക്കുകയും ചെയ്ത ഈ നാട്ടിന് കടമേരി എന്ന് പേരു വന്നത് കടമയേറിയതു കൊണ്ടാണെന്നു പഴമക്കാർ പറയും.

*-അവസാനിക്കുന്നില്ല*



# പ്രമാണങ്ങൾ

# തെറ്റിദ്ധാരണകളും വസ്തുതകളും



▶▶പികെ മുഹമ്മദ് സലീം ദാരിമി ചെർള

ഉബാദത്തുബ്നുസ്സാമിത്തി(റ)നെ കുറിച്ച് സുനാബിഹീ(റ) പറയുന്നു: "മരണസമയത്ത് ഞാൻ അദ്ദേഹത്തിന്റെ അടുത്ത് ചെന്നു. അപ്പോൾ ഞാൻ കരഞ്ഞു. അദ്ദേഹം പറഞ്ഞു: എനിക്ക് സാവകാശം തരൂ, നീ എന്തിന് കരയുന്നു? അല്ലാഹു സത്യം! ഞാൻ സാക്ഷിയാക്കപ്പെട്ടാൽ ഞാൻ നിനക്കുവേണ്ടി സാക്ഷി നിൽക്കും. ഞാൻ ശിപാർശക്കാരനാക്കപ്പെട്ടാൽ ഞാൻ നിനക്കു വേണ്ടി ശിപാർശ ചെയ്യും. എനിക്കു കഴിവുണ്ടായാൽ ഞാൻ നിനക്കു ഉപകാരം ചെയ്യും. പിന്നീട് അദ്ദേഹം പറഞ്ഞു: അല്ലാഹു സത്യം! തിരുനബി(സ)ൽ നിന്ന് ഞാൻ കേട്ട, നിങ്ങൾക്കു ഖൈറുള്ള ഏതെല്ലാം ഹദീസുകളുണ്ടോ അതെല്ലാം ഞാൻ നിങ്ങൾക്ക് പറഞ്ഞുതന്നിട്ടുണ്ട്; ഒരൊറ്റ ഹദീസൊഴികെ. എന്റെ ശരീരം വലയം ചെയ്യപ്പെട്ടിരിക്കുന്ന ഈ വേളയിൽ ആ ഹദീസ് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരുന്നു.

തിരുനബി(സ) പറയുന്നത് ഞാൻ കേട്ടു. അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതരാണെന്നും ആരെങ്കിലും സത്യസാക്ഷ്യം മൊഴിഞ്ഞാൽ അല്ലാഹു നരകത്തെ അവന് നിഷിദ്ധമാക്കുന്നതാണ്."(മുസ്‌ലിം, ഹദീസ് നമ്പർ 47)

അനസുബ്നു മാലികി(റ)ൽ നിന്ന് മുആദ്ബ്നു ജബൽ(റ) നബി(സ)യുടെ പിന്നിൽ വാഹനത്തിലാണ്. മുആദിനെ നബി(സ) വിളിച്ചു. മുആദ് പറഞ്ഞു: "ലബ്ബൈയ്ക റസൂലുല്ലാഹി വസഅ്ദയ്ക്ക." നബി(സ) വീണ്ടും വിളിച്ചു. മൂആദ് പറഞ്ഞു: "ലബ്ബൈക റസൂലുല്ലാഹി വസഅ്ദയ്ക്ക." വീണ്ടും നബി(സ). മുആദും: "ലബ്ബൈക റസൂ

ലുല്ലാഹി വസഅ്ദയ്ക്ക.” നബി(സ) പറഞ്ഞു: “അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ അടിമയും ദൂതരുമാണെന്നും സത്യസാക്ഷ്യം മൊഴിയുന്ന ഒരു ദാസനുമില്ല അവന്റെ മേൽ അല്ലാഹു നരകം നിഷിദ്ധമാക്കിയിട്ടല്ലാതെ.”

മുആദ്(റ) പറഞ്ഞു: “അല്ലാഹുവിന്റെ ദൂതരേ, ഈ സന്തോഷവാർത്ത ജനങ്ങളെ ഞാൻ അറിയിക്കട്ടെ! എന്നാൽ അവർ സന്തോഷപുളകിതരാകും!!” തിരുനബി(സ) പറഞ്ഞു: അപ്പോൾ അവർ വിശ്വാസമർപ്പിച്ചു നിൽക്കും”(വേറെ സൽകർമ്മങ്ങൾ ചെയ്യാതിരിക്കും. അതിനാൽ പറയേണ്ട.) കുറ്റകൃത്യത്തിൽനിന്ന് ഒഴിവാകാൻ വേണ്ടി മുആദ് മരണസയമത്ത് ഈ വാർത്ത ജനങ്ങളെ അറിയിച്ചു (മുസ്‌ലിം-ഹദീസ്: 53)

‘റസൂലുല്ലാഹി(സ)യിൽ നിന്ന് ഞാൻ കേട്ട, നിങ്ങൾക്ക് ഖൈറുള്ള എല്ലാ ഹദീസുകളും ഞാൻ നിങ്ങൾക്ക് പറഞ്ഞുതന്നിരിക്കുന്നു’ എന്ന ഉബാദത്തി(റ)ന്റെ വാചകത്തെ നവവി ഇമാം ചർച്ചക്കു വെക്കുന്നു:

“ഖാളി ഇയാള്(റ) പറയുന്നു: എല്ലാവരുടെയും ബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത, ഫിത്നയോ ബുദ്ധിമുട്ടോ ഭയപ്പെട്ട ഹദീസുകളെ ഉബാദത്ത് ബ്നു സ്വാമിത്ത്(റ) പറയാതിരുന്നിട്ടുണ്ട് എന്നതിന് ഈ വാചകത്തിൽ തെളിവുണ്ട്. ശരീഅത്തിന്റെ വിധിവിലക്കുകളുമായോ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയുമായോ കർമ്മവുമായോ ബന്ധമില്ലാത്തവയാണ് അവ. കർമ്മവുമായി ബന്ധമില്ലാത്തതോ അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ടതല്ലാത്തതോ പൊതുജനങ്ങൾക്ക് ഉൾകൊള്ളാൻ കഴിയാത്തതോ പറഞ്ഞവനോ കേട്ടവനോ ഉപദ്രവം ഭയപ്പെട്ടതോ ആയ ഹദീസുകളെ ഒഴിവാക്കിയത് സ്വഹാബത്തിൽനിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് മുനാഫിഖുകളുടെ വാർത്തകളുമായി ബന്ധപ്പെട്ടതും ഭരണസംബന്ധമായതും ചില പ്രത്യേക വിഭാഗങ്ങളെ ചീത്ത വിശേഷണങ്ങൾ കൊണ്ട് വിശേഷിപ്പിച്ചതും ചില ആളുകളെ ആക്ഷേപിച്ചതും ചിലരെ ശപിച്ചതുമെല്ലാം. (ശർഹ് മുസ്‌ലിം 184-1)

‘കുറ്റത്തിൽനിന്ന് ഒഴിവാകാൻ വേണ്ടി മരണസമയം മുആദ് ഈ വാർത്ത പറഞ്ഞു’ എന്നതിന് നവവി ഇമാം(റ) നൽകുന്ന വ്യാഖ്യാനം ഇതാണ്: ‘മുആദ് കുറ്റത്തിൽനിന്ന് ഒഴിവായി’ എന്നതിന്റെ ആശയം മുആദ്(റ) ഒരു അറിവ് അറിയുന്നവരായിരുന്നു, ആ വിജ്ഞാനം മുആദിന്റെ മരണത്തോടെ നഷ്ടപ്പെടുന്നതിനെ അദ്ദേഹം ഭയപ്പെട്ടു. നഷ്ടപ്പെട്ടാൽ അറിവ് മറച്ചുവെച്ചവനാകുമെന്നും റസൂലിന്റെ ഹദീസിനെ പിൻതലമുറക്ക് കൈമാറാനുള്ള നബി(സ)യുടെ ആജ്ഞ അനുസരിക്കാതെ കുറ്റവാളിയാകുമെന്നും ചിന്തിച്ചപ്പോൾ മുആദ്(റ) സൂക്ഷ്മതയുള്ളവരാകുകയും കുറ്റവാളിയാവാതിരിക്കാൻ വേണ്ടി ഈ ഹദീസ് റിപ്പോർട്ട് ചെയ്യുകയും നബി(സ)യുടെ വിലക്ക് (ഹദീസ് പറയേണ്ട എന്നു പറഞ്ഞത്) കർക്കശ സ്വഭാവത്തോട് കൂടിയതല്ല എന്ന് വിശ്വസിക്കുകയും ചെയ്തു. (ശർഹു മുസ്‌ലിം 1-193)

നബി(സ) ഹജ്ജത്തുൽ വിദാഇൽ അറഫയിൽ വെച്ച് ഒരു ലക്ഷം സ്വഹാബത്തിനോട് ആജ്ഞാപിച്ച “സന്നിഹിതരായവർ സ്ഥലത്തില്ലാത്തവർക്ക് എത്തിച്ചുകൊടുക്കുക” എന്ന കൽപ്പനയെ സ്വഹാബത്ത് വളരെ കണക്കിലെടുക്കുകയും ഇസ്‌ലാമിക ശരീഅത്തുമായി ബന്ധമുള്ള എന്തെല്ലാം മനസ്സിലാക്കിയിട്ടുണ്ടോ അതെല്ലാം അവർ പിൻതലമുറയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

മേലുദ്ധരിച്ച രണ്ടു ഹദീസുകളും അതിന്റെ വ്യാഖ്യാനവും ചിന്തിച്ചാൽ ഇക്കാര്യം മനസ്സിലാകുന്നതാണ്.

സ്വഹാബത്ത് ഹദീസുകൾ പിൻതലമുറയ്ക്ക് (താബിഉകൾക്ക്) വിവരിച്ചു കൊടുക്കുന്നത് രണ്ടു വിധത്തിലാണ്. 1) നബി(സ) ഇന്നത് പറഞ്ഞു, ചെയ്തു, അംഗീകരിച്ചു എന്നീ രീതികളിൽ. 2) ഇജ്തിഹാദിന് സാധ്യതയില്ലാത്ത ഒരു കാര്യം സ്വഹാബത്ത് പറയുകയോ പ്രവർത്തിക്കുകയോ അംഗീകരിക്കുകയോ ചെയ്യുക. ഇതിന്ന് ഹുക്മിൽ മർഫൂഅ് എന്നാണ് സാങ്കേതികമായി പറയുക. ഈ നിലയ്ക്ക് കാര്യം ഗ്രഹിച്ചാൽ സ്വഹാബത്ത് റസൂലിന്റെ സുന്നത്ത് താബിഉകൾക്ക് പകർന്നു കൊടുക്കുന്നവരായിരുന്നുവെന്ന് മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല. ഓരോ സ്വഹാബിയും വഫാത്താകുമ്പോൾ ആയിരക്കണക്കിന് ഹദീസുകൾ നഷ്ടപ്പെടുകയായിരുന്നു എന്ന വാദം തെറ്റാണെന്ന് ഗ്രഹിക്കാവുന്നതാണ്. ഇൽമ് മറച്ചുവെക്കൽ കുറ്റമാണെന്ന് മേലുദ്ധരിച്ചതിൽനിന്ന് വ്യക്തമായതു കൊണ്ട്, അങ്ങനെ സ്വഹാബത്ത് വഫാത്താകുമ്പോൾ ഹദീസുകൾ നഷ്ടപ്പെട്ടാൽ, ഈ പാപം ചെയ്തു മരിച്ചവരാണ് സ്വഹാബികൾ എന്നു പറയേണ്ടിവരും. അതെത്ര ആപത്കരമാണ്.

സ്വഹാബയുടെയും താബിഉകളുടെയും ശേഷമുള്ള ഇമാമുകൾക്ക് ഏഴും എട്ടും പത്തും പന്ത്രണ്ടും

ഓരോ സ്വഹാബിയും വഫാത്താകുമ്പോൾ ആയിരക്കണക്കിന് ഹദീസുകൾ നഷ്ടപ്പെടുകയായിരുന്നു എന്ന വാദം തെറ്റാണെന്ന് ഗ്രഹിക്കാവുന്നതാണ്. ഇൽമ് മറച്ചുവെക്കൽ കുറ്റമാണെന്ന് മേലുദ്ധരിച്ചതിൽനിന്ന് വ്യക്തമായതു കൊണ്ട്, അങ്ങനെ സ്വഹാബത്ത് വഫാത്താകുമ്പോൾ ഹദീസുകൾ നഷ്ടപ്പെട്ടാൽ, ഈ പാപം ചെയ്തു മരിച്ചവരാണ് സ്വഹാബികൾ എന്നു പറയേണ്ടിവരും. അതെത്ര ആപത്കരമാണ്



തത്വങ്ങളും മാനിച്ചതാണ്. ആദ്യകാലം ജീവിച്ച മുതിർന്ന സ്വഹാബികളും നബിയുടെ കാലത്ത് ചെറുപ്പക്കാരും പിൽക്കാലത്ത് വഫാത്തായവരുമായ സ്വഹാബികളും റിപ്പോർട്ട് ചെയ്യുന്ന ഹദീസുകൾ മിക്കതും ഒന്നായിരിക്കും. ഉദാഹരണങ്ങൾ, നബിയുടെ കൂടെ ഒരു ദിവസം ഒരേ നിസ്കാരത്തിൽ പങ്കെടുത്തവർക്കെല്ലാം പറയാനുള്ളത് ഒന്നായിരിക്കും. നിസ്കാരം നിർബ ന്ധമാക്കപ്പെട്ടതിനു ശേഷം ചില ദുർബ്ബലപ്പെടുത്തപ്പെട്ട കാര്യങ്ങൾ ഒഴി ച്ചാൽ എല്ലാ ദിവസത്തെയും നിസ്കാ രത്തിന്റെയും ഫർളുകൾ ഒന്നാകും. സുന്നത്തുകൾ ചിലപ്പോൾ വ്യത്യാസ പ്പെട്ടേക്കാം. ഇതുതന്നെയാണ് വുളൂഇ

ലക്ഷം ഹദീസുകൾ മനഃപാഠമുണ്ടാ യിരുന്നുവെന്നത് ചരിത്രയാഥാർത്ഥ്യ മാണല്ലോ, ഇന്ന് എല്ലാ സ്വഹീഹും ളഈഫും എണ്ണിയാൽ വളരെ തുഛമ ല്ലേയുള്ളൂ, അപ്പോൾ ഹദീസ് നഷ്ടപ്പെ ട്ടുവെന്ന കാര്യത്തിൽ സംശയമില്ലല്ലോ എന്നൊക്കെ വിചാരിക്കുന്ന ചിലരു ണ്ട്. അതിനു ഹദീസുകൾ പരിചയ മുള്ള ഇമാമുകൾ മറുപടി പറയു ന്നുണ്ട്.

ഇമാം ബൈഹഖി(റ) പറയുന്നു: "ഈമാം പറഞ്ഞ ലക്ഷങ്ങൾ നബി(സ)യുടേത് മാത്രമല്ല, സ്വഹാബ ത്തിന്റേതും താബിഉകളുടേതുമെല്ലാം ഉൾകൊള്ളുന്ന വചനങ്ങളും പ്രവൃ ത്തികളും അംഗീകാരങ്ങളുമാണ്." ഇന്ന് ജീവിച്ചിരിക്കുന്ന എല്ലാവരെ ക്കാളും ഹദീസ് എന്താണെന്ന് മനസ്സി ലാക്കിയതും ഇമാം ബൈഹഖി(റ) തന്നെയാണ്. അദ്ദേഹം ഇങ്ങനെ പറ ഞ്ഞതിനെ കൊച്ചാക്കുന്നവർ അവ രുടെ അജ്ഞത പുറത്തേക്കെടുത്തു വെന്നു മാത്രം.

ഇമാം ബുഖാരി പറയുന്നു: "ഒരു ലക്ഷം സ്വഹീഹായ ഹദീസും രണ്ടു ലക്ഷം സ്വഹീഹല്ലാത്ത ഹദീസും എനിക്ക് മനഃപാഠമുണ്ട്." ഇത് വിശദീ കരിച്ചു മുല്ലാ അലിയ്യുൽ ഖാരി എഴു തുന്നു: "ഒരു ലക്ഷം സ്വഹീഹായ ഹദീസും രണ്ടു ലക്ഷം സ്വഹീഹല്ലാ ത്തതും എന്നതു കൊണ്ട് ഉദ്ദേശിക്ക പ്പെടുന്നത് നബിയിൽനിന്ന് ഉദ്ധരിക്ക പ്പെട്ടത് മാത്രമല്ല. ഒരേ ഹദീസിന്

ഇമാം ബൈഹഖി(റ) പറയുന്നു: "ഈമാം പറഞ്ഞ ലക്ഷങ്ങൾ നബി(സ)യുടേത് മാത്രമല്ല, സ്വഹാബ ത്തിന്റേതും താബിഉകളുടേതുമെല്ലാം ഉൾകൊള്ളുന്ന വചനങ്ങളും പ്രവൃത്തികളും അംഗീകാരങ്ങളുമാണ്." ഇന്ന് ജീവിച്ചിരിക്കുന്ന എല്ലാവരെക്കാളും ഹദീസ് എന്താണെന്ന് മനസ്സിലാക്കിയതും ഇമാം ബൈഹഖി(റ) തന്നെയാണ്

തന്നെ പല റിപ്പോർട്ടർമാർ ഉണ്ടാകു മ്പോൾ പലതായി പരിഗണിക്കുന്നു. അതുപോലെ സ്വഹാബത്തിന്റെയും താബിഉകളുടെയും അവരല്ലാത്തവരു ടെയും ഫത്വകളും പ്രവൃത്തികളും അംഗീകാരങ്ങളും അവരുടെ ഫത്വ കളും ഇതെല്ലാം കൂടിയാണ് മേലുദ്ധ രിച്ച ലക്ഷങ്ങൾ. (മിർഖാത്ത് 1-13) ഇതുപോലെ ഹദീസ് പണ്ഡി തൻമാരും വിശദീകരണം നൽകിയിട്ടു ണ്ട്.

ആദ്യകാലം വഫാത്തായ സ്വഹാ ബത്തിന്റെ ഹദീസുകൾ, കൂടുതൽ കാലം ജീവിച്ചവരുടെ ഹദീസുകളുടെ അത്ര ഇല്ലാത്തതിന് ഹദീസ് ക്രോഡീ കരണത്തിന് ചില നിബന്ധനകളും

ന്റെയും കുളിയുടെയും നോമ്പി ന്റെയും മറ്റു അനുഷ്ഠാന കർമ്മങ്ങളു ടെയും സ്വഭാവം. അതുകൊണ്ടാണ് നബി(സ)യുടെ കാലത്ത് ഇസ്ലാമാ ശ്ലേഷിച്ച് നബിയുടെ കൂടെ ഒരു ദിവ സമോ അതിൽ കൂടുതലോ താമസിച്ച് തിരിച്ചുപോകുന്ന സ്വഹാബത്തിനോട് അവരുടെ നാട്ടിലുള്ളവർക്ക് ദീനുൽ ഇസ്ലാം പഠിപ്പിച്ചു കൊടുക്കാൻ ഏൽപ്പിക്കുന്നതും. അവർപഠിപ്പിക്കു ന്നതും സ്വഹാബത്തുകളിൽ ഓരോരു ത്തരും വൈവിധ്യങ്ങളായ ഹദീസുക ളായിരുന്നു റിപ്പോർട്ട് ചെയ്തിരുന്ന തെന്ന് ഇതുവരെ ഒരാളും പറയാത്ത താണ്.

പരിശുദ്ധ ഖുർആനും തിരുസു

ന്നത്തും ഈ ഉമ്മത്തിനുവേണ്ടി തിരുനബി(സ) തന്നേൽപ്പിച്ചുപോയതാണ്. ഇതു രണ്ടും അവസാനനാൾ വരെ നിലനിൽക്കും. പക്ഷേ, അത് രണ്ടും ഗ്രാഹ്യമാകണമെങ്കിൽ, അതുമായി ബന്ധപ്പെട്ട് അഗാധ പാണ്ഡിത്യം വേണം. അതുള്ളവർ മുജ്തഹിദുകൾ മാത്രമാണ്. ഇത്തരം മുജ്തഹിദുകൾ ഹിജ്റ 200-നു ശേഷം ഉണ്ടാവാത്തതിനാൽ അത് രണ്ടും ഗ്രഹിച്ച മുജ്തഹിദുകളുടെ വ്യാഖ്യാനം അത് രണ്ടിന്നും നൽകണം. ആ വ്യാഖ്യാനത്തിലൂടെ ഖുർആനും സുന്നത്തും വിശദീകരിക്കണം. ഇതുതന്നെയാണ് നമ്മുടെ ഗുരുപണ്ഡിതന്മാർ നമുക്ക് കാണിച്ചുതന്ന മാർഗവും.

നഹ്‌വിന്റെ കിതാബുകളും അൽഫിയ്യയും ഫത്ഹുൽ മുഈനും നഫാഇസും ശർഹുത്തഹ്ദീബും ഓതിപ്പഠിപ്പിച്ചാൽ പിന്നീട് തഫ്സീറും മിശ്കാത്തും കൂടെ മുഖ്തസറും തുടങ്ങും. അങ്ങനെ ഖുർആനിന്റെ ഓരോരോ ആയത്തിനും ഇമാമുകൾ നൽകിയ അർത്ഥവും വ്യാഖ്യാനവും പഠിപ്പിക്കും. ഹദീസിന്ന് മുജ്തഹിദുകൾ നൽകിയ വ്യാഖ്യാനവും അർത്ഥവും പറയും. ചിലപ്പോൾ നാലു മദ്ഹബും അതിന്റെ തെളിവുകളും അത് തെളിവാകുന്ന രൂപവും പഠിപ്പിക്കും. ഇതാണ് യഥാർത്ഥ ശൈലി. ഇതു തെറ്റാണ്, ഖുർആനും സുന്നത്തും മുജ്തഹിദുകൾക്കുള്ളതാണ്, നമുക്ക് വെറും മദ്ഹബ് ഗ്രന്ഥങ്ങൾ മാത്രം മതി എന്ന് ജൽപ്പിക്കുന്നത് ശരിയല്ല. പ്രത്യേകിച്ച് ഇമാമുകളെയും അവരുടെ ഗ്രന്ഥങ്ങളെയും അംഗീകരിക്കുകയില്ലെന്ന് വാദിക്കുന്ന പുത്തനാശയക്കാരുടെയും ഇസ്‌ലാമിന്റെ പൊതുശത്രുക്കളുടെയും മുന്നിൽ.

ഖുർആനിലെ ഓരോരോ വാചകത്തിനും പല ഇമാമുകളും നൽകിയ വ്യാഖ്യാനങ്ങൾ ഓരോന്നും ഓരോരോ ഹദീസായി പരിഗണിക്കാമെന്ന് വ്യാഖ്യാനിക്കപ്പെടുമ്പോൾ, 1,40,000 ഹദീസുകൾ തഫ്സീറിന്റെ വിഷയത്തിൽ മാത്രം അബൂസുർഅ(റ)വിന് ഉണ്ടായിരുന്നു എന്നതിനെ ചിലർ സംശയിക്കുന്നത്, 'ആ ഒന്നരലക്ഷം ഇന്നുണ്ടോ' എന്നതാണ്. യഥാർത്ഥത്തിൽ ഖുർആനിന്റെ ഇന്നു ലഭ്യമായ തഫ്സീറുകൾ നാം കണ്ണോടിച്ചാൽ പത്ത് ലക്ഷവും അതിൽ കൂടുതലും നമുക്ക് ലഭിക്കും.

അത്വാഅ്ബ്നു റവാഹ്(റ)വിന്റെ രിവായത്ത് പ്രകാരം പരിശുദ്ധ ഖുർആനിൽ 77439 പദങ്ങളുണ്ട്. ഇവയിൽ എല്ലാ പദങ്ങൾക്കും വ്യാഖ്യാനങ്ങളുമുണ്ട്. വ്യാഖ്യാനം നൽകപ്പെടാത്ത ഒരൊറ്റ വാക്കും ഖുർആനിലില്ല. അധികവും ഒന്നിൽ കൂടുതൽ വ്യാഖ്യാനങ്ങളുള്ളതാണ്. ചില പദങ്ങളുടെ മുമ്പുള്ള 'അലിഫ്‌ലാം' പോലോത്ത പദങ്ങൾക്ക് പല വ്യാഖ്യാനങ്ങളുമുണ്ടാകും. പല പദങ്ങൾ ഉൾകൊള്ളുന്ന വചനങ്ങൾക്ക് പല ഉദ്ദേശ്യങ്ങളുമുണ്ടാകും. ഇങ്ങനെ, തഫ്സീറുകൾ നോക്കിയാൽ ലക്ഷക്കണക്കിന് വ്യാഖ്യാനം നമുക്ക് ലഭിക്കും. അതെല്ലാം ഹദീസ് എന്ന് പറയപ്പെടുന്നു. ചുരുക്കത്തിൽ, തഫ്സീർ ജലാലൈനി സമർത്ഥനായ ഉസ്താദിന്റെ പക്കൽ നിന്ന് ഓതിത്തീരുമ്പോഴേക്കും രണ്ടു ലക്ഷത്തിൽ കൂടുതൽ തഫ്സീർ (ഹദീസ്) ഒരാൾക്ക് ഗ്രഹിക്കാനാവും.

*-അവസാനിക്കുന്നില്ല*




ദാമ്പത്യ ജീവിതം പരാജയമോ? പ്രയാസം വേണ്ട!

സ്നേഹം പിടിച്ചു വാങ്ങാനാവില്ല. ജീവിതപങ്കാളിയുടെ സ്നേഹം നേടിയെടുക്കാൻശരീരംകൊണ്ടും മനസ്സുകൊണ്ടും സ്നേഹിക്കുകയേ മാർഗ്ഗമുള്ളൂ. ശാരീരിക പ്രശ്നങ്ങൾ സ്നേഹത്തിനുതടസ്സമാവുന്നുവെങ്കിൽ ഉടൻ ചികിത്സ തേടൂ. അല്ലെങ്കിലതുനിങ്ങളുടെ ജീവിതം തന്നെ തകർത്തേക്കാം. പ്രശ്നം ദാമ്പത്യമെങ്കിൽ പരീക്ഷണത്തിനു സമയമില്ല.ദാമ്പത്യത്തെ ബാധിക്കുന്ന വിവിധ തരം രോഗങ്ങൾക്ക് പാർശ്വഫലങ്ങളില്ലാത്ത മരുന്നുകൾകൊണ്ട് നിരവധി പേർക്ക് ആശ്വാസമേകിയ പാരമ്പര്യ വൈദ്യൻ സി.പി.സുലൈമാൻ വൈദ്യരുടെ അജന്ത ആയുർവേദ ക്ലിനിക്കിൽ പ്രത്യേക ചികിത്സ ലഭിക്കുന്നു.

ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, സ്വപ്നസ്ഖലനം, ശക്തിക്കുറവ്, തൃപ്തിയില്ലായ്മ, ബീജാണുക്കൾ കുറവ്, നാഡീതളർച്ച, കൈകാൽ വിറയൽ, ഭയം, ഉദ്ധാരണമില്ലായ്മ, വലിപ്പക്കുറവ് തുടങ്ങിയ എല്ലാ രഹസ്യരോഗങ്ങൾക്കും ചികിത്സ ലഭിക്കുന്നു.സ്ത്രീകളിലെ അസ്ഥിയുരുക്കം, മൂത്രാശയ രോഗങ്ങൾ, ചൊറിച്ചിൽ, ആർത്തവ ക്രമക്കേടുകൾ തുടങ്ങിയ എത്രപഴക്കമുള്ള രോഗങ്ങൾക്കും പാർശ്വഫലങ്ങളില്ലാത്ത ചികിത്സ ലഭ്യമാണ്.അർശസ്, പൈൽസ്, പ്രമേഹത്താലുള്ള ലൈംഗിക പ്രശ്നങ്ങൾ എന്നിവയ്ക്കും സന്താന ലബ്ദിക്കും ചികിത്സിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് നേരിൽ ബന്ധപ്പെടുക.

ശരീരം തടിക്കുവാനും ആരോഗ്യത്തിനും പ്രത്യേക ചികിത്സ

സി.പി.സുലൈമാൻ വൈദ്യർ
അജന്ത ആയുർവേദിക് ക്ലിനിക്ക്
E.M.S പാർക്കിന് മുൻവശം, ഏഴൂർ റോഡ്, തിരൂർ-676 101
എല്ലാ ദിവസവും 9 മുതൽ 7 വരെ, ഞായർ ഒഴിവ്
Ph :0494-2421563, 9947005000

സ്വാതന്ത്ര്യ സാക്ഷാൽകാരത്തിന് വേണ്ടി ജനങ്ങളെ അണിനിരത്തിയത് കൊണ്ടു തന്നെ നിരവധി തവണ അറസ്റ്റ് വരിക്കുകയും ചെയ്തു. പക്ഷേ, ജഡ്ജിമാരെ പോലും അന്ധാളിപ്പിച്ച മൗലാനയുടെ ശക്തമായ മറുപടിയിൽ നബി(സ)യുടെയും സ്വഹാബത്തിന്റെയും ജീവിതക്രമവും കലിമത്തുതൗഹീദും മുഴങ്ങിക്കേട്ടിരുന്നു

# മൗലാനാ മുഹമ്മദലി മുസ്‌ലിം നേതൃത്വത്തിന്റെ മഹനീയത

▶▶റാശിദ് സി.കെ. കുട്ടശ്ശേരി

**ഇ**ന്ത്യൻ സ്വാതന്ത്ര്യ സാക്ഷാൽകാരത്തിന് കൈയ്യൊപ്പ് സമ്മാനിച്ച പ്രമുഖ നേതാവായിരുന്നു മൗലാന മുഹമ്മദലി. പ്രകൃതിരമണീയമായ റാംപൂർ എന്ന മുസ്‌ലിം നാട്ടുരാജ്യത്ത് ഇസ്‌ലാമിക റിപ്പബ്ലിക്കിന്റെ ഒന്നാം ഖലീഫ അബൂബക്കർ സിദ്ദീഖ്(റ)ന്റെ വംശപരമ്പരയിൽ പെട്ട ഒരു കുലീന തറവാട്ടിൽ 1878 ഡിസംബറിലായിരുന്നു അദ്ദേഹത്തിന്റെ ജനനം.

രണ്ടാം വയസ്സിൽ പിതാവ് മരണപ്പെട്ട മൗലാനയെയും വികലാംഗനായ മൂത്ത സഹോദരനെയുമടക്കം എട്ട് സന്താനങ്ങളെ സംരക്ഷിക്കേണ്ട ബാധ്യത ഉമ്മയിലാണ് വന്നുചേർന്നത്. കുഞ്ഞുന്നാളിലെ കഷ്ടപ്പാടുകളുടെ ജീവിതമായിരുന്നു അദ്ദേഹത്തിന് എങ്കിലും ആത്മധൈര്യവും ദൃഢനിശ്ചയവുമുള്ള ഉമ്മ സന്താനങ്ങളെ ഉന്നതങ്ങളിലേക്ക് എത്തിക്കാൻ കഠിന പ്രയത്നം നടത്തി. തികച്ചും ഇലാഹീ ഭക്തിയിൽ ജീവിതം നയിച്ച മാതാവിന് തന്റെ സന്താനങ്ങളെ ഇസ്‌ലാമിന്റെ നേരായ പാതയിലൂടെ വഴിനടത്താൻ സാധിച്ചു.

ജീവിതപ്രതിസന്ധികൾക്ക് പരിഹാരം കാണാൻ ഉമ്മയെയായിരുന്നു മുഹമ്മദലി ആശ്രയിച്ചിരുന്നത്. തന്റെ മാതാവിനെ കുറിച്ച് പലപ്പോഴും അദ്ദേഹം നന്ദിയോടെ സ്മരിക്കാറുണ്ടായിരുന്നു. മാതാവ് മുഹമ്മദലിയെ വിദ്യാഭ്യാസ രംഗത്തേക്ക് കൈപ്പിടിച്ചുയർത്തുകയും ഇംഗ്ലീഷ് ഭാഷയോടുള്ള പ്രതിഷേധം ആളിക്കത്തിയിരുന്ന സമയത്ത് ബറേലിയിലെ സെക്കന്ററി സ്കൂളിലേക്ക് പഠനത്തിന് അയക്കുകയും ചെയ്തു. ഇത് വലിയ പ്രശ്നങ്ങൾക്ക് തിരികൊളുത്തി.

കുടുംബ ചെലവുകൾ നോക്കിയി

രുന്ന അമ്മാവൻ സഹോദരിയുടെ പ്രവർത്തനങ്ങളിൽ കോപിഷ്ഠനാവുകയും കുടുംബ ചെലവുകൾ വഹിക്കാൻ അദ്ദേഹം വിസമ്മതിക്കുകയും ചെയ്തു. മാതാവ് ഇതു വലിയ പ്രശ്നമായി എടുത്തില്ല. തന്റെ ആത്മ ധൈര്യവും ധീരതയും മുറുകെപ്പിടിച്ച് തനിക്കുണ്ടായിരുന്ന ആഭരണങ്ങൾ ബാങ്കിൽ പണയംവെക്കുകയും അതിൽനിന്ന് ലഭിച്ച പണം കൊണ്ട് മക്കളുടെ വിദ്യാഭ്യാസ ചെലവ് നിർവഹിക്കുകയും ചെയ്തു. ഗത്യന്തരമില്ലാതെ വന്ന അമ്മാവൻ ആഭരണങ്ങൾ വാങ്ങിക്കൊടുക്കാനും കടം വീട്ടാനും മുന്നോട്ടുവരികയായിരുന്നു.

സഹോദരന്മാരായ സുൽഫീക്കറും ശൗഖത്തലിയും അലിഗഡ് കോളേജിൽ നിന്നും ബിരുദമെടുക്കുമ്പോൾ മുഹമ്മദലി അവിടെ പഠനത്തിന്റെ പ്രഥമ ഘട്ടത്തിലായിരുന്നു. അസാധാരണ ഓർമശക്തിയുള്ള വിദ്യാർത്ഥിയായ മൗലാന നന്നായി പഠിക്കുന്ന വിദ്യാർത്ഥി എന്ന നിലയിൽ സ്കോളർഷിപ്പിനർഹനായി. അലഹബാദ് സർവ്വകലാശാലയുടെ ബി.എ. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ അദ്ദേഹത്തെ ഉപരിപഠനത്തിനായി ലണ്ടനിലേക്ക് പറഞ്ഞയക്കാൻ ശൗഖത്തലി തീരുമാനിച്ചു. മുഹമ്മദലി പഠിച്ചുയർന്ന് ഒരു വലിയ പണ്ഡിതനായി



*മൗലാന മുഹമ്മദലി*

പുറത്തിറങ്ങണമെന്നായിരുന്നു എല്ലാവരുടെയും ആഗ്രഹം.

ഇസ്ലാമിന്റെ വിധിവിലക്കുകളനുസരിച്ച് ജീവിക്കാൻ മറന്നു പോവരുതെന്ന് ലണ്ടനിലേക്ക് പുറപ്പെടുമ്പോൾ മാതാവ് പ്രത്യേകം ഉപദേശം നൽകിയിരുന്നു. ഇത് പൂർണമായും നിറവേറ്റാൻ മൗലാന മനസ്സും ശരീരവും കാത്തുനിന്നു. ഐ.സി.എസ്.പരീക്ഷയിൽ പാസാകാത്തതിനാൽ ആധുനിക ചരിത്രം വിഷയമെടുത്ത് അദ്ദേഹം ഓണേഴ്സ് ബിരുദം നേടി.

സർഗാത്മക കഴിവുകൾ സമഞ്ജസമായി സമ്മേളിച്ച വ്യക്തിയായിരുന്നു മുഹമ്മദലി. അദ്ദേഹത്തിന്റെ പ്രസംഗം ബ്രിട്ടീഷുകാരുടെ നെഞ്ചിൽ തറക്കുന്നതും തൂലിക അവരുടെ കണ്ണ് തുറപ്പിക്കുന്നതുമായിരുന്നു. മൗലാനയുടെ പ്രഭാഷണ ശൈലി കേട്ട് ഓക്സ്ഫോർഡ് കോളേജിലെ സാഹിത്യസമാജത്തിന്റെ സെക്രട്ടറിയായി അദ്ദേഹത്തെ തെരഞ്ഞെടുത്തു. ഒരു ഏഷ്യൻ വിദ്യാർത്ഥിക്ക് ആദ്യമായാണ് ഈ ബഹുമതി ലഭിക്കുന്നത്.

'ഇന്നത്തെ അസംതൃപ്തിയെ കുറിച്ചുള്ള ചിന്തകൾ' (Thougts on the present discontent) എന്ന ശീർഷകത്തിൽ 'ടൈംസ് ഓഫ് ഇന്ത്യ'യിലേക്ക് ഒരു ലേഖനപരമ്പര എഴുതി. ബറോഡയിൽ ഒരു ഉയർന്ന ഉദ്യോഗത്തിലിരിക്കുന്ന ഘട്ടമായിരുന്നു അത്. ലേഖനപരമ്പരയിലെ ആശയങ്ങൾ ബറോഡയിലെ ബ്രിട്ടീഷ് റസിഡണ്ടിനെ പ്രകോപിപ്പിച്ചതിനാൽ സർക്കാർ ഉദ്യോഗസ്ഥർ ഇനിമുതൽ പത്രങ്ങളിൽ ലേഖനമെഴുതരുതെന്ന് അദ്ദേഹം ഉത്തരവിട്ടു.

മൗലാന തനിക്കുണ്ടായിരുന്ന ഉദ്യോഗത്തിൽനിന്നും പിന്മാറി. പത്രപ്രവർത്തനത്തോടുള്ള അതിയായ ആഗ്രഹംകാരണം ഒരു പത്രം ആരംഭിക്കുകയും ചെയ്തു. അതിന്റെ എല്ലാ പ്രവർത്തനങ്ങളും മൗലാന മുഹമ്മദലിയും തന്റെ അടുത്ത സുഹൃത്തായ അബ്ദുറഹിമാൻ സിദ്ദീഖിയുമായിരുന്നു നിർവഹിച്ചത്.

ഉന്നത സ്ഥാനമാനങ്ങൾ അദ്ദേഹത്തെ തേടിയെത്തിയെങ്കിലും അതിനെയെല്ലാം തിരസ്കരിച്ച് പത്രലോകത്തേക്കും രാഷ്ട്രീയ വേദികളിലേക്കും അദ്ദേഹം കടന്നു വന്നു. സ്വാർത്ഥ രാഹിത്യത്തിലധിഷ്ഠിതമായ ജീവിതം നയിച്ച അദ്ദേഹം ഇന്ത്യൻ സ്വാതന്ത്ര്യ സാക്ഷാൽകാരത്തിന് എന്തും ചെയ്യാൻ തയ്യാറായി. ഇന്ത്യയിലെ മാനുഷികബന്ധങ്ങൾ തകർക്കുക എന്ന ബ്രിട്ടീഷുകാരുടെ കുരുട്ടുബുദ്ധി ഇവിടെയൊന്നാകെ വാണപ്പോൾ അത്തരം ബന്ധങ്ങൾ പുനഃസ്ഥാപിക്കാനും ഊട്ടിയുറപ്പിക്കാനും അദ്ദേഹം വളരെയധികം പ്രയത്നങ്ങൾ നടത്തി.

ഹിന്ദു സഹോദരൻമാർക്ക് വേണ്ടതെല്ലാം ചെയ്തു കൊടുക്കണമെന്നും


**ആസ്തമക്കും പാരമ്പര്യ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ**

**ദേശീയ ആയുർവ്വേദ ഫാർമസി**

**പ്ലാസ ബിൽഡിംഗ്, ഊട്ടി റോഡ്, പെരിന്തൽമണ്ണ**

Ph: 228484 (Shop), 2233038 (Resi)



മമ്പുറം മഖാമിൽ കാൽ നൂറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച് ജനമനസ്സുകൾക്ക് ശാന്തിയും സ്നേഹവും ചൊരിഞ്ഞ് രോഗങ്ങൾക്കും സങ്കീർണ്ണ പ്രശ്നങ്ങൾക്കും പരിഹാര നിർദേശങ്ങൾ നൽകിയ ഹക്കീം ടി. ടി. എം ഹാജി ഷറഫുദ്ദീൻ മൗലവി ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രോഗികളെ പരിശോധിക്കുന്നു. എല്ലാവിധ മാനസിക അസ്വസ്ഥത, അപസ്മാരം, സ്ത്രീ രോഗങ്ങൾ, ചർമ്മരോഗങ്ങൾ, പൈശാചിക രോഗങ്ങൾ, വന്ധ്യത, ലൈംഗിക രോഗങ്ങൾ, പഴക്കം ചെന്ന വാത രോഗങ്ങൾ, അൾസർ, എല്ലാവിധ അലർജികളും സൈനസൈറ്റീസ് തുടങ്ങിയ എല്ലാ രോഗങ്ങൾക്കും ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

**ഉറക്കിൽ മൂത്രം ഒഴിക്കൽ, വിട്ടുമാറാത്ത തുമ്മൽ, തലവേദന, ആസ്തമ, പ്രമേഹത്തിന് ഇൻസുലിൻ, ഇഞ്ചക്ഷനില്ലാതെ പ്രത്യേകചികിത്സയും ലഭ്യമാണ്.**

*കൂടാതെ വിദഗ്ധ ഡോക്ടർ*

**കെ. സി. മുരളീധരൻ D.A.Mന്റെ സേവനവും ലഭ്യമാണ്.**

**പരിശോധനാ സമയം:**

**10 മണി മുതൽ 12 മണി വരെ, 3 മണി മുതൽ 6 മണി വരെ**

അവർക്കെതിരെ നിങ്ങളിൽനിന്ന് ഒന്നും ഉണ്ടാവരുതെന്നുമായിരുന്നു മുഹമ്മദലി മുസ്‌ലിംകളെ ഉപദേശിച്ചത്. മനുഷ്യസൗഹാർദത്തിനു വേണ്ടി നിരവധി വേദികൾ അദ്ദേഹം സംഘടിപ്പിച്ചു. പക്ഷേ, ചിലതെല്ലാം നിഷ്ഫലമാവുകയാണ് ചെയ്തത്.

സ്വാതന്ത്ര്യ സാക്ഷാൽകാരത്തിന് വേണ്ടി ജനങ്ങളെ അണിനിരത്തിയത് കൊണ്ടു തന്നെ നിരവധി തവണ അറസ്റ്റ് വരിക്കുകയും ചെയ്തു. പക്ഷേ, ജഡ്ജിമാരെ പോലും അന്ധാളിപ്പിച്ച മൗലാനയുടെ ശക്തമായ മറുപടിയിൽ നബി(സ)യുടെയും സ്വഹാബത്തിന്റെയും ജീവിതക്രമവും കലിമത്തുതൗഹീദും മുഴങ്ങിക്കേട്ടിരുന്നു. ഇസ്‌ലാമിക ആശയങ്ങളിൽനിന്ന് അണുമണിതൂക്കം വ്യതിചലിക്കാൻ അദ്ദേഹം തയ്യാറായില്ല. ഇന്ത്യയിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ച് ജഡ്ജിമാരോട് രോഷാകുലനായി സംസാരിക്കുകയും ചെയ്തു.

അലിഗഡ് കോളേജിലെ എട്ടു വർഷത്തെ ജീവിതത്തിനിടയിലായിരുന്നു വിശുദ്ധ ഖുർആനിനെ ഗഹനമായി അദ്ദേഹം മനസ്സിലാക്കിയത്. ഇത് അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം സ്വാധീനിക്കുകയും ചെയ്തു. ഇസ്‌ലാമികമായ ജീവിതത്തിലേക്ക് അദ്ദേഹത്തെ തള്ളിവിട്ടത് സ്വന്തം മാതാവും അതു പോലെ മൗലാനയുടെ ഗുരുവായിരുന്ന ശംസുൽ ഉലമ ശിബ്‌ലി നുഅ്മാനിയുടെ പ്രഭാഷണവുമായിരുന്നു.

ഇവരിൽനിന്നും ലഭിച്ച ഇസ്‌ലാമികാവേശവുമായി ജീവിതം നയിക്കുകയും ഒന്നിനെയും കൈവെടിയാതെ സമരങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. നെഹ്റുവും ഗാന്ധിജിയും മൗലാനയുടെ ആത്മധൈര്യവും ആർജ്ജവവും കണ്ട് അദ്ദേഹത്തെ പുകഴ്ത്താറുണ്ടായിരുന്നു.

ഉദ്യോഗങ്ങൾ രാജിവെച്ച് രാഷ്ട്രീയത്തിലേക്ക് ഇറങ്ങിയതു മുതൽ ക്ലേശകരമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. അറസ്റ്റുകളും വിചാരണകളും ജയിലുകളിലെ എകാന്ത തടവുകാരനായുള്ള പീഡനങ്ങളുമെല്ലാം അദ്ദേഹത്തെ മാനസികമായും ശാരീരികമായും വളരെയധികം



ഇന്ത്യൻ മുസ്‌ലിംകൾക്ക് അഭിമാനകരമായ അസ്ഥിത്വത്തിന്റെ വഴിയും വെളിച്ചവും കാണിച്ചുകൊടുത്ത ഈ മഹാമനീഷിയെ കുറിച്ചുള്ള പഠനം പുതിയകാലത്ത് ഗഹനമായി നടക്കേണ്ടതുണ്ട്. കൈ നനയാതെ മീൻ പിടിക്കുന്ന ഏറെ ലാഭകരമായ ബിസിനസായി മാറിയ ഇന്നത്തെ രാഷ്ട്രീയ കോലാഹലങ്ങൾക്ക് അറുതി വരാനും ഒരു പക്ഷേ അത് കാരണമായേക്കും

ബാധിക്കുകയുണ്ടായി.

രോഗബാധിതനായി കിടക്കുന്നതിനിടയിലും നിരവധി വേദികളിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടു. മരണത്തിലേക്കുള്ള അവസാന നിമിഷങ്ങളിൽ ഇന്ത്യയിലെ ഹിന്ദു-മുസ്‌ലിം മൈത്രിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിലായിരുന്നു മൗലാന. ഇതിനിടെ രോഗം മൂർഛിച്ചു. 1931 ജനുവരി 4-ന് 53-ാം വയസിൽ ആ മഹാൻ ലോകത്തോട് വിടപറഞ്ഞു.

ഇന്ത്യൻ മുസ്‌ലിംകൾക്ക് അഭിമാനകരമായ അസ്ഥിത്വത്തിന്റെ വഴിയും വെളിച്ചവും കാണിച്ചുകൊടുത്ത ഈ മഹാമനീഷിയെ കുറിച്ചുള്ള പഠനം പുതിയകാലത്ത് ഗഹനമായി നടക്കേണ്ടതുണ്ട്. കൈ നനയാതെ മീൻ പിടിക്കുന്ന ഏറെ ലാഭകരമായ ബിസിനസായി മാറിയ ഇന്നത്തെ രാഷ്ട്രീയ കോലാഹലങ്ങൾക്ക് അറുതി വരാനും ഒരു പക്ഷേ അത് കാരണമായേക്കും.

സുന്നി അഫ്കാർ
വാരിക
വരിസംഖ്യ
ഒരു വർഷം 250/-
ആറു മാസം 125/-

# ഉമ്മരപ്പടി മാറ്റാതിരിക്കാൻ...

▶▶പി. മുഹമ്മദ് റഹ്മാനി മഞ്ചേരി

ഖലീലുല്ലാഹി ഇബ്റാഹീം നബി(അ) മകൻ ഇസ്മാഈൽ(അ)നെ സന്ദർശിക്കാൻ വന്നു. വൃദ്ധനായ ആ മഹാനെ വീട്ടുകാരി തിരിച്ചറിഞ്ഞില്ല. ഇസ്മാഈൽ നബി(അ)യെ കുറിച്ചന്വേഷിച്ചപ്പോൾ തന്റെ ഭർത്താവ് ഭക്ഷണം തേടിയിറങ്ങിയ വിവരം പറഞ്ഞു: "ഇവിടെ പട്ടിണിയാണ്. അടുപ്പിൽ പുകയുയർന്നിട്ട് ദിവസങ്ങളായി..." ഭർത്താവിനെ ആക്ഷേപിച്ചും കുറ്റം പറഞ്ഞും പരാധീനതകളുടെ വലിയൊരു ഭാണ്ഡം അവളഴിച്ചു. ഇബ്റാഹീം നബി(അ) മകന് സലാം പറയാനേൽപ്പിച്ച് പോരുമ്പോൾ 'ഭർത്താവ് വന്നാൽ ഉമ്മരപ്പടി മാറ്റിവെക്കാൻ പറയണ'മെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഭർത്താവ് തിരിച്ചുവന്നപ്പോൾ കുശലാന്വേഷണത്തിനിടയിൽ വൃദ്ധനായൊരാൾ വന്നതും പറയാൻ ഏൽപ്പിച്ചതും ഭാര്യ ഉണർത്തി. ഇസ്മാഈൽ(അ) ആ വന്ന ആളെ പരിചയപ്പെടുത്തിക്കൊടുത്തു. തന്റെ പിതാവ് ഇബ്റാഹീം നബി(അ) ആണ് ആ വന്ന വൃദ്ധൻ. ഉമ്മരപ്പടി മാറ്റാൻ പറഞ്ഞതിനർത്ഥം നിന്നെ ഒഴിവാക്കാനാണ്. നീ വീട്ടിലേക്ക് പോകുക.

മറ്റൊരിക്കൽ വീണ്ടും ഇബ്റാഹീം നബി(അ) മകനെ കാണാൻ വന്നു. അന്നും മകൻ പുറത്തുപോയിരിക്കുകയായിരുന്നു. ഭാര്യ ബഹുമാനാദരവുകളോടെ വൃദ്ധനായ ആ മനുഷ്യനെ സ്വീകരിച്ചു. വീട്ടിലെ ഇല്ലായ്മകളും പ്രയാസങ്ങളും പുറത്തുകാണിക്കാതെ തന്റെ ഭർത്താ



വിനെ പുകഴ്ത്തുകയും മഹത്വങ്ങൾ പറയുകയും ചെയ്തു.

ഭർത്താവിന്റെ പിതാവാണ് തന്റെ മുമ്പിലുള്ളതെന്ന് അവൾക്കുമറിയില്ല. ഇബ്റാഹീം നബി(അ) തിരിച്ചു പോരുമ്പോൾ 'ഭർത്താവ് വന്നാൽ എന്റെ സലാം പറയണമെന്നും ഉമ്മരപ്പടി അവിടെ തന്നെ സ്ഥിരപ്പെടുത്താൻ പറഞ്ഞിട്ടുണ്ടെന്നും പറയാൻ' ഭാര്യയെ ഏൽപ്പിച്ചു.

ഇസ്മാഈൽ(അ) തിരിച്ചുവന്നപ്പോൾ ഭാര്യ ഉണ്ടായ സംഭവം വിശദീകരിച്ചു. അദ്ദേഹം പറഞ്ഞു: "വന്നയാൾ എന്റെ പിതാവാണ്. ഉമ്മരപ്പടി നീയാണ്. നിന്നെ എന്റെ ഭാര്യയായി നിലനിർത്താനാണ് പിതാവ് പറഞ്ഞതിന്റെ അർത്ഥം."

സഹോദരിമാർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ധാരാളം വിഷയങ്ങളുണ്ട്. തങ്ങളെക്കുറിച്ചും ചുറ്റുമുള്ളവരെക്കുറിച്ചും താൻ ബന്ധപ്പെടുന്നവരോട് സ്വീകരിക്കേണ്ട മര്യാദകളും തന്റെ പ്രിയതമനോട് പുലർത്തേണ്ട അച്ചടക്കങ്ങളും ഭർത്താവിന്റെ വീട്ടിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും അങ്ങനെയങ്ങനെ ധാരാളം.

ഉദ്ധൃത സംഭവം ഒരു വിരൽ ചൂണ്ടൽ മാത്രമാണ്. ഭർത്താവിനെ കുറിച്ചു ഭാര്യ സ്വീകരിക്കേണ്ട നിലപാടുകളും സമീപനങ്ങളും നമ്മുടെ സഹോദരിമാർ എത്രത്തോളം ഗൗനിക്കാറുണ്ടെന്നും ചിന്തിക്കേണ്ടതാണ്.

സ്നേഹപൂർവം പരസ്പര പൊരുത്തത്തോടെ കഴിയേണ്ടവരാണ് ഭാര്യഭർത്താക്കന്മാർ. തന്റെ അഭാവത്തിലും അപരന്റെ ന്യൂനതകളും അപാകതകളും മറച്ചുവെക്കാനും അവനെ മറ്റുള്ളവർക്കിടയിൽ വഷളാക്കാതിരിക്കാനും യഥാർത്ഥ സ്നേഹമുള്ളവർ ശ്രദ്ധിക്കും. ഭാര്യഭർത്താക്കന്മാരാകുമ്പോൾ പ്രത്യേകിച്ചും അത് ശ്രദ്ധിക്കേണ്ടതാണ്.

തന്റെ ജീവിതച്ചെലവിന് വേണ്ടി പുറത്തുപോകുന്ന ഭർത്താവിന്റെ വീട്ടിലെ റാണിയാണ് ഭാര്യ. ഭർത്താവിന്റെ വീട്ടിന്റെ ഉത്തരവാദിത്തമുള്ളവരാണ് സ്ത്രീയെന്നും അവളത് ചോദിക്കപ്പെടുമെന്നും നബി(സ) പഠിപ്പിക്കുന്നു. പ്രവാചകർ(സ) ഒരിക്കൽ നരകാഗ്നിയിൽ വെന്തുരുകുന്ന സ്ത്രീകളെ കണ്ട് അവർ കുടുംബത്തോട് നന്ദികേട് കാണിച്ചവരാണെന്നു പറയുകയുണ്ടായി.

ഭർത്താവിനോട് ഭാര്യ സ്വീകരിക്കേണ്ട സമീപനമര്യാദകൾ വിശദീകരണം അസാധ്യമാകുംവിധം പ്രവിശാലമാണ്. അതിന്റെ പാരമ്യത നബി(സ) പറഞ്ഞു: "ഒരു സൃഷ്ടിക്ക് സുജൂദ് ചെയ്യാൻ കൽപ്പിക്കുമായിരുന്നെങ്കിൽ ഭാര്യയോട് ഭർത്താവിന്ന് സുജൂദ് ചെയ്യാൻ കൽപ്പിക്കുമായിരുന്നു."

ഭാര്യ എന്നും നന്ദിയുള്ളവരാകണം-തന്റെ ഭർത്താവിനോടും ചുറ്റുമുള്ള കുടുംബാംഗങ്ങളോടും. ഭർത്താവിന്റെ തൃപ്തി നേടാൻ അവൾ അദ്ധ്വാനിക്കേണ്ടതാണ്. ഭർത്താവിന്റെ അതൃപ്തിയോടെയുള്ള ആരാധനപോലും അസ്വീകാര്യമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. 'മലക്കുകളുടെ ശാപത്തിന്ന് വിധേയയായവളാണ് ഭർത്താവിന്റെ അതൃപ്തിയോടെ രാപാർത്തവൾ" എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.

ഭർത്താവിന്റെ പൊരുത്തത്തിലല്ലാതെ മരിച്ച സ്ത്രീ സ്വർഗപ്രവേശത്തിനുപോലും പ്രാപ്തയല്ലെന്നാണെങ്കിൽ വിഷയത്തിന്റെ ഗൗരവമെത്ര! ഫാത്തിമ(റ) ലോകത്തോട് വിടപറയാനൊരുങ്ങിയ നേരത്ത്, സുബ്ഹി നിസ്കാരത്തിന് പോയതായിട്ടു പോലും അലി(റ)യെ ആളയച്ചു വരുത്തി ജീവിതകാലത്തു വല്ലതും അതൃപ്തിയായി ഉണ്ടെങ്കിൽ എല്ലാം പൊരുത്തപ്പെടണമെന്നാവശ്യപ്പെടുകയുണ്ടായി.

വീട്ടിലൊറ്റക്കാവുന്ന 'ഗൾഫ് ഭാര്യമാർ' ഭർത്താവിന്റെ അഭാവത്തിൽ ജീവിതം സുക്ഷ്മതയിലും കാര്യബോധത്തിലുമായി നയിക്കേണ്ടതാണ്. തന്റെ പ്രിയതമനെ വഞ്ചിക്കാനും ചതിക്കാനും എല്ലാം ഒത്തിണങ്ങിയ ഈ സമയങ്ങൾ ഒരിക്കലും ദുരുപയോഗപ്പെടുത്താൻ പാടില്ല.

ഭർത്താവ് വിയർപ്പൊഴുക്കി അദ്ധ്വാനിച്ചു വീട്ടിലേക്കയക്കുന്ന സമ്പത്ത് കാര്യക്ഷമതയോടെ വിനിയോഗിക്കേണ്ടത് ഭാര്യയുടെ ബാധ്യതയാണ്. മക്കൾക്കോ വീട്ടാവശ്യങ്ങൾക്കോ വേണ്ടിയായാലും അമിതവ്യയം ഗൗനിക്കേണ്ടതുണ്ട്.

വീട്ടിൽ നിത്യാവശ്യങ്ങൾക്കപ്പുറം പരസ്യങ്ങളിൽമയങ്ങി ഭർത്താവിനെ ശല്ല്യം ചെയ്യുന്നവരും വിരളമല്ല. വീട്ടിലെ സാമ്പത്തിക ഭദ്രത നിയന്ത്രിക്കാൻ സഹോദരിമാർ ശ്രദ്ധിച്ചാൽ സാധിക്കും.

തന്റെ ഭർത്താവിന്റെ വരുമാനം കണ്ടറിഞ്ഞു ചെലവുകൾ നിയന്ത്രിക്കുകയാണെങ്കിൽ ദാരിദ്ര്യമില്ലാതെ, ഭർത്താവിനെ അനാവശ്യമായി ശല്ല്യം ചെയ്യാതെ സന്തുഷ്ട കുടുംബം പുലർത്താൻ എല്ലാവർക്കും സാധിക്കും.

**വീട്ടിലൊറ്റക്കാവുന്ന 'ഗൾഫ് ഭാര്യമാർ' ഭർത്താവിന്റെ അഭാവത്തിൽ ജീവിതം സുക്ഷ്മതയിലും കാര്യബോധത്തിലുമായി നയിക്കേണ്ടതാണ്. തന്റെ പ്രിയതമനെ വഞ്ചിക്കാനും ചതിക്കാനും എല്ലാം ഒത്തിണങ്ങിയ ഈ സമയങ്ങൾ ഒരിക്കലും ദുരുപയോഗപ്പെടുത്താൻ പാടില്ല. ഭർത്താവ് വിയർപ്പൊഴുക്കി അദ്ധ്വാനിച്ചു വീട്ടിലേക്കയക്കുന്ന സമ്പത്ത് കാര്യക്ഷമതയോടെ വിനിയോഗിക്കേണ്ടത് ഭാര്യയുടെ ബാധ്യതയാണ്. മക്കൾക്കോ വീട്ടാവശ്യങ്ങൾക്കോ വേണ്ടിയായാലും അമിതവ്യയം ഗൗനിക്കേണ്ടതുണ്ട്**



ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനിയുടെ
**കുറിപ്പുകൾ–പന്ത്രണ്ട്**

# ദുഃസ്വഭാവിയായ അടിമ സൽസ്വഭാവിയായ യജമാനൻ

**അ**ബ്ദുല്ലാഹിബ്നു ത്വാഹിർ പറയുന്നു: "മഅ്മൂൻ റശീദിന്റെയടുക്കൽ ഇരിക്കുകയായിരുന്നു ഞാൻ. അപ്പോൾ മഅ്മൂൻ തന്റെ ഭൃത്യന്മാരെ "കുട്ടികളേ!" എന്നു വിളിച്ചു. പക്ഷേ, ആരും മറുപടി നൽകിയില്ല. അദ്ദേഹം രണ്ടാമതും വിളിച്ചപ്പോൾ ഒരു തുർക്കി ആൺകുട്ടി മുറുമുറുത്തുവന്നു ഉഗ്രഭാഷയിൽ പറയാൻ തുടങ്ങി: "ഞങ്ങൾ നിങ്ങളുടെ അടുക്കൽ നിന്നും പുറപ്പെട്ടാൽ നിങ്ങൾ 'കുട്ടികളെ, കുട്ടികളെ' എന്നു ഒച്ചവെക്കും. ഏതു വരെയാണ് ഞങ്ങൾ 'കുട്ടികളെ, കുട്ടികളെ' എന്ന നിങ്ങളുടെ വിളികേട്ടു നിൽക്കുക?"

മഅ്മൂൻ തല താഴ്ത്തി നിന്നു. ആ ഭൃത്യന്റെ കഥകഴിഞ്ഞുവെന്നാണ് ഞാൻ കരുതിയത്. പക്ഷേ, ചെറിയ മൗനത്തിനു ശേഷം അദ്ദേഹം എന്നോടു പറഞ്ഞു: "അബ്ദുല്ലാ!, ആരെങ്കിലും തങ്ങളുടെ സ്വഭാവം നന്നാക്കാൻ ശ്രമിക്കുകയാണെങ്കിൽ അവന്റെ ഭൃത്യന്മാർ ദുഃസ്വഭാവികളായിരിക്കും. എന്നാൽ ആരുടെയെങ്കിലും സ്വഭാവം മോശമാണെങ്കിൽ അയാളുടെ ഭൃത്യൻമാർ നല്ലവരായിരിക്കും. പക്ഷേ, നമ്മൾ നമ്മുടെ ഭൃത്യന്മാരുടെ സ്വഭാവം മെച്ചപ്പെടുത്താൻ വേണ്ടി നമ്മുടെ സ്വഭാവം ദുഷിപ്പിക്കുന്നില്ല." (മുഹമ്മദ് ബ്നു മുഹമ്മദ്– അൽയവാഖീത്തുൽ അസ്വ്രിയ്യ. പേ: 142, ഈജിപ്ത് ഹി: 1349)



## മടുപ്പുവരാത്ത കാര്യങ്ങൾ

മഅ്മൂൻ റശീദ് ഹസനുബ്നു സുഹൈലിനോട് പറഞ്ഞു: "ഞാൻ ലോകത്തെ മുഴുവൻ രസങ്ങളും ശ്രദ്ധിച്ചു മനസ്സിലാക്കിയപ്പോൾ ഓരോ രസവും മനുഷ്യന് മടുപ്പ് വരുത്തുന്നതാണെന്ന് എനിക്കറിയാൻ കഴിഞ്ഞു. എന്നാൽ ഏഴു രസങ്ങൾ ഒരിക്കലും മടുക്കുന്നവയല്ല: ഗോതമ്പ് പത്തിരി, ആട്ടിറച്ചി, തണുത്ത വെള്ളം, മൃദുലമായ വസ്ത്രം, സുഗന്ധം, കട്ടിയുള്ള വിരിപ്പ്, സുന്ദരമായ എല്ലാ വസ്തുക്കളെയും നോക്കുക."

"വിശ്വാസികളുടെ നേതാവേ, ഒന്ന് വിട്ടുപോയി, ആളുകളോട് സംസാരിക്കുകയാണത്." ഹസനുബ്നു സുഹൈലിന്റെ ഈ അഭിപ്രായം മഅ്മൂൻ ശരിവെച്ചു.

(അതേ ഗ്രന്ഥം പേജ്: 144)

## സമർത്ഥമായ സംഭാഷണരീതി

കൂഫയിലെ ആളുകൾ മഅ്മൂന്റെ സന്നിധിയിൽവന്ന് തന്റെ ഗവർണറെ കുറിച്ച് പരാതിപ്പെടുകയും മാറ്റാൻ ആവശ്യപ്പെടുകയും ചെയ്തു. മഅ്മൂൻ പറഞ്ഞു: "എന്റെ ഗവർണർമാരിൽവച്ച് അദ്ദേഹത്തെ പോലെ നീതിമാനും വിശ്വസ്തനും വേറെയില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്."

ഒരാൾ പ്രതികരിച്ചു: "വിശ്വാസികളുടെ നേതാവേ, ഞങ്ങളുടെ ഗവർണർ യഥാർത്ഥത്തിൽ ഇങ്ങനെയാണെങ്കിൽ താങ്കൾ പ്രജകളോട് നീതികാണിക്കണം. അൽപകാലത്തേക്ക് അദ്ദേഹത്തെ കൊണ്ട് എല്ലാ പട്ടണത്തിനും പ്രയോജനമുണ്ടാകണം. ഇങ്ങനെ ചെയ്താലും കൂഫയുടെ ഓഹരിയിൽ മൂന്നിലധികം വർഷം അദ്ദേഹത്തിന് ലഭിക്കുകയില്ല.

മഅ്മൂൻ ഇതു കേട്ടു ചിരിച്ചു. ഗവർണറെ മാറ്റി നിയമിച്ചു.

വഴിയിൽ വച്ച് മഅ്മൂൻ വേറൊരാളെ കണ്ടുമുട്ടി. അയാൾ പറഞ്ഞു: "ഞാൻ ഒരു അറബിയാണ്."

മഅ്മൂൻ: "അത്ഭുതമുള്ള കാര്യമൊന്നുമല്ലല്ലോ അത്?"

അറബി: "ഞാൻ ഹജ്ജിനു പോകാനാഗ്രഹിക്കുന്നു."

മഅ്മൂൻ: "വഴിയിതാ മുമ്പിൽ; പോവുക."

അറബി: "എന്റെ പക്കൽ പണമില്ല."

മഅ്മൂൻ: "എന്നാൽ നിനക്ക് ഹജ്ജ് നിർബന്ധവുമില്ല."

അറബി: "ഞാൻ ഫത്വ ചോദിക്കാനല്ല ധർമ്മം ചോദിക്കാനാണ് വന്നത്." ഇതു കേട്ട മഅ്മൂൻ ചിരിതൂകി. അദ്ദേഹത്തിനു സമ്മാനങ്ങൾ നൽകി. (അതേ പുസ്തകം: പേജ്: 161, 162)

## പലായനവഴികൾ

പ്രവാചകൻ മക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്തപ്പോൾ പോയ വഴികൾ: ഖറാർ, മർറ താഴ്വര, ലഖഫ്, മുദ്‌ലജ മിജാജ്, മർജഹ് മിജാജ്, ബഥൻ മർജഹ് ബഥൻ ദാതു കശ്ദ്, അൽഹദായിദ്, അൽദാഖിർ, ബഥൻ റയ്ഗ് (ഇവിടെ വച്ചാണ് നബി(സ) മഗ്‌രിബ് നിസ്കരിച്ചത്.) ഭൂസലം, മുദ്‌ലജ; ഗസ്സാനിയ, ബഥനുൽ കാഹ, അൽ അറജ്, അൽജദ്‌വാത്ത്, അൽഗാബിർ, റകൂബ, ബഥനുൽ അഖീബ്, ജസ്ജാസ, ലജബ്ബീ, അൽഉസ്ബ (ഇത് ഖുബാഇനടുത്തുള്ള കരിങ്കല്ലുകളുള്ള പ്രദേശത്തിന്റെ പേരായിരുന്നു.) (ത്വബഖാത്ത്, ഇബ്നു സഅ്ദ്, 211 ഇസ്‌ലാമിക് കൾച്ചറൽ പബ്ലിഷിംഗ് ബ്യൂറോ, കൈറോ. ഹിജ്റ: 1358)

## രാജസദസ്സിലെ 'ആട്ടിൻപറ്റം'

സ്വേഛാധിപത്യവും ആക്രമണവും കൊണ്ട് കുപ്രസിദ്ധ ഇന്ത്യൻ രാജാവായിരുന്നു മുഹമ്മദ് തുഗ്ലക്ക് (മരണം ഹി: 752). അദ്ദേഹം സൂഫീനേതാവായ ശൈഖ് ഖുതുബുദ്ദീൻ മുനവ്വറിന്റെ താമസസ്ഥലത്തുകൂടി കടന്നുപോയി. ശൈഖ് തന്റെ സ്ഥലത്ത് ഇരിക്കുകയായിരുന്നു. രാജാവിനെ സ്വീകരിക്കാൻ അദ്ദേഹം ഒരുമ്പെട്ടില്ല. സുൽത്താന് ഇത് വെറുപ്പുളവാക്കി. ഇത് ചോദ്യം ചെയ്യാൻ തന്റെ ദർബാറിലേക്ക് ശൈഖിനെ വിളിപ്പിച്ചു.

രാജ്യത്തെ വലിയ വലിയ മന്ത്രിമാർ, നേതാക്കൾ, സൈനിക ഓഫീസർമാർ എന്നിവർ രാജാവിന്റെ മുമ്പിൽ ആയുധം ധരിച്ച് കപടവേഷത്തിൽ നിൽക്കുന്ന രംഗമാണ് ദർബാറിൽ പ്രവേശിച്ചപ്പോൾ ശൈഖ് കണ്ടത്. കരളലിയുന്ന പ്രൗഢിയായിരുന്നു ദർബാറിന് ശൈഖിന്റെ കൂടെ തന്റെ സീമന്തപുത്രൻ നൂറുദ്ദീനുമുണ്ടായിരുന്നു. നൂറുദ്ദീൻ മുമ്പ് രാജദർബാർ കണ്ടിട്ടുണ്ടായിരുന്നില്ല. ഗാംഭീര്യം സ്ഫുരിക്കുന്ന സദസ് കണ്ടിട്ട് മകന് പേടിയായി. പുത്രന് ഭയം തോന്നിയിട്ടുണ്ടെന്ന് ബോധ്യമായ ശൈഖ് ഉറക്കെ വിളിച്ചുപറഞ്ഞു:

"മഹത്വം മുഴുവൻ അല്ലാഹുവിനാണ്." ഹസ്റത്ത് നൂറുദ്ദീൻ പറയുന്നു: "എന്റെ പിതാവിന്റെ ശബ്ദം എന്റെ ചെവിയിൽ അലച്ചപ്പോൾ എന്റെ ഹൃദയത്തിൽ വിചിത്രവും അത്ഭുതാവഹവുമായ ഒരു ശക്തി അനുഭവപ്പെട്ടു. സദസ്യരെല്ലാം വെറും ആട്ടിൻകൂട്ടമായാണ് എനിക്ക് തോന്നിയത്." (അൽ അർകാനുൽ അർബഅ, അബുൽഹസൻ അലി നദ്‌വി, പേജ്: 37)


## കോളേജുകളിലും ഹാപ്പിലൈഫ്

പഠനം, ജോലി, സമ്പാദ്യം....

പലതും നേടിയിട്ടും സന്തോഷം ലഭിക്കാതെ കഷ്ടപ്പെടുന്ന നവസമൂഹം! ദുൻയാവിലും ആഖിറത്തിലും സുഖ സന്തോഷം മാത്രം നൽകുന്ന ജീവിതപദ്ധതി കൈയ്യിലുള്ള മുസ്‌ലിം സമുദായത്തിനും സന്തോഷം കിട്ടാക്കനി!!

ദഅ്‌വ, ശരീഅത്ത്, അഫ്‌സലുൽ ഉലമ-അറബിക് കോളേജുകളിൽ ഹാപ്പി ലൈഫ് ട്രൈനിങ് പ്രോഗ്രാം സംഘടിപ്പിക്കാൻ താൽപര്യമുള്ള മാനേജ്മെന്റ്/പി.ടി.എ/സ്റ്റുഡന്റ്സ് യൂണിയൻ ബന്ധപ്പെടുക.

**9400432138, 8129139659**

# നമ്മുടെ ജീവൻ നമ്മുടേതല്ല

തിരുമൊഴി

▶▶ജലീൽ ഫൈസി പുല്ലങ്കോട്

ജുൻദുബുബ്നു അബ്ദില്ലാ(റ) യിൽ നിന്ന്: തിരുനബി(സ) പറഞ്ഞു: "നിങ്ങൾക്ക് മുമ്പുള്ള സമൂഹത്തിൽ ഒരു മനുഷ്യനുണ്ടായിരുന്നു. അദ്ദേഹത്തിന്(കൈക്ക്) മുറിവ് പറ്റി. അദ്ദേഹം (വേദന കൊണ്ട്) അസ്വസ്ഥനായി. അയാൾ കത്തിയെടുത്ത് കൈ മുറിച്ചു. രക്തം നിൽക്കാതെ ഒഴുകി. അതുകാരണം അയാൾ മരണമടഞ്ഞു. അപ്പോൾ അല്ലാഹു പറഞ്ഞു: എന്റെ അടിമ സ്വന്തം ശരീരം വഴി എന്നെക്കാൾ മുൻകടന്നു. അതിനാൽ അവന്ന് ഞാൻ സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. (ബുഖാരി)

അസഹ്യമായ വേദനയിൽ പൊറുതികെട്ട് ആത്മഹത്യ ചെയ്ത ഒരാളെ കുറിച്ചാണ് ഹദീസ്. ആത്മഹത്യ മഹാപാതകമാണ്. സ്വർഗനിഷേധത്തിന് അതു കാരണമാകുന്നു. മനുഷ്യന്റെ ജീവൻ, സമ്പത്ത്, അഭിമാനം ഇവയെല്ലാം പവിത്രമാണ്. അവ ഹനിച്ചുകളയൽ വൻപാപങ്ങളിൽ ഒന്നാണ്. ഇസ്‌ലാമിക ദൃഷ്ട്യാ വധശിക്ഷയ്ക്ക് അർഹനായ വ്യക്തിയെ മാത്രമേ കൊലപ്പെടുത്താവൂ എന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. സ്വന്തം ആത്മാവിനെ ഹനിച്ചുകളയുന്നതും കൊലപാതകം തന്നെ. "നിങ്ങൾ സ്വന്തം ശരീരത്തെ കൊന്നുകളയരുത്" എന്നാണ് ഖുർആൻ പറയുന്നത്.

ജീവൻ അല്ലാഹു നൽകുന്ന അപാരമായ അനുഗ്രഹമാണ്.



യാഥാർത്ഥ്യം എന്താണെന്ന് അനാവരണംചെയ്യപ്പെട്ടിട്ടില്ലാത്ത അതിസൂക്ഷ്മമായ ഒരു സമസ്യയാണത്. സ്രഷ്ടാവായ അല്ലാഹുവിന്ന് മാത്രമേ അത് നൽകാൻ കഴിയുള്ളൂ. ജീവനെ സൃഷ്ടിച്ചുനൽകുന്നതിലും ഒരു ശരീരത്തിൽ അതിനെ പിടിച്ചുനിർത്തുന്നതിലും മനുഷ്യകഴിവ് ആധുനികയുഗത്തിലും തികഞ്ഞ പരാജയത്തിൽ തന്നെ. ലോകം മുഴുവനും പ്രതിഫലമായി നൽകിയാലും ഒരു ജീവന്റെ വിലയാകുകയില്ല. അത്രമാത്രം അമൂല്യമായ വസ്തുവാണ് ജീവൻ. അതിനെ അപകടപ്പെടുത്തുന്ന ഒന്നും മനുഷ്യൻ ചെയ്തുകൂടാ. സ്വന്തം ജീവനെയാണെങ്കിൽ പോലും നശിപ്പിക്കാൻ മനുഷ്യന്ന് അവകാശമില്ല. അല്ലാഹു നൽകിയത് അവൻ ഉദ്ദേശിക്കുമ്പോൾ തിരിച്ചെടുക്കുന്നു. അതാണ് അല്ലാഹുവിന്റെ നിയോഗം. ഇതിനെതിരെ പ്രവർത്തിക്കുന്നത് കുറ്റകരവും അല്ലാഹുവിന്റെ കോപത്തിന് വിധേയമാക്കുന്ന കാര്യമാണ്. അതുകൊണ്ടാണ് തിരുവാക്യത്തിൽ പരാമർശിച്ച വ്യക്തിക്ക് അലാഹു സ്വർഗം നിഷേധിച്ചത്.

സാമ്പത്തിക പ്രതിസന്ധി, മാനഹാനി സംഭവിക്കൽ, കടക്കെണിയിൽ അകപ്പെടൽ, ഉദ്ദേശിച്ച മോഹങ്ങൾ സഫലമാകാതിരിക്കൽ, മാരകമായ രോഗം തുടങ്ങി വിവിധ കാരണങ്ങളാൽ ചിലർ ആത്മഹത്യ ചെയ്യാറുണ്ട്. അല്ലാഹുവിലും അവന്റെ നിർണയത്തിലും വിശ്വാസമില്ലാത്ത അൽപജ്ഞന്മാരാണ് അങ്ങനെ ചെയ്യുന്നത്. മനുഷ്യന്റെ ഐഹിക ജീവിതം സുഖദുഃഖങ്ങളുടെ നിമ്നോന്നതികൾ നിറഞ്ഞ പാതയിലൂടെയാണ് മുന്നോട്ടുനീങ്ങുന്നത് എന്ന തിരിച്ചറിവില്ലാത്തവരാണവർ. സുഖത്തിലും സന്തോഷത്തിലും മാത്രമായി അവർ ജീവിതത്തെ കാണുന്നു. സഹനവും സംയമനവും അവർ അന്യമായി കരുതുന്നു. അതിനാൽ, പ്രയാസങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്യാൻ കഴിയാതെ അവർ ജീവിതത്തിൽ നിന്ന് ഒളിച്ചോട്ടം നടത്തുന്നു. അവസാനം അമൂല്യമായ സ്വന്തം ജീവനെ അപകടപ്പെടുത്തുന്നതിൽ അവർ സായൂജ്യം കണ്ടെത്തുന്നു. ഈ നിലപാട് അല്ലാഹു പൊരുത്തപ്പെടുന്നതല്ല എന്നാണ് തിരുവാക്യം ഉണർത്തുന്നത്.

എന്തെങ്കിലും പ്രതിസന്ധിയിൽ അകപ്പെട്ട കാരണത്താൽ 'മരിച്ചുപോയിരുന്നെങ്കിൽ നന്നായിരുന്നു' വെന്ന് ആഗ്രഹിക്കുന്നത് പോലും അരുതെന്നാണ് നബി തിരുമേനി(സ) പഠിപ്പിക്കുന്നത്. "നിങ്ങളിലൊരാളും തനിക്ക് വന്നുപെട്ട വിപത്തിന്റെ പേരിൽ മരിക്കാൻ ആഗ്രഹിക്കരുത്. കൂടാതെകഴിയില്ലെങ്കിൽ അവൻ ഇങ്ങനെ പ്രാർത്ഥിക്കട്ടെ: "അല്ലാഹുവെ! ജീവിതം എനിക്ക് ഗുണമാകുന്നേടത്തോളം കാലം എന്നെ നീ ജീവിപ്പിക്കേണമേ! മരണം ഗുണകരമാകുമ്പോൾ എന്നെ നീ മരിപ്പിക്കേണമേ!" (ബുഖാരി-മുസ്ലിം)

> ജീവൻ അല്ലാഹു നൽകുന്ന അപാരമായ അനുഗ്രഹമാണ്. യാഥാർത്ഥ്യം എന്താണെന്ന് അനാവരണംചെയ്യപ്പെട്ടിട്ടില്ലാത്ത അതിസൂക്ഷ്മമായ ഒരു സമസ്യയാണത്. സ്രഷ്ടാവായ അല്ലാഹുവിന്ന് മാത്രമേ അത് നൽകാൻ കഴിയുള്ളൂ. ജീവനെ സൃഷ്ടിച്ചുനൽകുന്നതിലും ഒരു ശരീരത്തിൽ അതിനെ പിടിച്ചുനിർത്തുന്നതിലും മനുഷ്യകഴിവ് ആധുനികയുഗത്തിലും തികഞ്ഞ പരാജയത്തിൽ തന്നെ. ലോകം മുഴുവനും പ്രതിഫലമായി നൽകിയാലും ഒരു ജീവന്റെ വിലയാകുകയില്ല

നബി(സ)യോടൊപ്പം ഒരിക്കൽ യുദ്ധത്തിന് പുറപ്പെട്ട മുസ്ലിം സൈനികരിൽ 'ഖുസ്മാൻ' എന്ന വ്യക്തിയുണ്ടായിരുന്നു. അയാൾ മുസ്ലിംകളിലെ ധനികനും തന്റെ കുടുംബത്തിലെ പ്രധാനിയുമാണ്. അയാളെ സംബന്ധിച്ച് നബിതിരുമേനി(സ) പറഞ്ഞു: "നരകാവകാശികളിൽ പെട്ട ഒരാളെ കാണണമെങ്കിൽ അയാളെ നോക്കുക." നബി(സ)യുടെ ഈ പരാമർശം ശ്രവിച്ച അക്തമുബ്നുൽജൗൻ' എന്ന സ്വഹാബി യുദ്ധസമയത്ത് ഖുസ്മാനിനെ നിരീക്ഷിച്ചുകൊണ്ടിരുന്നു. മുശ്രിക്കുകൾക്കെതിരെ അയാൾ ശക്തിയായി പോരാടുകയായിരുന്നു. പെട്ടെന്ന് ഒരു ശത്രുവിൽ നിന്ന് അയാൾക്ക് മുറിവേറ്റു. കഠിനമായ വേദന സഹിക്കാൻ അയാൾക്കു കഴിഞ്ഞില്ല. ക്ഷമകെട്ട അയാൾ തന്റെ വാളിന്റെ മുന നെഞ്ചിൽ കുത്തിയിറക്കി. രണ്ടു ചുമലുകൾക്കിടയിൽ വാളിന്റെ തല പുറത്തേക്ക് വന്നു. അയാൾ മരിച്ചുവീണു. സംഭവം നേരിൽകണ്ട അക്തം(റ) നബി(സ)യെ സമീപിച്ചു പറഞ്ഞു: "താങ്കൾ അല്ലാഹുവിന്റെ ദൂതരാണെന്ന് ഞാനിതാ സാക്ഷ്യപ്പെടുത്തുന്നു." നബി(സ) കാര്യമന്വേഷിച്ചു. അക്തം(റ) ഖുസ്മാൻ ചെയ്ത കാര്യം വിശദമായി നബി(സ)യുടെ മുമ്പിൽ അവതരിപ്പിച്ചു. ഈ സംഭവം ഇമാം ബുഖാരി(റ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആത്മഹത്യ നിഷിദ്ധമാണ്. സ്വബോധത്തോടെ ആ കൃത്യം ചെയ്ത് ജീവനൊടുക്കുന്ന വ്യക്തിക്ക് സ്വർഗപ്രവേശം ലഭിക്കുകയില്ലെന്ന് ഈ സംഭവവും തെളിയിക്കുന്നു. ഖുസ്മാൻ സ്വയം ജീവഹാനി വരുത്തുന്ന ആളാണെന്ന് നബി(സ) മുഅ്ജിസത്ത് മുഖേന മുൻകൂട്ടി അറിഞ്ഞിരുന്നുവെന്ന് നമുക്ക് ഇതിൽനിന്ന് മനസ്സിലാക്കാം.

## കണ്ണൂർ ജില്ലാ സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ

# മാണിയൂർ അബ്ദുറഹിമാൻ ഫൈസി പ്രസിഡന്റ്, അബ്ദുസ്സമദ് മുട്ടം ജനറൽ സെക്രട്ടറി

**കണ്ണൂർ:** സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ കണ്ണൂർ ജില്ലാ പ്രസിഡന്റായി മാണിയൂർ അബ്ദുറഹിമാൻ ഫൈസിയെയും ജനറൽ സെക്രട്ടറിയായി അബ്ദുസ്സമദ് മുട്ടത്തെയും ട്രഷററായി കുഞ്ഞാലി ബാഖവിയെയും തെരഞ്ഞെടുത്തു.

മറ്റു ഭാരവാഹികൾ: സി.കെ.മുഹമ്മദ് മുസ്‌ലിയാർ തളിപ്പറമ്പ്, സകരിയ്യ ബാഖവി ഇരിട്ടി(വൈ.പ്രസിഡന്റുമാർ), കെ.സി.അബ്ദുശുക്കൂർ ഫൈസി തളിപ്പറമ്പ് ഈസ്റ്റ്, അബ്ദുല്ലത്തീഫ് ഇടവച്ചാൽ(സെക്രട്ടറിമാർ).
കണ്ണൂർ ഇസ്‌ലാമിക് സെന്ററിൽ നടന്ന കൗൺസിൽ മീറ്റ് സമസ്ത കേന്ദ്ര മുശാവറ അംഗം പി.പി. ഉമർ മുസ്‌ലിയാർ


പ്രസിഡന്റ്


ജനറൽ സെക്രട്ടറി

ഉദ്ഘാടനം ചെയ്തു. ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ സെക്രട്ടറി എം. അബ്ദുറഹിമാൻ മുസ്‌ലിയാർ കൊടക് അധ്യക്ഷതവഹിച്ചു. സയ്യിദ് അസ്‌ലം തങ്ങൾ അൽമശ്ഹൂർ പ്രാർത്ഥനക്ക് നേതൃത്വം നൽകി. കെ.സി.അബ്ദുൽ ശുക്കൂർ ഫൈസി ബജറ്റ് അവതരിപ്പിച്ചു.

## അധ്യാപക – മാനേജ്മെന്റ് കൺവൻഷൻ

**തലപ്പുഴ:** തലപ്പുഴ റെയ്ഞ്ച് അധ്യാപക-മാനേജ്മെന്റ് കൺവൻഷൻ മുഫത്തിശ് അലി ഫൈസിയുടെ അധ്യക്ഷതയിൽ ചേർന്നു. സമസ്ത മാനേജർ പിണങ്ങോട് അബൂബക്കർ ക്ലാസെടുത്തു. റെയ്ഞ്ച് പ്രസിഡന്റ് ടി.സി. അലി മുസ്‌ലിയാർ, ചെയർമാൻ സി.ഉമർ ദാരിമി പ്രസംഗിച്ചു.

സെക്രട്ടറി കെ.സി. അബ്ദുല്ല സ്വാഗതവും നന്ദിയും പറഞ്ഞു. റെയ്ഞ്ച് മാനേജ്മെന്റ് അസോസിയേഷൻ ഭാരവാഹികളായി വി.സി അഹമ്മദ് ഹാജി വാളാട് (പ്രസിഡന്റ്), പി.മൊയ്തുട്ടി കുഴിനിലം, കെ.അബൂബക്കർ പേര്യ36 (വൈ.പ്രസിഡന്റ്), എം.അബ്ദുറഹിമാൻ തലപ്പുഴ(ജനറൽ സെക്രട്ടറി), സി.വി. കുഞ്ഞു മുഹമ്മദ് ചുങ്കം, ഇ.സി.ഇബ്രാഹീം മുള്ളൽ (സെക്രട്ടറി), പാറക്ക മൊയ്തു ഹാജി (ട്രഷറർ).

## സ്മരണ

### സ്വഫർ

**പുത്തൻപള്ളി കുഞ്ഞഹ്മദ് മുസ്‌ലിയാർ(ന.മ)**

**കാപ്പാട് കുഞ്ഞി മുഹമ്മദ് മുസ്‌ലിയാർ(ന.മ)**
*ഹി. 1378 സ്വഫർ 13*

**സൈനുൽ ഉലമാ അണ്ടോന അബ്ദുല്ല മുസ്‌ലിയാർ(ന.മ)**
*ഹി: 1415 സ്വഫർ 2*

**ചീക്കിലോട്ട് കുഞ്ഞമ്മദ് മുസ്‌ലിയാർ(ന.മ)**

**കെ.പി. ഫരീദ് മുസ്‌ലിയാർ പൊന്മള(ന.മ)**

**കെ.ടി മാനു മുസ്‌ലിയാർ(ന.മ)**
*ഹി. 1430 സ്വഫർ 5*

**സി.എം. അബ്ദുല്ല മുസ്‌ലിയാർ ചെമ്പരിക്ക (ന.മ)**
*ഹി. 1431 സ്വഫർ 30*

## ധർമ്മച്യുതിക്കെതിരെ സജ്ജരാവുക: പിണങ്ങോട്

**കാവനൂർ:** ആധുനിക ജനത സകലവിധ അധർമ്മങ്ങളുടെയും വാഹകരായി മാറുമ്പോൾ സനാതന മൂല്യങ്ങളുടെ സംരക്ഷണത്തിന് മൂല്യബോധമുള്ളവർ കർമ്മനിരതരാവണമെന്ന് സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡ് മാനേജർ പിണങ്ങോട് അബൂബകർ പറഞ്ഞു.

കാവനൂർ റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ സംഘടിപ്പിച്ച മുഅല്ലിം-മാനേജ്മെന്റ് സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തിന്മകളുടെ ഈ ഒഴുക്കിനെതിരെ മുഅല്ലിം സമൂഹം ജാഗ്രതയോടെ പ്രതികരിക്കണമെന്നും അതിന്നുവേണ്ട മുഴുവൻ സൗകര്യങ്ങളും മാനേജ്മെന്റിന്റെ ഭാഗത്ത് നിന്നുണ്ടാവണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.
കെ.എ.റഹ്മാൻ ഫൈസി അധ്യക്ഷത വഹിച്ചു. ടി.കെ.മുഹമ്മദ് മുസ്‌ലിയാർ, ഉമർ ദർസി തച്ചണ്ണ, കെ.ടി.മുഹമ്മദലി മാസ്റ്റർ, സി.മുഹമ്മദ് മൗലവി, എം.പി.സൈതലവി മാസ്റ്റർ പ്രസംഗിച്ചു.



*കാവനൂർ റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ സംഘടിപ്പിച്ച മുഅല്ലിം-മാനേജ്മെന്റ് സംഗമത്തിൽ പിണങ്ങോട് അബൂബക്ർ മുഖ്യപ്രഭാഷണം നടത്തുന്നു*

## 'ധർമ്മ നിർവ്വഹണത്തിന് കർമ്മരംഗത്തിറങ്ങുക'

# എസ്.വൈ.എസ് പാലക്കാട് ജില്ലാ പ്രതിനിധി സമ്മേളനം നടത്തി




*എസ്.വൈ.എസ് പാലക്കാട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പ്രതിനിധി സമ്മേളനം പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു*

**പാലക്കാട്:** 'ധർമ്മ നിർവ്വഹണത്തിന് കർമ്മരംഗത്തിറങ്ങുക' എന്ന പ്രമേയവുമായി സുന്നി യുവജനസംഘം സംസ്ഥാന വ്യാപകമായി ആചരിക്കുന്ന മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഭാഗമായി പാലക്കാട് ജില്ലാ കമ്മിറ്റി ചെർപ്പുളശ്ശേരിയിൽ പ്രതിനിധി സമ്മേളനം സംഘടിപ്പിച്ചു. ജില്ലാ പ്രസിഡന്റ് സയ്യിദ് പി.കെ ഇമ്പിച്ചിക്കോയ തങ്ങൾ പതാക ഉയർത്തി. പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. സമസ്ത മുശാവറ അംഗം സയ്യിദ് കെ.പി.സി തങ്ങൾ പ്രാർത്ഥന നടത്തി. സയ്യിദ് പി.കെ ഇമ്പിച്ചിക്കോയ തങ്ങൾ അധ്യക്ഷത വഹിച്ചു.

ജില്ലാ കമ്മിറ്റി പ്രസിദ്ധീകരിച്ച ചലനം-10 സ്പെഷ്യൽ പതിപ്പ് സംസ്ഥാന സെക്രട്ടറി പിണങ്ങോട് അബൂബക്കറിന് കോപ്പി നൽകി സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ പ്രകാശനം ചെയ്തു.

ജില്ലയിലെ മികച്ച സംഘാടകനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ വർക്കിംഗ് സെക്രട്ടറി ടി.കെ മുഹമ്മദ്കുട്ടി ഫൈസിക്ക് ബഹ്റൈൻ കേരള സുന്നി ജമാഅത്ത്, റിയാദ് പാലക്കാട് ജില്ലാ സുന്നി സെന്റർ കമ്മിറ്റികളുടെ സഹായത്തോടെ എസ്.വൈ.എസ് ജില്ലാ കമ്മിറ്റി ഏർപ്പെടുത്തിയ അവാർഡ് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ വിതരണം ചെയ്തു. 'ധർമ്മ നിർവ്വഹണത്തിന് കർമ്മരംഗത്തിറങ്ങുക', 'കർമ്മ പദ്ധതി' എന്നീ വിഷയങ്ങൾ സംസ്ഥാന സെക്രട്ടറി പിണങ്ങോട് അബൂബക്കർ ജില്ലാ സെക്രട്ടറി എം.ടി സൈനുൽ ആബിദീൻ മാസ്റ്റർ അവതരിപ്പിച്ചു. ജില്ലാ ജനറൽസെക്രട്ടറി ഇ.അലവി ഫൈസി സ്വാഗതവും സെക്രട്ടറി ഇ.വി കാജാ ദാരിമി നന്ദിയും പറഞ്ഞു.

ഉച്ചക്കു ശേഷം നടന്ന പ്രാസ്ഥാനിക മുഖാമുഖം എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന വൈസ്പ്രസിഡന്റ് ജി.എം സ്വലാഹുദ്ദീൻ ഫൈസി ഉദ്ഘാടനം ചെയ്തു. എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറി അബ്ദുസമദ് പൂക്കോട്ടൂർ, ജില്ലാ പ്രസിഡന്റ് എം.ടി മുസ്തഫ അശ്റഫി കക്കുപ്പടി നേതൃത്വം നൽകി. ജില്ലാ വർക്കിംഗ് സെക്രട്ടറി ടി.കെ മുഹമ്മദ്കുട്ടി ഫൈസി സ്വാഗതവും എം.വീരാൻ ഹാജി നന്ദിയും പറഞ്ഞു. എം.പി കുഞ്ഞുമുഹമ്മദ് മുസ്ലിയാർ, സി.മുഹമ്മദലി ഫൈസി, വി.എ.സി കുട്ടിഹാജി, പി.കെ മുഹമ്മദ്കുട്ടി മുസ്ലിയാർ, അബ്ദുൽഖാദർ ഫൈസി, കെ.സി അബൂബക്കർ ദാരിമി, ടി.ഇബ്രാഹിംകുട്ടി മാസ്റ്റർ, സയ്യിദ് അബ്ദുറഹ്മാൻ ജിഫ്രി തങ്ങൾ, പി.സി ഹംസമാസ്റ്റർ, സി.എച്ച് ബഷീർ ഫൈസി, ടി.പി.എ അബൂബക്കർ മുസ്ലിയാർ സംബന്ധിച്ചു. സയറക്ടർ കെ.പി.എ സമദ് മാസ്റ്റർ സമ്മേളനം നിയന്ത്രിച്ചു. ടി.എച്ച് സുലൈമാൻ ദാരിമി നന്ദിയും പറഞ്ഞു.

# 'പ്രബോധന വീഥിയിൽ കൂടുതൽ കരുത്തോടെ മുന്നേറുക'

**കണ്ണൂർ:** ധൂർത്തും ധർമ്മച്യുതിയും ആഭാസങ്ങളും വർധിച്ചുവരുന്ന വർത്തമാനകാലത്ത് കൂടുതൽ കരുത്തോടെ പ്രബോധന പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ മുഅല്ലിം സമൂഹം തയ്യാറാകണമെന്ന് എസ്.കെ.ജെ.എം.സംസ്ഥാന ട്രഷറർ കെ.ടി.അബ്ദുല്ല മൗലവി പ്രസ്താവിച്ചു. കണ്ണൂർ ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ എക്സിക്യൂട്ടീവ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുസ്തഫ ദാരിമി അടിവാരം അധ്യക്ഷത വഹിച്ചു. അബ്ദുൽ ശുക്കൂർ ഫൈസി റിപ്പോർട്ടും അബ്ദുല്ലത്തീഫ് ഇടവച്ചാൽ കണക്കും അവതരിപ്പിച്ചു. അബ്ദുസ്സലാം ഇരിക്കൂർ, സകരിയ്യാ ബാഖവി ഇരട്ടി, സി.കെ.മുഹമ്മദ് മുസ്ലിയാർ തളിപ്പറമ്പ്, അബ്ദുൽ റസാഖ് വാഫി, ശംസുദ്ദീൻ ഫൈസി മൊച്ചഞ്ചേരി, മൊയ്തു മക്കിയാട്, അബ്ദുൽ കരീം ഫൈസി അഞ്ചാരക്കണ്ടി പ്രസംഗിച്ചു. അബ്ദുസ്സമദ് മുട്ടം സ്വാഗതവും കുഞ്ഞാലി ബാഖവി നന്ദിയും പറഞ്ഞു.

# അനുശോചിച്ചു

**കുവൈത്ത് സിറ്റി:** ദാറുൽ ഹുദാ യൂനിവേഴ്സിറ്റി വിദ്യാർത്ഥികളായ കാസർകോട് പള്ളിക്കരത്തൊടി ടി. അഹമ്മദ് ഹാരിസിന്റെയും ബേക്കൽ സ്വദേശിയുമായ അബ്ദുറഹിമാന്റെയും നിര്യാണത്തിൽ കുവൈത്ത് ഇസ്ലാമിക് സെന്റർ സെന്റട്രൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. ഇസ്ലാമിക് സെന്റർ ചെയർമാൻ ശംസുദ്ധീൻ ഫൈസി പ്രാർത്ഥനക്ക് നേതൃത്വം നൽകി, സയ്യിദ് നാസർ മശ്ഹൂർ തങ്ങൾ, സിദ്ധീഖ് ഫൈസി, ഉസ്മാൻ ദാരിമി, മുസ്തഫ ദാരിമി, മൻസൂർ ഫൈസി, ഇൽയാസ് മൗലവി നേതൃത്വം കൊടുത്തു.

വിചാരപഥം

▸▸ **പിണങ്ങോട്**

# വൈദ്യം

**കേ**രളം നാനാവിധ രോഗങ്ങളുടെ തലസ്ഥാനമാണിപ്പോൾ. ജനസംഖ്യയിലെ 22 ശതമാനവും പ്രമേഹരോഗികളാണത്രെ. 65 ലക്ഷം പേരാണിവിടെ പഞ്ചസാര കൊണ്ട് പ്രയാസപ്പെടുന്നത്. രോഗാതുരത അധികരിച്ച പ്രദേശവുംകൂടിയാണ് കേരളം. വറുത്തതും കരിച്ചതും മൂരിച്ചതും അങ്ങനെ രോഗം പിടിച്ചു വലിച്ചുകൊണ്ടുവരുന്ന ആഹാരക്രമവും കൂടിയായപ്പോൾ നാനാവിധ രോഗങ്ങളാൽ നാട് നടുവൊടിഞ്ഞു.

ഈ അനുകൂലസാഹചര്യം മുതലാക്കി ആസ്പത്രി വ്യവസായം കുറച്ചുകൂടി മൂർഛകൂട്ടി രോഗികളെ സൈസാക്കാൻ റെഡിയായി. ഉള്ളിവില ഉയരുന്നപോലെയാണ് ഡോക്ടർമാരുടെ ഫീസ് ഉയരുന്നത്-നൂറു രൂപ, നൂറ്റമ്പത്, ഇരുന്നൂറ്, ഇരുന്നൂറ്റി അമ്പത്, മുന്നൂറ്, അഞ്ഞൂറ്, ആയിരം എന്നിങ്ങനെ.

കാലേക്കൂട്ടി ബുക്ക് ചെയ്യുന്നവരെയാണ് സ്പെഷ്യലൈസ് ചെയ്ത പല ഡോക്ടർമാരും പരിശോധിക്കുക. 50-100 രോഗികളെ നോക്കുമ്പോൾ കിട്ടുന്ന വരുമാനവും ഓപ്പറേഷൻ കമ്മീഷൻ, വിവിധ പരിശോധനകളിൽ നിന്ന് (ലാബ് കമ്മീഷൻ), മരുന്നു കമ്പനിക്കാർ നൽകുന്ന(?)ത് എല്ലാംകൂടിയായാലും പിന്നെയും പിന്നെയും ഫീസ്‌വർധനവ് തുടരുകയാണ്.

നിലവിലുള്ള എം.ബി.ബി.എസ്. പാഠ്യപദ്ധതി അടിയന്തിരമായി പരിഷ്കരിക്കണമെന്ന് മെഡിക്കൽ കമ്മീഷൻ സർക്കാറിന് ശിപാർശ ചെയ്തിട്ടുണ്ട്. പ്രൈമറി, സെക്കണ്ടറി തലങ്ങളിൽ പോലും രോഗനിർണയങ്ങൾ നടത്താനോ ഫലപ്രദമായ ചികിത്സകൾ നിർണയിക്കാനോ എം.ബി.ബി.എസ്. ബിരുദധാരിക്ക് യോഗ്യതയില്ലെന്നാണ് കമ്മീഷൻ വിലയിരുത്തലത്രെ!

ഏത് പനി വന്നാലും പാരസെറ്റാമോൾ 500 കുറിച്ചുകൊടുക്കുന്ന അധികാരി എന്നതിനപ്പുറത്തേക്ക് ഗുണം രോഗികൾക്ക് കിട്ടുന്നില്ലെന്നാണ് കമ്മീഷൻ കണ്ടെത്തിയതിൽനിന്ന് മനസ്സിലാവുക. ഇന്ത്യയിലിപ്പോൾ 1700 പേർക്ക് ഒരു ഡോക്ടർ എന്ന അനുപാതത്തിലാണ് ഉള്ളത്. 2030-ൽ അത് 1000 പേർക്ക് ഒരാൾ എന്ന തലത്തിലേക്ക് കൊണ്ടുവരണമെന്നും കമ്മീഷൻ നിർദേശിക്കുന്നുണ്ട്.

രോഗിയുടെ അവകാശങ്ങൾ പരസ്യമായി നിഷേധിക്കപ്പെടുന്നു. മരുന്നുകൾ പരീക്ഷിക്കപ്പെടുന്നവരായി മനുഷ്യർ മാറുന്നു. മഹാനഗരങ്ങളിലെ ഗല്ലികളിൽ വ്യാജമായി നിർമിക്കുന്ന മരുന്നുകൾപോലും വിപണിയിലെത്തുന്നു. കടുത്ത ആരോഗ്യപ്രശ്നങ്ങൾ വരുത്തിവെക്കുമെന്ന് കണ്ടെത്തി നിരോധിച്ച നിരവധി മരുന്നുകൾ കേരളത്തിൽ വ്യാപകമാണത്രെ! വൻവിലയാണിവിടെ മരുന്നുകൾക്ക് ഈടാക്കുന്നത്.

ആസ്പത്രി, മെഡിക്കൽ ഷാപ്പ് (ഇംഗ്ലീഷ് മരുന്നുകട), ജ്വല്ലറി, ബേക്കറി-ഇത് നാലും പെരുകുകയാണ്. വൻലാഭവും കിട്ടുന്നു. പലതും പരസ്യമായ തട്ടിപ്പറിക്കൽ സ്ഥാപനങ്ങൾ. സർക്കാറോ പൊതുജനങ്ങളോ ഒട്ടും ബോധവാന്മാരാവുന്നില്ല. 18 മുതൽ 20 വരെ കാരറ്റ് സ്വർണത്തിന് 22 കാരറ്റിന്റെ വില നൽകണം. ഓരോ പവനും 1000 മുതൽ 1500 വരെ പണിക്കൂലി ഈടാക്കുന്നു. വന്നുവന്ന് സ്വർണബിസിനസ് എല്ലാ ധർമ്മസദാചാര രേഖയും ലംഘിക്കുന്നു. ശരിയായ കാരറ്റ് നൽകുന്നവരും ഹലാലായ കച്ചവടം ചെയ്യുന്നവരും അപൂർവമായെങ്കിലും ഇല്ലാതില്ല. പഴകിയതും പുളിച്ചതും വിഷം ചേർത്തതും നിറം പിടിപ്പിച്ചതും എന്തും എത്ര വിലക്കും എവിടെയും വിൽക്കാമെന്ന വിധമാണ് ഭക്ഷ്യവിൽപനകേന്ദ്രങ്ങളുടെ അവസ്ഥ. ഹെൽത്ത് ഡിപ്പാർട്ട്മെന്റുകാർ സുഖകരമായ വിശ്രമത്തിൽ. പിടിച്ചെടുക്കുന്ന സാമ്പിളുകൾ ലാബിലെത്തില്ല. അഥവാ എത്തിയാൽതന്നെ അതൊക്കെ ക്ലിയർ ചെയ്യാൻമാത്രം ധനസ്ഥിതി ഉടമകൾക്കുണ്ട്.

ബാംഗ്ലൂരിലെ ലാബിൽനിന്ന് സിസ്റ്റർ അഭയയുടെ പരിശോധനാ റിപ്പോർട്ട് മാറിമറിഞ്ഞു മാറ്റിമറിച്ചു വന്ന കഥകൾ നോവൽ പോലെ വായിച്ചാസ്വദിച്ചവരാണല്ലോ മലയാളികൾ. നീതിബോധമില്ലാത്ത ദുരവസ്ഥ. അതൊരു വല്ലാത്ത അവസ്ഥയാണ്. ആരോട് പറയും, ആരിടപെടും?!

ഭരണം നിയന്ത്രിക്കുന്നതല്ല, ആരൊക്കെ ഭരിക്കണമെന്നു പോലും നിശ്ചയിക്കുന്നത് ധനലോബിയാണെന്ന് പറയപ്പെടുന്നു. ആതുരസേവനങ്ങൾ മഹത്തായ ധർമ്മമായി സ്വീകരിച്ചവരും സ്ഥാപനങ്ങളും സംഘടനകളും ധാരാളമുണ്ട്. ഈ ആശ്വാസം ചെറുതല്ല. സർക്കാർ ആശുപത്രികളിലാണെങ്കിൽ ഡോക്ടർ ഇല്ല, മരുന്നില്ല, മതിയായ ടെക്നീഷ്യൻമാരില്ല, ഉപകരണമില്ല. ഉള്ളത് ഇല്ലായ്മകൾ മാത്രം. തൊട്ടടുത്ത സെന്ററുകളിലെത്താൻ രോഗികൾ നിർബന്ധിതരാവുന്നു.

മനുഷ്യാവകാശ സംഘടനകൾ ധാരാളം. എന്നാൽ യഥാർഥ മനുഷ്യാവകാശ ലംഘനങ്ങൾ പലരും ശ്രദ്ധിക്കുന്നില്ല. രോഗം വിപണനോപകരണമായതു ദുഃഖത്തോടെ ഓർക്കണം. നല്ല ഇരകളാണിതെന്ന മനോഭാവം മാറണം. അല്ലെങ്കിൽ മാറ്റണം. പന്ന്യൻ രവീന്ദ്രൻ പണ്ടു പറഞ്ഞമാതിരി 'കോട്ടിട്ട സാറന്മാർക്ക്' കഴുത്ത് നീട്ടിക്കൊടുക്കുന്ന അറവ്മാടുകളെപ്പോലെ രോഗികളെ വിട്ടുകൊടുക്കുന്ന സമൂഹമനസ്സ് ബീഭത്സമാണ്.

പോക്കറ്റടിക്കാരന്റെ മനഃശാസ്ത്രം പരിഷ്കൃത സമൂഹത്തിനുണ്ടാവരുത്. സ്നേഹം, സമഭാവന, സേവനം തുടങ്ങിയ സദ്‌വിചാരങ്ങൾ വളർത്തണം. വിശുദ്ധ ഇസ്‌ലാമിന്റെ മാനുഷിക മുഖം കൂടുതൽ ചർച്ചചെയ്യപ്പെടണം. അവനവന്റെ ഗൃഹോപകരണങ്ങൾപോലും അയൽവാസികൾക്ക് നിഷേധിക്കുന്നത് 'ദീൻ കളവാക്കലാണെ'ന്ന് പഠിപ്പിച്ചുതന്ന വിശുദ്ധ ഖുർആൻ അധികവായനക്ക് അയസരമൊരുക്കണം.

ധനം മാത്രം ലക്ഷ്യമാക്കി സ്വലാത്തുകൾപോലും നടത്താൻ ചിലരെങ്കിലും ചിലയിടങ്ങളിലെങ്കിലും തയ്യാറുണ്ടെന്ന് നാമറിയുന്നു. തലങ്ങും വിലങ്ങും പിരിച്ചു സുഖാനന്ദത്തിൽ കഴിയുന്നവരും ഉണ്ടിവിടെ. പിരിക്കുക, ആഹരിക്കുക, ഉറങ്ങുക. ഈ മൂന്നു കാര്യങ്ങൾക്കായി ജീവിതം സമർപ്പിച്ചവരും കേരളത്തിലുണ്ട്. ദീൻ കച്ചവട ഉപകരണമാവുന്നത് ഖിയാമത്ത്നാളിന്റെ വരവിന്റെ മുന്നോടിയാണ്. ഇത് വിശ്വാസികൾക്കറിവുള്ള സംഗതിയാണ്. അബൂബക്കർ മുസ്‌ലിയാരുടെ ശീലങ്ങൾ സത്യവിശ്വാസികൾ വിമർശിക്കുന്നത് വ്യക്തിപരമല്ല ആദർശപരമാണെന്നു ചുരുക്കം. നേരും നെറിയും നിലനിൽക്കാനുള്ള പ്രവൃത്തികൾ നേര് ഇഷ്ടപ്പെടുന്നവരുടെ ഭാഗത്തുനിന്നുണ്ടാവണം. 'ഓ... സത്യവിശ്വാസികളെ! നിങ്ങൾ സത്യവാന്മാരുടെ കൂട്ടത്തിൽ പെടുക' എന്നാണ് ഖുർആൻ പഠിപ്പിച്ചത്. അധികാരം, ലാഭം, ധനം, ആർഭാഢം എന്നിവ അമിതമായി ആഗ്രഹിക്കുന്നവർ തീർക്കുന്ന അധാർമികതകൾ കാണാനുള്ള കണ്ണും എതിർക്കാനുള്ള ആർജ്ജവവും ചോർന്നുപോകരുത്. അല്ലാഹു അനുഗ്രഹിക്കട്ടെ (ആമീൻ).